30

# ഭാരതീയർ അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ

(ലേഖനസമാഹാരം : ഭാഗം – 1)


Dr. N. Gopalakrishnan, Ph. D., D.Litt.
(Scientist & Director IISH)



Indian Institute of Scientific Heritage
Thiruvananthapuram 695 018

Heritage Publication Series 97


Scanned with CamScanner

ഭാരതീയരറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ


**Dr. N. Gopalakrishnan**
M.Sc. (pharm), M.Sc. (Chem), M.A. (Soc), Ph.D. (Chem); D.Litt.
**Scientist & Director, IISH**



*Published by :*

**Indian Institute of Scientific Heritage (IISH)**
Registered Charitable Trust 328/99/IV
Ushus, Estate Road, Pappanamcode
Trivandrum - 695 018, Ph. 0471 - 2490149
www.iish.org

**Rs. 30/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph. 2490135


Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

**ഭാരതീയരിൽ അപകർഷതാബോധം സൃഷ്ടിക്കാനും, ഭാരതീയരെ വിഭജിച്ച് ഭരിച്ച് കൊള്ളയടിക്കാനും, ഭാരതീയ മൂല്യങ്ങളെ ഇടിച്ചു താഴ്ത്തി മതപരിവർത്തനം ചെയ്യാനും വേണ്ടി മെനഞ്ഞെടുത്ത കെട്ടുകഥയാണ്**

# ആര്യനധിനിവേശ (ആര്യനാക്രമണ) സിദ്ധാന്തം

## ഇതു നാം പഠിക്കണോ ? പഠിപ്പിക്കണോ ?

വിദ്യാർത്ഥികളേ! അദ്ധ്യാപകരേ! മാതാപിതാക്കളേ! നിങ്ങളും നിങ്ങളുടെ കുട്ടികളും പഠിക്കുന്ന ചരിത്രപുസ്തകത്തിലെ ആര്യനധിനിവേശ സിദ്ധാന്തം ശുദ്ധ അസംബന്ധമാണ്. അവയെ തിരുത്തുക. നമ്മുടെ വിദ്യാഭ്യാസ വകുപ്പിലും വിചക്ഷണരിലും മാറ്റം വരുത്താൻ നമുക്ക് സാധ്യമല്ല എങ്കിലും നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ മാതൃഭൂമിയുടെ ചരിത്രം സത്യസന്ധമായി നിങ്ങളിൽനിന്ന് പഠിക്കട്ടെ ......

ഭാരതീയനന്മകളെക്കുറിച്ച് ധർമ്മബോധമുള്ള വിദേശികൾ പറഞ്ഞതെന്തായിരുന്നു എന്ന് പരിശോധിക്കാം. - ജർമ്മൻ പണ്ഡിതൻ ദോഹം പറയുന്നു : “ഇന്ത്യ മാനവരാശിയുടെ കളിത്തൊട്ടിലാകുന്നു. മാനവസംസ്കാരത്തിന്റെ ജന്മഭൂമിയാകുന്നു........ ഹിന്ദുക്കൾ ഏറ്റവും സൗമ്യസ്വഭാവമുള്ള ജനങ്ങളാണ്..........” മഹാനായ വോൾട്ടയർ ഇങ്ങിനെ എഴുതി: “ധൈര്യത്തിലും ക്രൂരതയിലും നാം ഇന്ത്യക്കാരെ എത്രയധികം പുറകോട്ടാക്കിയിരിക്കുന്നു. അതുപോലെതന്നെ വിവേകത്തിൽ നാം ഇന്ത്യാക്കാരേക്കാൾ എത്രയോ താണ തലത്തിലാണ് സ്ഥിതിചെയ്യുന്നത്. നമ്മുടെ യൂറോപ്യൻ രാഷ്ട്രങ്ങൾ പരസ്പരം പോരടിച്ച് നാശമടയുന്നു. നമ്മൾ പണത്തെമാത്രം തേടി നടക്കുന്നവരാണ്. എന്നാൽ ഗ്രീക്കിലെ പുരാതന ജനങ്ങൾ ഇന്ത്യയിലേക്ക് യാത്ര ചെയ്തത് വിജ്ഞാനമാർജ്ജിക്കുവാൻ മാത്രമായിരുന്നു....” എനിക്ക് പരിപൂർണ്ണ വിശ്വാസമുണ്ട് നമുക്ക് കിട്ടിയിട്ടുള്ളതെല്ലാം ഗംഗാനദിയുടെ തീരങ്ങളിൽ നിന്നാണ്. ജ്യോതിശാസ്ത്രം, ജ്യോതിഷം, പുനർജന്മ സിദ്ധാന്തം എന്നിവയെല്ലാം. വില്യം മാസിണ്ടോഷ് എഴുതുന്നു: “എല്ലാ ചരിത്രഗ്ര



Scanned with CamScanner

സ്ഥാനങ്ങളും ഇന്ത്യയെ ശാസ്ത്രങ്ങളുടേയും കലകളുടേയും മാതാവായി പ്രസ്താവിക്കുന്നു. ഈ രാജ്യം പുരാതനകാലത്ത് വിജ്ഞാനത്തിനും വിവേകത്തിനും വളരെ പ്രസിദ്ധിയാർജ്ജിച്ചതായിരുന്നു. അതിനാൽ ഗ്രീസിൽ നിന്നും തത്വശാസ്ത്രജ്ഞന്മാർ ഇന്ത്യയിലേക്ക് യാത്ര ചെയ്യുവാൻ മടികാണിച്ചിരുന്നില്ല. ഇന്ത്യയിൽ വന്ന് അവർ അവരുടെ ജ്ഞാന വിജ്ഞാനങ്ങളെ സമ്പുഷ്ടമാക്കി. ഫ്രഞ്ച് പണ്ഡിതൻ പീയറി സോനിറാറ്റ് പറയുന്നു : ഇന്ത്യാക്കാരിൽ നമ്മൾ അത്യന്തമായ പ്രാചീനതയുടെ കാൽപാടുകൾ കണ്ടെത്തുന്നു. എല്ലാ രാജ്യങ്ങളിൽ നിന്നും ജനങ്ങൾ ഇന്ത്യയിൽ ചെന്നിട്ടാണ് ജ്ഞാനവിജ്ഞാനങ്ങളുടെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കിയിരുന്നത്.... ഇന്ത്യ ഐശ്വര്യപൂർണമായിരുന്ന കാലത്ത് ഇന്ത്യ മതങ്ങളേയും, നിയമങ്ങളേയും മറ്റു രാജ്യങ്ങൾക്ക് സംഭാവന ചെയ്തു. ഈജിപ്തും ഗ്രീസും അവയുടെ ഇതിഹാസകഥകളും ജ്ഞാനവിജ്ഞാനങ്ങളും ഇന്ത്യയിൽ നിന്ന് പകർന്നു കൊണ്ടു വന്നവയാണ്. 1901ൽ ഒരു ബ്രിട്ടീഷ് ചരിത്രകാരൻ എഴുതി: "ഏകദേശം ഒന്നര നൂറ്റാണ്ടു മുമ്പ് ബംഗാൾ, ബ്രിട്ടനേക്കാൾ എത്രയോ സമ്പത്സമൃദ്ധമായിരുന്നു." മറ്റൊരു ബ്രിട്ടീഷ് ചരിത്രകാരനെഴുതി "1757ലെ പ്ലാസിയുദ്ധത്തിനുശേഷം ബംഗാളിൽ നിന്ന് കൊള്ളയടിച്ച സമ്പത്ത് ബ്രിട്ടനിൽ എത്തിച്ചേർന്നുതുടങ്ങി. അവിടെ നിന്നുള്ള സമ്പത്ത് ഇല്ലായിരുന്നുവെങ്കിൽ ബ്രിട്ടനിൽ വ്യവസായ വിപ്ലവം ആരംഭിക്കുകയോ പുരോഗമിക്കുകയോ ചെയ്യുമായിരുന്നില്ല." മറ്റൊരു ബ്രിട്ടീഷ് ചരിത്രകാരൻ "ലോകത്തിന്റെ ഉത്ഭവം മുതൽക്കുള്ള ചരിത്രം തെളിയിക്കുന്നു, ഒരു മൂലധന നിക്ഷേപവും, ഇന്ത്യയെ കൊള്ളയടിച്ചു നേടിയിട്ടുള്ള വരുമാനത്തോളം ലാഭകരമായി ഇതുവരെ കണ്ടിട്ടില്ല."

എഴുവർഷം ഭാരതത്തിൽ താമസിച്ച് ഭാരതത്തെ അഗാധമായി പഠിച്ച് സ്നേഹിച്ച ആൻക്യൂറ്റിൽ ഡ്യൂപ്പറോൺ 1778ൽ എഴുതി : "ഹേ സമാധാന തൽപരരായ ഇന്ത്യാക്കാരേ..... നിങ്ങളുടെ സമ്പത്സമൃദ്ധിയെക്കുറിച്ചുള്ള അറിവുകൾ നേടിയ രാജ്യങ്ങളിൽ നിന്ന്, ഉടനെതന്നെ പുതിയ വിദേശികൾ നിങ്ങളുടെ കടൽത്തീരങ്ങളിലെത്തുന്നതായിരിക്കും. അവർ ഏതിന്മേലെല്ലാം കൈവച്ചുവോ അവയെല്ലാം അവരുടേ



Scanned with CamScanner

താക്കി..... ആ പരദേശികളുടെ ഹൃദയത്തെ ഒന്നുംതന്നെ സ്പർശിക്കി ല്ല. പെറുവിലേയും മെക്സിക്കോവിലേയും ജനങ്ങളോട് അവർ പറഞ്ഞു. നിങ്ങളുടെ സ്വർണ്ണം, ഇന്ത്യക്കാരോട് ഈ പരദേശികൾ പറയും, നിങ്ങളുടെ നികുതി, അതാണ് ഞങ്ങൾ ആവശ്യപ്പെടുന്നത് എന്ന്...... ഈ ലോകമായ ന്യായപീഠത്തിനുമുമ്പാകെ, പരദേശികളുടെ ഹീനമായ ലോഭം കൊണ്ട് കരുവാളിച്ചുപോയ ഒരു ജനതയായ നിങ്ങളുടെ (ഭാരതീയരുടെ) മുറിവേറ്റ അവകാശങ്ങളെ എടുത്തുകാണിച്ച് വാദിക്കാൻ ഞാൻ ധൈര്യപ്പെടുന്നു". ഫ്രഞ്ച് ദാർശിനികൻ വോൾട്ടയർ : പാശ്ചാത്യനിഷ്ഠൂരന്മാർക്ക്, ഇന്ത്യയെപ്പറ്റി അറിവു ലഭിച്ചതോടെതന്നെ ആ രാജ്യം (ഇന്ത്യ) അവരുടെ അത്യാഗ്രഹത്തിന്റെ ഇരയായിത്തീർന്നു..... ഇവർ യൂറോപ്പിലേക്ക് കുരുമുളകും വർണചിത്രങ്ങളും എത്തിച്ചുകൊടുത്തിരുന്നത് ഇന്ത്യയിലെ ശവക്കൂമ്പാരത്തിനുമീതെ ചവിട്ടി നടന്നിട്ടായിരുന്നു". ബ്രിട്ടീഷുകാർ ലോകജനതയോട് പറഞ്ഞു: "വെളുത്ത മനുഷ്യരുടെ ധാർമ്മികമായ ചുമതലയാണ്, അറിവില്ലാത്ത ജനതയെ പരിഷ്കൃതരാക്കുകയെന്നത്." അതവർ പ്രാവർത്തികമാക്കിത്തുടങ്ങി..... യൂറോപ്പിലെ പുരോഗതിയെക്കുറിച്ച് ഇന്ത്യാക്കാരെ ബോധവാന്മാരാക്കാനും, 'ഇരുളിൽ ആണ്ടുകിടക്കുന്ന' ഇന്ത്യാക്കാരെ വെളിച്ചത്തിലേക്കെത്തിക്കാനും ലഘുലേഖകകളും, കൊച്ചു പുസ്തകങ്ങളും അർപ്പിതരായവരും ഇന്ത്യയിലേക്കൊഴുകിത്തുടങ്ങി...."

'അന്ധകാരത്തിൽ' നിന്ന് ഭാരതീയരെ മോചിപ്പിക്കാനെത്തിയവർ ഇവിടെ നിന്നുള്ള ദ്രവ്യങ്ങളോടൊപ്പം താളിയോലഗ്രന്ഥങ്ങളും ശാസ്ത്ര-സാങ്കേതിക വിജ്ഞാനങ്ങളും കടത്തി. കോപ്പർ നിക്കസ്, ഗലീലിയോ, കെപ്ലയർ, ന്യൂട്ടൺ, ഗ്രിഗറി, ല്ഹ്യൂളർ, ലെബനിറ്റ്സ്, ടൈക്കോബ്രാഹി, ഗോസ്, ടേയ്ലർ, ഡീ മോയ്വർ, സെനൽ, എപ്പിയാനസ്, സ്റ്റിഫെൻ, അക്ക്യൂബെൻ, താർത്തഗലിയ, ബോബെല്ലി..... ഇവരുടെയെല്ലാം ഗണിത ശാസ്ത്ര സംഭാവനകൾ, ഒന്നു പരിശോധിച്ച് നോക്കിയാൽ ഭാരതീയരായ ആര്യഭടൻ I, II, ഭാസ്കരാചാര്യൻ I, II വടേശ്വരാചാര്യൻ, വരാഹമിഹിരൻ, ലല്ലാചാര്യൻ, മഞ്ജുളാചാര്യൻ, മാധവാചാര്യൻ, ശങ്കരവർമ്മൻ, പുതുമന സോമയാജി., ഗോവിന്ദസ്വാമി തുടങ്ങി അതിപ്രഗത്ഭരായ ഭാരതീയരുടെ അറിവുകളിൽ നിന്ന് സ്വീകരിച്ചതായിരിക്കുമെന്നുറപ്പ്. മേൽ വിവരിച്ച ഭാരതീയ ആചാര്യന്മാരുടെ കാലഘട്ടം, (മേൽ വിവരിച്ച) പാശ്ചാത്യരുടെ കാലഘട്ടത്തേക്കാൾ നൂറ്റാണ്ടുകൾക്കുമുമ്പായിരുന്നു. ഈ വിജ്ഞാന ഭണ്ഡാരമുൾക്കൊണ്ടിട്ടുള്ള സഹസ്രാവധി താളിയോലഗ്രന്ഥങ്ങൾ (അന്നു കടത്തിയത്) ഇന്നും

ഇംഗ്ലണ്ടിലും ജർമ്മനിയിലുമുള്ള ഡസൻ കണക്കിന് മാനുസ്ക്രിപ്റ്റ് ലൈബ്രറികളിലുണ്ട്.

ബംഗാളിൽ നിലവിലിരുന്ന ടീകാസമ്പ്രദായമെന്ന വാക്സിനേഷൻ, പാശ്ചാത്യ മണ്ണിലേക്ക് പ്രവഹിച്ചു, വില്യം ചാമ്പ്യൻ, രാജസ്ഥാനിൽ വന്ന് സിങ്ക് ലോഹ സംസ്കരണം പഠിച്ച് അത് ഇംഗ്ലണ്ടുകാരന്റേതാക്കി, തോമസ് ക്രൂസോ- ജേംസ് ഫിൻഡ്ലേമാരിലൂടെ പ്ലാസ്റ്റിക് സർജറി ഭാരതത്തിൽ നിന്ന് ഇംഗ്ലണ്ടിലെത്തി, ഭാരതത്തിലെ പിത്തള, ഓട് സംസ്കരണ വിദ്യ, വസ്ത്രനിർമ്മാണ വിദ്യകൾ, എണ്ണിയാലൊടുങ്ങാത്ത അറിവുകളുടെ കൂമ്പാരം പാശ്ചാത്യ മണ്ണിലേക്ക് പ്രവഹിച്ചു.

ജ്ഞാനവിജ്ഞാന ഭണ്ഡാരങ്ങളും, ഖജനാവും, ദ്രവ്യവും, എല്ലാമെല്ലാം കൊള്ളയടിച്ച പാശ്ചാത്യർക്ക്, ഇവിടെ നിന്ന് ലഭിക്കുന്നത്രയും മറ്റൊരിടത്തു നിന്നും ലഭിക്കില്ല എന്നറിയാമായിരുന്നു. (ബ്രിട്ടീഷ് ചരിത്രകാരന്റേതായി മേലുദ്ധരിച്ച വരികൾ ഓർമ്മിക്കുമല്ലോ: ........ "ഒരു മൂലധന നിക്ഷേപവും ഇന്ത്യയെ കൊള്ളയടിച്ചു നേടുന്ന/നേടിയിട്ടുള്ള വരുമാനത്തോളം ലാഭകരമായി ഇതുവരെ കണ്ടിട്ടില്ല"). **സ്വാഭാവികമായും ഈ കൊള്ളയടി തുടരണമെങ്കിൽ എന്തുവേണം. ഭാരതീയരിൽ അപകർഷതയുണ്ടാക്കുക!** അവരും ആക്രമികളും പുറമേ നിന്നു വന്നവരുമാണെന്നു തെറ്റിദ്ധരിപ്പിക്കണം! ഇത് ഭാരതീയരുടെ മാതൃഭൂമിയല്ല എന്നു പ്രചരിപ്പിക്കണം. ഇന്നു ഭാരതത്തിലുള്ളവർ പണ്ടു പുറമേനിന്ന് വന്ന ആക്രമികളും കൊള്ളക്കാരുമാണെന്ന് പഠിപ്പിക്കണം. ഞങ്ങൾ ബ്രിട്ടീഷ്കാർ വൈകിവന്ന കൊള്ളക്കാരാണെന്ന വ്യത്യാസമേയുള്ളൂ എന്നോർമ്മിപ്പിക്കണം. രണ്ടുപേരും വിദേശത്തുനിന്നും വന്ന കൊള്ളക്കാരായതിനാൽ ഇവിടെയുള്ള എല്ലാത്തിന്റേയും അവകാശം കൊള്ളക്കാരായ നമുക്കു രണ്ടുപേർക്കുമുണ്ട് എന്ന് ബോദ്ധ്യപ്പെടുത്തണം. അതിനാൽ വരുത്തരായ നിങ്ങളുടെ രാജ്യത്തിൽ നിങ്ങൾക്കുള്ളതുപോലെ അവകാശം ഞങ്ങൾക്കുമുണ്ട്. അതുകൊണ്ട് ഞങ്ങൾക്കിവിടെ തമ്പടിക്കാനവകാശമുണ്ട്. തൊലിവെളുപ്പും, ആക്രമണ ചാതുരിയും, അധികാരത്തിന്റെ ശബ്ദവുമുള്ളതുകൊണ്ട് നിങ്ങളെ ഞങ്ങൾ ഭരിക്കുന്നതായിരിക്കും ഉത്തമം! **ഈ ഒരു വലിയ ലക്ഷ്യം മുൻനിർത്തി സ്ഥാപിച്ചെടുക്കാൻവേണ്ടി വക്രമായി മുമ്പോട്ടുവച്ച ഒരു സിദ്ധാന്ത**



Scanned with CamScanner

മാണ് ആര്യനധിനിവേശ/ആര്യനാക്രമണ സിദ്ധാന്തം. ഭാരത ഭരണഘടനാ ശിൽപിയായ അംബേദ്കർ പറയുന്നത് ശ്രദ്ധിക്കുക: "ആര്യന്മാർ ഇന്ത്യയെ ആക്രമിച്ചു എന്ന സിദ്ധാന്തം വെറുമൊരു വ്യാജകൽപന യാണ്. ഈ വ്യാജകൽപന ആവശ്യമായിവന്നത് പരിശുദ്ധമായ ജന വർഗം ഇന്തോ-ജർമ്മൻ ജനതയാണെന്ന അടിസ്ഥാന രഹിതമായ അനുമാനത്തെ നിലനിർത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. ചിലർക്കുമാത്രം സന്തോഷജനകമായ വെറും ചില അനുമാനങ്ങ ളിൽ നിന്ന് ഉടലെടുത്ത അഭ്യൂഹങ്ങളാണിവ. ഇത് യാഥാർത്ഥ്യത്തിൽ നിന്ന് രൂപം കൊണ്ടതേയല്ല. ഒരു തെളിവുമില്ലാതെ മുൻകൂട്ടി മന സ്സിൽ രൂപകൽപന ചെയ്ത / ചെയ്യപ്പെട്ട ഒരു ആശയം മാത്രമാണ്. ഒരു മുൻവിധിയെ സാധൂകരിക്കാൻ പിന്നീട് തെളിവുകളെ തേടിപ്പി ടിച്ച് തെരഞ്ഞെടുക്കുകയാണുണ്ടായത്. ഈ സിദ്ധാന്തം അതിന്റെ ഓരോ സംയോജനഘട്ടത്തിലും തകർന്ന് നിലംപതിക്കുന്നു." സാധി ക്കാവുന്നത്രയും കൃത്രിമ തെളിവുകളുണ്ടാക്കി ലോകത്തിനു മുമ്പിലും ഭാരതീയരുടെ മനസ്സിലും അതവർ നിറച്ചു. ലോകജനത അതു തിര സ്കരിച്ചിട്ടും ഭാരതീയർ ഇന്നും പാടിനടക്കുന്നു. വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നു. ആര്യന്മാരുടെ വരവ് എന്ന അബദ്ധപദപ്രയോഗം നമ്മുടെ ജിവിത വീക്ഷണ ചിന്താ മണ്ഡലത്തിന്റെ ഭാഗമാക്കി മാറ്റുന്നതിലവർ വിജയിച്ചു. സ്വാതന്ത്ര്യത്തിനു മുമ്പ് നമ്മെ ഭരിച്ച വിദേശികളും സ്വാത ന്ത്ര്യത്തിനുശേഷം നമ്മെ ഭരിച്ച സ്വദേശികളായ 'വിദേശി'കളും ഒരേ അബദ്ധം പ്രചരിപ്പിച്ച് നമ്മളെ പഠിപ്പിക്കുന്നു. ഈ ആര്യനധിനിവേശ വക്രസിദ്ധാന്തം നമുക്കൊന്നു പഠിക്കാം, ബുദ്ധിയും-യുക്തിയും-ശാ സ്ത്രവുമുപയോഗിച്ച് വിശകലനം ചെയ്യാം!

പാശ്ചാത്യ ബുദ്ധിരാക്ഷസർ ഭാരതീയതയെ തകർക്കാൻ ചെയ്തു കൂട്ടിയ ഓരോ ക്രൂരതയും ഇവിടെ വിവരിക്കട്ടെ. കുറേ വിദേശപണ്ഡി തർ ഭാരതത്തിൽ വന്ന് സംസ്കൃതം പഠിച്ച്, വേദമുൾപ്പടെയുള്ള ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജിമ ചെയ്തു. 19-ാം നൂറ്റാണ്ടിൽ ചെയ്ത തർജ്ജിമകളുടെയെല്ലാം ലക്ഷ്യം ഭാരതീയ സ്വത്വത്തെ ഉന്മൂ ലനം ചെയ്യലായിരുന്നു. മാക്സ്മുള്ളർ, പത്നിക്കെഴുതിയ കത്ത് ശ്രദ്ധി ക്കുക: "ഞാൻ പ്രസാദനം ചെയ്തിട്ടുള്ള വേദത്തിന്റെ ഈ തർജ്ജിമ വളരെ ആഴത്തിൽ തന്നെ ഇന്ത്യയുടെ ഭാഗധേയത്തെ നിർണ്ണയിക്കും.



Scanned with CamScanner

ഇന്ത്യയിലെ ആയിരക്കണക്കിന് ജനങ്ങളുടെ വളർച്ചയെ അതു ബാധിക്കും. വേദമാണ് അവരുടെ മതത്തിന്റെ അടിസ്ഥാനം. അവരുടെ മതത്തിന്റെ അടിസ്ഥാനത്തെക്കാണിച്ചുകൊടുക്കുകയാണ് ആ മതത്തെ ഉന്മൂലനം ചെയ്യുവാനുള്ള സുനിശ്ചിതമായ ഉപായം. കഴിഞ്ഞ മൂവായിരം വർഷത്തിനുള്ളിൽ ഈ വേദങ്ങളിൽ നിന്ന് വളർന്നു വന്നിട്ടുള്ളതെല്ലാം ഇതോടെ പിഴുതെറിയപ്പെടും." "വേദത്തെപോലെ അറുമുഷിപ്പനും അതിദീർഘവുമായ വേറെവല്ല രചനയുമുണ്ടോ? വേദസൂക്തങ്ങൾ തികച്ചും വിരസങ്ങളാണ്." ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് വൻതുക കൈപ്പറ്റിയായിരുന്നു മാർക്സ്മുള്ളറുടെ ഇത്തരത്തിലുള്ള പഠന-പ്രചരണങ്ങൾ.

മോണിയർ വില്യംസ് വേദത്തെക്കുറിച്ചെഴുതിയ ഗ്രന്ഥത്തിലെ ഒരു വരി. "വേദസൂക്തങ്ങൾ ബാലിശങ്ങളായ ജല്പനങ്ങൾ മാത്രമാണ്. അല്ലാതെ അവ ഉദാത്തങ്ങളായ ആശയ പരമ്പരകളല്ല." ഗ്രഫിത്ത് എന്ന മഹാശയനെഴുതി : "വേദങ്ങൾ അസഹനീയമാംവണ്ണം വിരസങ്ങളായ ഒരേതരത്തിലുള്ള സൂക്തങ്ങൾ നിറഞ്ഞവയാണ്." കോവെൽ എന്ന ബ്രിട്ടീഷ് പണ്ഡിതനെഴുതി : "വേദങ്ങളിലെ ഭാഷയും ആവിഷ്കരണ രീതിയും തികച്ചും കൃത്രിമമാണ്" (പാശ്ചാത്യരുടെ ശ്രമം ആടിനെ പട്ടിയാക്കുന്ന കഥയോട് ഉപമിച്ചാൽ ഉദ്ദേശം വ്യക്തമാകും)

ഒരു തെളിവുമില്ലാതെ വേദത്തിലെ ദസ്യുക്കൾ എന്ന പദം ദ്രാവിഡർ എന്നവർ വ്യാഖ്യാനിച്ചു, സ്ഥാപിച്ചു. (പല ഭാരതീയ പദങ്ങളും പേരുകളും ഇംഗ്ലീഷീകരിച്ചതുപോലെ) പിന്നെ ആര്യന്മാരും ദ്രാവിഡരും തമ്മിൽ യുദ്ധമുണ്ടായെന്നും, ക്രൂരന്മാരായ ആര്യന്മാർ ദ്രാവിഡരെ കൊന്നുകുഴിച്ചുമൂടി ഭാരതത്തെ ആക്രമിച്ചു കീഴടക്കിയെന്നും കഥയുണ്ടാക്കി, അതിനെ ചരിത്രമെന്നു പറഞ്ഞു. ഈ ആര്യന്മാർ മധ്യേഷ്യയിൽ നിന്നോ തിബത്തിൽ നിന്നോ വന്നവരാണെന്ന് ഒരു കൂട്ടർ കെട്ടുകഥകളുണ്ടാക്കി പ്രചരിപ്പിച്ചു. ഇവർ ജർമ്മൻകാരോ യൂറോപ്യന്മാരോ ആകാമെന്ന് മറ്റൊരു കൂട്ടർ പാടി നടന്നു പ്രചരിപ്പിച്ചു. സംസ്കൃത ഭാഷകളിലെ ചില പദങ്ങൾ തെളിവാക്കി ഈ നുണ സ്ഥാപിച്ചെടുക്കാൻ ശ്രമിച്ചു. ഋഗ്വേദം ഹിന്ദുക്കളുടേതല്ലെന്നും, അത് ഇന്തോയൂറോപ്യൻ ജനതയുടേതാണെന്നും വാദിച്ചു.



Scanned with CamScanner

ഈ സിദ്ധാന്തങ്ങളും വ്യാജതെളിവുകളുമുപയോഗിച്ച് ഇംഗ്ലീഷുകാർക്ക്, അവരുടെ ആധിപത്യം ഇന്ത്യയിൽ ഉറപ്പിക്കാൻ കരുത്തു ലഭിച്ചു. ആര്യന്മാർ യൂറോപ്പിൽ നിന്ന് പണ്ടു വന്നവരും ഇപ്പോൾ അതേ വിഭാഗത്തിൽപെടുന്ന ഇംഗ്ലീഷുകാർ വീണ്ടും വന്നതാണെന്ന് അംഗീകരിപ്പിക്കാൻ ശ്രമം തുടങ്ങി. ജോൺവിൽസൻ എന്ന കൃസ്ത്യൻ മിഷനറി ഇങ്ങിനെയെഴുതി : "ഇന്ത്യയിൽ ബ്രിട്ടീഷു ഭരണം ആരംഭിച്ചതോടെ സംഭവിച്ചിട്ടുള്ളതെന്തെന്നാൽ ഒരേ കുടുംബത്തിലെ രണ്ടുവിഭാഗങ്ങൾ തമ്മിൽ ഒരു പുനഃസമാഗമം മാത്രം."

ഹണ്ടർ ഇങ്ങിനെയെഴുതി : "ഇംഗ്ലീഷുകാരുടെ ഭാരതത്തിലേക്കുള്ള വരവ് ലോകത്തിലെ ഏറ്റവും പുരോഗതിയാർജ്ജിച്ചിട്ടുള്ളവരും പരോപകാരതൽപരരും ആയ ഒരു ജനതയുമായി സമ്പർക്കത്തിനുള്ള സുവർണാവസരം ആഗതമായിരിക്കുന്നു".

ഭാരതീയരെ പരസ്പരം കലഹിപ്പിക്കലായിരുന്നു അവരുടെ അടുത്തലക്ഷ്യം. (Divide and rule) ആര്യവംശത്തിന്റെ വംശമഹത്വം നിലനിർത്താൻ ഇന്ത്യയിൽ ജാതിവ്യവസ്ഥ സ്ഥാപിച്ചു എന്നു പറഞ്ഞുപരത്തി താണ ജാതിക്കാരായ ദ്രാവിഡരെ ആര്യന്മാർ ആക്രമിച്ചുകൊണ്ടേയിരുന്നു!... അതിനാൽ ആര്യമതമായ ഹിന്ദുമതത്തേയും അവരുടേതായ ഗ്രന്ഥങ്ങളേയും മറ്റെല്ലാത്തിനേയും ബഹിഷ്കരിക്കുക എന്നവർ ആഹ്വാനം ചെയ്തു. ആദിവാസികളെ ഭിന്നിപ്പിച്ച് അവരുടെ, ആചാര വിചാര വിശ്വാസങ്ങളെയും തിരസ്കരിപ്പിച്ച് 'വെളിച്ചത്തിന്റെ' മാർഗ്ഗത്തിലേക്കുകൊണ്ടുവരാൻ ഓരോ ബ്രിട്ടീഷുകാരനും ഭരണാധികാരിയും അഹോരാത്രം പ്രവർത്തിച്ചു. ഇവരെ സഹായിക്കുവാൻ ഹിന്ദുധർമ്മത്തിലെ ബുദ്ധിജീവികളേയും ബ്രിട്ടീഷുകാർ വശത്താക്കി. ഭാരതീയ ചിന്താധാരകളെക്കുറിച്ചവർ പൂർണമായും അജ്ഞരായിരുന്നു. പിന്നീട് ഭാരതത്തിലെ ഭരണാധികാരികളായിത്തീർന്നവരുടേയും ബുദ്ധിജീവികളുടെയും ചെയ്തികൾ ബ്രിട്ടീഷുകാർക്ക് ഭിന്നിപ്പിച്ചു ഭരിക്കാനുള്ള വഴി സുഗമമാക്കി. സനാതന ധർമ്മത്തെ അപകീർത്തിപ്പെടുത്തി അപകർഷതാബോധം കുത്തിനിറക്കാനുള്ള തന്ത്രത്തിന്റെ പ്രചാരണരീതി, അലക്സാണ്ടർ ഡഫിന്റെ വരിയിലൂടെ വായിക്കുക. "അധഃപതിച്ച മനുഷ്യരുടെ പ്രാകൃതമായ കൽപനാ വൈഭവത്തിൽ കെട്ടിച്ചമച്ചുണ്ടാക്കിയിട്ടുള്ള തെറ്റായ മതവിശ്വാസങ്ങളിൽ വച്ച് ഏറ്റവും വിഭ്രമജനകമായ ഒന്നാണ് ഹിന്ദുമതം."



Scanned with CamScanner

ചാൾസ് ട്രിവില്യൻ എന്ന ബ്രിട്ടീഷുദ്യോഗസ്ഥനെഴുതി : "നമ്മുടെ സ്കൂളുകളിലേക്ക് തള്ളിക്കയറുന്ന ആയിരമായിരം ഇന്ത്യൻ കുട്ടികൾക്ക് ഇനിയൊരിക്കലും ഹിന്ദുക്കളുടെ അധീനതിയിലേക്ക് തിരിച്ചുപോകാൻ സാധ്യമല്ല........... യൂറോപ്യൻ ശാസ്ത്രസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ഹിന്ദുമതം തകർന്ന് തരിപ്പണമാവുകതന്നെ ചെയ്യും".

ആര്യനാക്രമണ വാദത്തിന്റെ മരണമണി മുഴങ്ങിത്തുടങ്ങുന്നു. ഇന്ത്യയിലേക്കാക്രമിച്ചുകയറിയ ആര്യന്മാർ, പിന്നീട്, യൂറോപ്പിനേയും ആക്രമിച്ചു എന്നും ഇവർക്ക് ജൂതപാരമ്പര്യത്തിൽ നിന്ന് ഭിന്നമായി ഒരു ആര്യക്യസ്ത്യൻ പൈതൃകമാണുള്ളതെന്നും കഥ രൂപം കൊണ്ടു. ഇത് ജർമ്മിനിയുടേയും ഹിറ്റ്ലറുടേയും ആക്രമണത്തിന് ന്യായീകരണമായി. യൂറോപ്യൻ ജനത ഈ ആര്യരക്തത്തിലഭിമാനിച്ചു. ഇന്തോ ജർമ്മൻ, ഇന്തോയൂറോപ്യൻ എന്നിപ്രകാരം ജനവിഭാഗത്തെ വിളിക്കുന്നതിനുപകരം "ആര്യന്മാർ" എന്നുമാത്രം വിളച്ചാൽ മതി എന്നു ലണ്ടനിലെ തന്റെ പ്രഭാഷണത്തിൽ മാർക്സ് മുള്ളറടക്കം ഉത്ഘോഷിച്ചു. പിന്നീട് ജർമ്മിനിയുടെ ശക്തിയും, ആക്രമണോത്സുകതയും അത് ലോക മഹായുദ്ധം വരെ എത്തിച്ച അനുഭവവും കൂടിയായപ്പോൾ ഇവരെല്ലാം വാക്കുമാറ്റിത്തുടങ്ങി. 'ആര്യന്മാർ ഒരു ജനവിഭാഗമേയല്ല അതൊരു ഭാഷാപ്രയോഗം മാത്രമാണെന്നാക്കി' മാറ്റി മാക്സ്മുള്ളർ തന്നെ. ആര്യന്മാർ, ജർമ്മൻ, സ്കാണ്ടിനേവിയൻ, റോമൻ, ഗ്രീക്ക്, പേർസ്യൻ, ഹിന്ദു എന്നീ ജനവർഗങ്ങളുടെ പൊതുവായ ഒരു പൂർവിക ജനവർഗമായിരുന്നു എന്നു പ്രചരിപ്പിക്കാൻ മറ്റു ചിലർ ശ്രമിച്ചു. ആര്യഭാഷയേയും ആര്യൻ വർഗത്തേയും പരസ്പരം ബന്ധപ്പെടുത്തുവാൻ നടത്തിയ പ്രയത്നങ്ങളൊന്നും വിജയിച്ചില്ലെന്നുമാത്രമല്ല അബദ്ധജഢിലങ്ങളായി പര്യവസാനിക്കുകയും ചെയ്തു.

പഴയകഥ ഏറ്റുപറയുന്ന ചില 'പണ്ഡിതർ' ഇപ്പോൾ പറയുന്നുണ്ടത്രെ ആര്യന്മാർ വന്നത് സ്വിറ്റ്സർലണ്ടിൽ നിന്നാണെന്ന്! മറ്റൊരു കൂട്ടർ പറയുന്നു അവർ വന്നത് ആർട്ടിക് ഭാഗങ്ങളിൽ നിന്നാണെന്ന്! ജർമ്മനിയിൽ പരക്കെ പ്രചരിച്ചിരുന്നത് ആര്യന്മാരുടെ ഉത്ഭവം ജർമ്മനിയിൽ നിന്നാണെന്നായിരുന്നു. ഗാന്ധാരത്തിൽ നിന്നാണെന്നും തിബത്തിൽ നിന്നാണെന്നും വിവരിക്കുന്നവർ ധാരാളമുണ്ട് ! കുറച്ചുപേർ



Scanned with CamScanner

വാക്കുമാറ്റി അഫ്ഘാനിസ്ഥാനിൽ നിന്നാണെന്നാക്കിയിട്ടുണ്ട്. ആര്യന്മാർ ചുമന്ന മുടിയുള്ളവരാണെന്ന് ചിലർ, അല്ല കറുത്ത മുടിയുള്ളവരാണെന്ന് മറ്റുചിലർ. കറുത്ത കണ്ണുള്ളവരാണാര്യന്മാരെന്നു ചിലർ, അല്ല പൂച്ചക്കണ്ണുള്ളവരാണവർ എന്നു യൂറോപ്പിലെ ചില പണ്ഡിതർ. സ്വിറ്റ്സർലന്റിലെ തടാകങ്ങളിലായിരുന്നു ആര്യന്മാർ ജീവിച്ചിരുന്നത് എന്ന് ചെറിയ ഒരു വിഭാഗം 'പണ്ഡിതരും' പറയുന്നു (തടാകത്തിൽ ജീവിക്കുന്ന മനുഷ്യരോ എന്നൊന്നും ചോദിക്കരുത്). ഭാരതത്തിലെ ഒറ്റ ഗ്രന്ഥത്തിൽപോലും ഒരൊറ്റവരിയുമില്ല "ആര്യന്മാർ" പുറത്തുനിന്നു വന്ന ജനവിഭാഗമായിരുന്നു എന്ന്.

ഈശ്വരാ! 'ആക്രമികളായ' ആര്യന്മാരാരെന്നും എവിടെ നിന്നു വന്നു എന്നും അറിയാത്ത 'സിദ്ധാന്ത' നിർമ്മാതാക്കൾ ! അത്യത്ഭുതകരമായ മറ്റൊരു വിരോധാഭാസം! ഭാരതത്തിലേക്ക് ആര്യന്മാർ വന്നത് ഏത് കാലഘട്ടത്തിലാണെന്നാർക്കും വ്യക്തമല്ല. 1000 ബി.സി. യിലാണെന്നു ചിലർ, 1500-3000 ബി.സി.യിലാണെന്ന് ചിലർ, 3000 - 4000 ത്തിനിടക്കാണെന്ന് മറ്റുചിലർ. ബി.സി. 4000ത്തിനപ്പുറത്തേക്കു പോകാൻ കൃസ്ത്യൻ വിചിത്ര ചരിത്രകാരന്മാർ തയ്യാറല്ല, കാരണം ആദവും, ഹവ്വയുമുണ്ടായത് ബി.സി. 4012 ഒക്ടോബറിലാണ്. അതിനുമുമ്പ് ആര്യനാക്രമികളുണ്ടാരുന്നു എന്നു പറഞ്ഞാൽ ബൈബിളിന്റെ ഒന്നാം അദ്ധ്യായം ഉൽപ്പത്തിമുതൽക്കങ്ങോട്ട 'ഡീം' ആകില്ലേ! നമ്മുടെ ഭിക്ഷാംദേഹികളായ പുരോഗമനവാദികൾ (ബുദ്ധിജീവികൾ) അവരുടേതായ ഒരു കാലഘട്ടം എഴുതിച്ചേർത്തിട്ടുണ്ട് ബി.സി. 8000നും ബി.സി. 3000നുമിടക്ക്. ഇനിയും തിരുത്തലുണ്ടാകാം. ബി.സി. 8000നപ്പുറം ഏതോ കാലഘട്ടത്തിൽ ആരോ വന്നു അവരാണ് ആര്യന്മാർ എന്നുമായിത്തീരാം! അതുവരെ കാത്തിരിക്കേണ്ടിവരില്ല ഈ ബുദ്ധിജീവികളും ആര്യനാക്രമണ സിദ്ധാന്തവും അന്ന് ചത്തിട്ടുണ്ടാകും! അത്ഭുതമെന്നു പറയട്ടെ. 'കൃണ്വന്തോവിശ്വമാര്യം' എന്ന വേദപദത്തിന്നർത്ഥം ലോകത്തെ/ ലോകജനതയെ ശ്രേഷ്ഠമാക്കി തീർക്കാമെന്നാണ്. മറ്റുള്ളവരെ കൊന്നു കുഴിച്ചുമൂടി ആര്യന്മാരെകൊണ്ടു നിറക്കാമെന്നല്ല.

ചെറിയതെങ്കിലും ഈ തെളിവുകൂടി നോക്കുക. രാമായണത്തിൽ സീത, ശ്രീരാമനെയും; താര, ബാലിയേയും; മണ്ഡോദരി, രാവണ



Scanned with CamScanner

നേയും അഭിസംബോധന ചെയ്യുന്നത് 'ആര്യപുത്രാ' എന്നാണ്. ബാലിയും രാവണനും ദക്ഷിണഭാരതത്തിലെ 'ദ്രാവിഡരാണെങ്കി'ൽ എങ്ങിനെ ഈ പേരുവന്നു ! ശ്രീരാമന്റെ പതിനഞ്ച് തലമുറ അപ്പുറത്തുള്ള ഭരതന്റെ മാതാവ് ശകുന്തള ദുഷ്യന്തനെ അഭിസംബോധന ചെയ്യുന്നതും ആര്യപുത്രനായിട്ടാണ്. ആര്യാവർത്തം, ആര്യഭടൻ, ആര്യാംബാ, ആര്യവൈദ്യം, എന്നീ പദങ്ങളെല്ലാം ശ്രേഷ്ഠമായത് എന്നർത്ഥമാത്രമാണുള്ളത്. അരവിന്ദമഹർഷിയുടെ വരികൾ ശ്രദ്ധിക്കുക : "യുറോപ്യന്മാർ അവതരിപ്പിക്കുന്ന ഏതു സിദ്ധാന്തത്തേയും സ്വീകരിക്കാൻ നമ്മൾ തയ്യാറാണ്.... (നമ്മുടെ പൈതൃകത്തെക്കുറിച്ചും) മറ്റുമുള്ള അപകടകരമായ ഊഹാപോഹങ്ങൾ ശ്രേഷ്ഠമായ ശാസ്ത്ര സത്യങ്ങൾ പോലെ നാം അംഗീകരിച്ചുപോന്നു.... ലോകം മുഴുവനും ഈ അബദ്ധധാരണയെ പാശ്ചാത്യർ അവിച്ഛിന്നമായി പ്രചരിപ്പിച്ചുകൊണ്ടേയിരുന്നു."

"വേദങ്ങളിൽ പരാമർശിച്ചിട്ടുള്ള ആര്യന്മാരെന്നും ദസ്യുക്കളെന്നുമുള്ള തരംതിരിക്കൽ ഒരു ജനവർഗപരമായ വിഭജനത്തെയല്ല സൂചിപ്പിക്കുന്നത്...."

ദ്രാവിഡ സംസ്കാരം ദ്രാവിഡ ഭാഷ എന്നീ പദപ്രയോഗങ്ങളെല്ലാം ഉദയം ചെയ്തത് തന്നെ ബിഷപ് കാൾഡ്വെല്ലിന്റെ ആസൂത്രിതവും ദുർവ്യാഖ്യാനപരവുമായ "ദ്രാവിഡ ഭാഷാവ്യാകരണം" എന്ന ഗ്രന്ഥരചനയ്ക്ക് ശേഷമാണ്. അതിവിചിത്രമായ മറ്റൊരു സിദ്ധാന്തം ഈ ബിഷപ്പ് അവതരിപ്പിച്ചിട്ടുണ്ട്. "ആര്യന്മാർ ഭാരതത്തിലേക്കാക്രമിച്ചുകയറുന്നതിനുമുമ്പുതന്നെ ദ്രാവിഡന്മാർ ഇവിടെ ആക്രമിച്ചുകയറിയവരായിരുന്നു." വേദങ്ങളിലെവിടെയും ഇന്ത്യക്കു പുറത്തുള്ള ഒരു മാതൃരാജ്യത്തെക്കുറിച്ചു പരാമർശിച്ചിട്ടേയില്ല. ആര്യാവർത്തം, ഭാരതവർഷം, സപ്തസിന്ധു, എന്നീ വേദപദങ്ങളെല്ലാം ഭാരത ഉപഭൂഖണ്ഡത്തെമാത്രം സൂചിപ്പിക്കുന്നതാണ്.

**ആര്യനാക്രമണം** നോക്കുക ! ആടുമാടുകളെ മേച്ചുനടന്നിരുന്ന, പ്രാകൃതരായ, 'ആര്യന്മാർ' ഉത്തരേന്ത്യമഴുവനും ആക്രമിച്ചു കീഴടക്കിയെന്നുമാത്രമല്ല, അവിടെ ഒരു മഹത്തായ സംസ്കാരവിശേഷം സ്ഥാപിക്കുകയും, ആ സംസ്കാരത്തെ ഭാരതം മുഴുവനും വ്യാപിപ്പിക്കുക



Scanned with CamScanner

യും, ഉജ്ജ്വലമായ ഒരു ആത്മീയ ഭൗതീക സംസ്കാരവും സംസ്കൃത ഭാഷയിലൂടെ വേദങ്ങളും മറ്റു ഗ്രന്ഥങ്ങളും രചിച്ച് പ്രചരിപ്പിക്കുകയും ചെയ്തു എന്നത് എത്രവിരോധാഭാസമാണെന്നു നോക്കുക.(ആടുമാടുകളെ മേച്ചുനടന്നവരുടെ capacity നോക്കുക!) സംസ്കാര രൂപീകരണമെന്നത് അനവധികാലഘട്ടങ്ങളുടെ പരിണാമത്തിലൂടെ വലിയ ഒരു ഭൂവിഭാഗത്തിൽ സംഭവിക്കുന്ന പ്രതിഭാസമാണ് എന്ന് പ്രസിദ്ധ പുരാവസ്തുശാസ്ത്രജ്ഞൻ എസ്.പി. ഗുപ്ത പറയുന്നതല്ലേ ശരി. (കള്ളത്തരം ചെയ്യുന്നവർക്കും പറയുന്നവർക്കും പ്രചരിപ്പിക്കുന്നവർക്കും എന്തു പുരാവസ്തു, എന്തു ഗവേഷണം). ദ്രാവിഡന്മാരെന്ന അബദ്ധവ്യാഖ്യാനത്തിൽപെടുത്തിയ ചോള-ചേരരാജാക്കന്മാർ, സംഘസാഹിത്യത്തിൽ പറയുന്നു: ''തങ്ങൾ സൂര്യവംശ രാജാവായ ശ്രീരാമന്റേയും ചന്ദ്രവംശരാജാക്കന്മാരുടെയും പരമ്പരയിൽപെട്ടവരാണെന്ന്. അതായത് ഈ രാജാക്കന്മാർ ''ആര്യവംശജരായിരുന്നു''. അപ്പോൾ പിന്നെ ദ്രാവിഡരാരായിരുന്നു ? 'ദ്രാവിഡഗ്രന്ഥ'മായ തിരുക്കുറൾ രചിച്ച 'ദ്രാവിഡ' ഋഷിയായ തിരുവള്ളുവർ 'ആര്യ' ദേവനായ ബ്രഹ്മാവിന്റെ അനുഗ്രഹം വാങ്ങിയാണ് തിരുക്കുറളെഴുതിയത് ! തിരുവള്ളുവർ ബ്രഹ്മദേവന്റെ അവതാരമായിട്ടാണ് തമിഴർ (ADMK, DMK, MDMK ഉൾപ്പെടെയുള്ള ദ്രാവിഡ മുന്നേറ്റ കഴകപ്രവർത്തകരുൾപ്പടെ) കണക്കാക്കുന്നത്. പുരാതന തമിഴ്നാട്ടിലെ ഒരു കവിയും ആര്യദ്രാവിഡ വിവരണം ഒരിടത്തും നൽകുന്നില്ല. അഗസ്ത്യമഹർഷിയെ ഒരു വൈദികഋഷിയായി സംഘസാഹിത്യം ആരാധിക്കുന്നു. പരമേശ്വരന്റെ വലതുവശത്തുനിന്നുത്ഭവിച്ച ശബ്ദത്തിൽ നിന്ന് സംസ്കൃത വ്യാകരണം പാണിനിയും, ഇടതുവശത്തുനിന്നുത്ഭവിച്ച ശബ്ദത്താൽ അഗസ്ത്യമഹർഷി തമിഴ് വ്യാകരണവുമെഴുതിയെങ്കിൽ എവിടെയാണ് ആര്യദ്രാവിഡ ഭാഷാവിഭജനം. ആദിവാസികൾ എന്ന പദപ്രയോഗവും, തമിഴ്നാട്ടിൽ ആഴ്ന്നിറങ്ങിയ ദ്രാവിഡ പദപ്രയോഗവും, ഗോത്രവർഗക്കാർ എന്ന പ്രയോഗവും. ആര്യനാക്രമണവാദത്തിന്റെ സന്തതികളാണ്. തമിഴ്, ദക്ഷിണേന്ത്യയുടെ ഭാഷയാണെന്നും സംസ്കൃതം ഉത്തരേന്ത്യക്കാരുടേതാണെന്നും വരുത്തിത്തീർക്കാൻ ബിഷപ്പ് കാർഡ്വെൽ മുതൽക്കിങ്ങോട്ട് തമിഴ് നിഘണ്ടു എഴുതിയവരെല്ലാം തമിഴിലുണ്ടായിരുന്ന നൂറുകണക്കിന് സംസ്കൃത പദങ്ങൾ മനഃപൂർവ്വം മാറ്റുകയാണുണ്ടായത്. 1940



Scanned with CamScanner

-50 കാലയളവിൽ തമിഴ് ഭാഷയിൽ നിന്നും എല്ലാ സംസ്കൃത പദങ്ങളും തുടച്ചുനീക്കാനുള്ള സാഹസവും നടത്തി. ദ്രാവിഡ-ആര്യ സ്പർധക്കായി കച്ചകെട്ടിയിറങ്ങിയവരെ, കേരളത്തിലേയും തമിഴ്നാട്ടിലേയും ബുദ്ധിജീവി വിഭാഗത്തിൽപെടുന്ന, ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമുള്ള രാഷ്ട്രീയക്കാരുടെ ഒരു വൻപടതന്നെ, സർവ്വാത്മനാ സഹായിച്ചു.

ഹാരപ്പയിലേയും, സരസ്വതീനദീതടത്തിലേയും, ലോഥലിലേയും, പുതിയ പുരാവസ്തു ഗവേഷണ വിവരണങ്ങൾ ആര്യനധിക്രമണത്തെ അപ്പാടെ തിരസ്കരിക്കുന്നു. പടിഞ്ഞാറ് ഇറാന്റെ അതിർത്തി മുതൽ വടക്ക് തുർക്ക്മേനിയവരേയും ഹിന്ദുക്കുഷ് പർവ്വത നിരക്കപ്പുറത്തു കിടക്കുന്ന ബാക്ട്രിയവരെയും തെക്ക് ഗോദാവരി തടം വരെയും ഏകദേശം ഇരുപതുലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ ഒരു അതിപുരാതന സംസ്കൃതിയെക്കുറിച്ച് ഉജ്ജ്വലമായ വിവരണം ലഭിച്ചിരിക്കുന്നു. കാർബൺ ഡേറ്റിങ്ങ് സംവിധാനത്തിൽ കൃത്യമായ കാലഗണന ഇപ്പോൾ സാധ്യമാവുകയും, കാലിബംഗാൻ, ഭഗവാൻപുര, മെഹർഗർ, ലോഥൽ തുടങ്ങിയ ആയിരത്തിൽപരം കേന്ദ്രങ്ങളിൽ നിന്നും ലഭിച്ച തെളിവുകളും പുരാവസ്തുക്കളും, അവയുടെ കൃത്യമായ കാലഘട്ടവും താരതമ്യം ചെയ്താൽ ആര്യനാക്രമണ സിദ്ധാന്തം ഒരു വലിയ കെട്ടുകഥയാണെന്ന് മനസിലാക്കുവാൻ ഒരു വിഷമവുമുണ്ടാകില്ല. അമേരിക്കൻ പുരാവസ്തുഗവേഷണ ശാസ്ത്രജ്ഞൻ ജി.എഫ്. ഡേൽസിന്റെ സത്യസന്ധമായ വരികൾ വായിക്കുക. **"വിപുലവും ഗഹനവുമായ പഠനങ്ങളിൽ നിന്ന് (എവിടെയും) ആയുധങ്ങളുപയോഗിച്ച് നടത്തിയ ആക്രമണങ്ങളുടേയോ, നശീകരണപ്രവർത്തനങ്ങളുടേയോ തെളിവിന്റെശകലം പോലും കിട്ടിയിട്ടില്ല".** 卐 സ്വസ്തിക ചിഹ്നം സിന്ധുനദീതടത്തിൽ നിന്ന് ലഭിച്ചതോടെ, അത് ആര്യന്മാർ പുറത്തുനിന്നു കൊണ്ടുവന്നതാണെന്ന വാദവും പൊളിഞ്ഞു. സരസ്വതീ നദീതടത്തിൽ നിന്നു കുതിരയുടെ അസ്തികൂടം ലഭിച്ചതോടെ (വരാത്ത) ആര്യന്മാരാണ് കുതിരയെ ആക്രമണവേളയിൽ ഇവിടെകൊണ്ടുവന്നത് എന്നവാദവും അബദ്ധമാണെന്ന് തെളിഞ്ഞു! ഇനി നിർത്തട്ടെ!



Scanned with CamScanner

വിദ്യാർത്ഥികളേ! അദ്ധ്യാപകരേ! മാതാപിതാക്കളേ! നിങ്ങളും നിങ്ങളുടെ കുട്ടികളും പഠിക്കുന്ന ചരിത്രപുസ്തകത്തിലെ ആര്യനധിനിവേശ സിദ്ധാന്തം ശുദ്ധ അസംബന്ധമാണ്. അവയെ തിരുത്തുക. നമ്മുടെ വിദ്യാഭ്യാസ വകുപ്പിലും വിചക്ഷണരിലും മാറ്റം വരുത്താൻ നമുക്ക് സാധ്യമല്ല എങ്കിലും നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ മാതൃഭൂമിയുടെ ചരിത്രം സത്യസന്ധമായി നിങ്ങളിൽനിന്ന് പഠിക്കട്ടെ ......

**ഭാരതീയരിൽ അപകർഷതാബോധം സൃഷ്ടിക്കാനും, ഭാരതീയരെ വിഭജിച്ച് ഭരിച്ച് കൊള്ളയടിക്കാനും, ഭാരതീയ മൂല്യങ്ങളെ ഇടിച്ചു താഴ്ത്തി മതപരിവർത്തനം ചെയ്യാനും വേണ്ടി മെനഞ്ഞെടുത്ത കെട്ടുകഥയാണ് മേൽവിവരിച്ച**

## ആര്യനധിനിവേശ (ആര്യനാക്രമണ) സിദ്ധാന്തം

**ഇതു നാം പഠിക്കണോ ? പഠിപ്പിക്കണോ ?**

*

## ബുദ്ധിജീവികളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും

1. ബുദ്ധിജീവിയാകാൻ ജാതിയോ മതമോ രാഷ്ട്രീയ ചായ്‌വോ ഒരു പ്രശ്നമല്ല. (2) സ്വന്തം ധർമ്മത്തേയും സംസ്ക്കാരത്തേയും പൈതൃകത്തേയും പുച്ഛിക്കാൻ സൗകര്യമുള്ളതിനാൽ ഹിന്ദുവാണെങ്കിൽ ബുദ്ധിജീവിയാകുന്നതിന് എളുപ്പമാണ്. (3) അവസരം ലഭിക്കുമ്പോഴോ, അവസരമുണ്ടാക്കിയോ ഹിന്ദുവുമായി ബന്ധപ്പെട്ട എല്ലാത്തിനേയും എതിർക്കുകയും പുച്ഛിക്കുകയും ചെയ്താൽ മറ്റു കഴിവുകൾ കുറവാണെങ്കിലും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കാൻ അവസരം ലഭിക്കും. (4) ഹിന്ദുവായാൽ മറ്റുമതങ്ങളെ പുകഴ്ത്താനുള്ള അവസരവും ലഭിക്കുന്നു. സ്വന്തം ധർമ്മം പഠിക്കണമെന്ന് ശഠിക്കുന്നവരുണ്ടാകില്ല എന്ന സൗകര്യം കൂടുതലാണുതാനും. (5) ബുദ്ധിജീവി ചിന്തിക്കുമ്പോഴും, കാര്യങ്ങൾ വിലയിരുത്തുമ്പോഴും പ്രസംഗിക്കുമ്പോഴും ഭാവിയിൽ ലഭിക്കാൻ സാധ്യതയുള്ള സ്ഥാനമാനങ്ങൾ, പുരസ്കാരങ്ങൾ, അംഗത്വം, പ്രസിദ്ധി, ഇവയെല്ലാം മുൻകൂട്ടിക്കാണാനുള്ള ധിഷണാവൈഭവം മാത്രമെങ്കിലും ഉണ്ടായിരിക്കണം. (6) പ്രസംഗിക്കുമ്പോൾ ശ്രോതാക്കളുടെ



Scanned with CamScanner

കയ്യടിയിൽ ശ്രദ്ധിക്കുകയും, ആത്മാർത്ഥമായിട്ടാണ് പറയുന്നതെന്ന് ബോധ്യപ്പെടുത്തുകയും വേണം. ആവശ്യത്തിന് മുഖത്തും വാക്കിലും വികാരം വരുത്താൻ പരിശീലിക്കണം. (7) ശ്രോതാക്കൾക്ക് വ്യക്തമായി മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ശ്രോതാക്കൾക്ക് ബുദ്ധിജീവിയുടെ നിലവാരമാണുള്ളതെന്ന ഭാവേന വേണം കാര്യങ്ങൾ അവതരിപ്പിക്കാൻ. (8) സാധിക്കുന്നിടത്തോളം അവനവനുതന്നെ മനസ്സിലാകാത്ത ഭാഷയുപയോഗിച്ചാൽ ലോകാംഗീകാരം ലഭിച്ചില്ലെങ്കിലും മറ്റു ബുദ്ധിജീവികളുടെ അംഗീകാരം ലഭിക്കാൻ എളുപ്പമാകും. പിന്നീട് മാറ്റിപ്പറയാനും എളുപ്പമുണ്ട്. (9) ഭാരതീയ പൈതൃകത്തിൽ നിന്നും ഉദ്ധരണികൾ ഒന്നും എടുക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഹിന്ദുക്കളുമായി ബന്ധപ്പെട്ട നന്മകൾ പൂർണമായും ഒഴിവാക്കണം. (10) അറിയാതെപോലും, ഭാരതീയ ഋഷിവര്യന്മാരുടെ ഉദ്ധരണികൾ വരാതിരിക്കാൻ ശ്രദ്ധിക്കണം. ഭാരതത്തിൽ നിന്നെടുക്കണമെന്ന് നിർബന്ധമാണെങ്കിൽ നെഹ്റുവിന്റേയോ അദ്ദേഹത്തെപ്പോലുള്ളവരുടേതോ മാത്രമാക്കാൻ ശ്രദ്ധിക്കണം. (11) തന്റെ വീക്ഷണം ന്യായീകരിക്കാൻ മരിച്ചുപോയ രാഷ്ട്രീയ നേതാക്കളുടെ ഉദ്ധരണികൾ അവരതു പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ഉപയോഗിക്കാം. സ്ഥലവും കാലവും വ്യക്തമായി അറിഞ്ഞുപയോഗിക്കണമെന്നുമാത്രം. (12) വിദേശപണ്ഡിതന്മാരുടെ ഉദ്ധരണികൾ സുലഭമായി ഉപയോഗിക്കാൻ പഠിക്കണം. ഭാരതത്തെയും ഭാരതീയ പൈതൃകത്തേയും പുച്ഛിക്കുന്ന വിദേശികളുടേതാണുത്തമം. അത് പദാനുപദം പറയാൻ കഷ്ടപ്പെടണമെന്നൊന്നുമില്ല. പ്രത്യേകിച്ചും വിദേശി ജീവിച്ചിരിപ്പില്ലെങ്കിൽ യുക്തമായ മാറ്റങ്ങൾ വരുത്താം. (13) സാമാന്യജനത വായിച്ചിരിക്കാൻ സാധ്യതയില്ലാത്ത പുസ്തകങ്ങളിൽ നിന്ന് ഉദ്ധരണികൾ എടുത്താൽ ഏറെ പ്രയോജനകരമാണെന്ന് അനുഭവത്തിൽ നിന്നറിയണം. ഉദ്ധരണികൾ പറയുമ്പോൾ ശബ്ദം ഇടക്കിടക്ക് ഉയർത്തിയും താഴ്ത്തിയും പ്രസംഗിക്കാൻ പഠിക്കണം. (14) ശ്രോതാക്കളിലാരെങ്കിലും ഉദ്ധരണിയുടെ സാധുതയെ പരിശോധിക്കാനൊരുമ്പെട്ടാൽ അവർക്കൊരെത്തുംപിടിയും കിട്ടരുത് എന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. എഴുതുമ്പോഴും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. (15) മറ്റൊരു ബുദ്ധിജീവി ശരിയാണെന്ന് സമർത്ഥിച്ച വരികൾ, തനിക്കാവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോഗിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ



Scanned with CamScanner

പുസ്തകം വായിക്കാനുള്ള സമയം ലാഭിക്കാൻ സാധിക്കും. (16) സംസ്കൃതഭാഷയോ സംസ്കൃത ഉദ്ധരണികളോ അറിയാതെപോലും ഉപയോഗിക്കരുത്. സംസ്കൃത വിദ്യാലയങ്ങളിൽപോലും ഇതു സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. (17) ഭാരതീയ പൈതൃകത്തെക്കുറിച്ച് (ഗതികേടിന്) സ്പർശിക്കേണ്ടിവന്നാൽ എല്ലാമുൻകരുതലുകളുമെടുത്തുവേണം, ഉപരിപ്ലവമായിപോലും സ്പർശിക്കാൻ. അതേസമയം ആ വിഷയങ്ങളിൽ തനിക്ക് അഗാധപാണ്ഡിത്യമുണ്ടെന്ന് അഭിനയിക്കാനും പഠിക്കണം. കേരളീയനാണെങ്കിൽ അൽപദിവസത്തെ പരിശീലനംകൊണ്ട് ഇത് ലഭിക്കാവുന്നതേയുള്ളൂ. (18) വിദേശിയായ കൊക്കൊക്കോളയും, മദ്യവും, വ്യവസായ സംസ്കാരവും ശക്തിയായി എതിർക്കുമ്പോഴും പുരാതന ഭാരതീയ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചത്, വിദേശി ശാസ്ത്രജ്ഞന്മാരുടെ പേരിലാണറിയപ്പെടുന്നതെങ്കിൽ ആ വിദേശകളെ മാത്രമേ അംഗീകരിക്കാവൂ. എന്തു ന്യായം പറഞ്ഞാണെങ്കിലും പുരാതന ഭാരതീയ ശാസ്ത്രജ്ഞന്മാർ അൽപന്മാരാണെന്ന് പ്രഖ്യാപിക്കണം. (19) ഭാരതീയമായ ശാസ്ത്ര-സാങ്കേതിക അറിവുകളെ പരമാവധി പുച്ഛിക്കണം, അപ്രകാരം ചെയ്യാൻ വളരുന്ന തലമുറയെ പഠിപ്പിക്കണം. എന്നിട്ട് ഈ നാട്ടിലെ അറിവുകൾ വിദേശികൾ പേറ്റന്റു ചെയ്യുമ്പോൾ ഘോര ഘോരം പേപ്പട്ടിയെപ്പോലെ വെറിപിടിച്ച് നടന്ന് പ്രസംഗിക്കണം. (20) ഇങ്ങനെ പ്രസംഗിക്കുകയും എഴുതുയും ചെയ്യുമ്പോഴും ഈ നാട്ടിലുള്ളതെന്തെങ്കിലും വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ അത് വർഗീയതയാണെന്ന് പ്രചരിപ്പിക്കണം. കാവിവൽക്കരണമാണെന്ന് നെഞ്ചത്തടിച്ച് പൊട്ടിത്തെറിക്കണം. (21) ഇന്നാട്ടിലെ ഏതെങ്കിലും ചിന്താധാരകൾ നന്മകളാണെന്ന് പറയേണ്ടിവന്നാൽ ഇന്ന ബുദ്ധിജീവി മരിക്കുന്നതിനുമുമ്പ്, കോതമംഗലത്തുവച്ച് അംഗീകരിച്ചതുകൊണ്ടുമാത്രമാണ് ഞാൻ ഇവിടെ അതിനെ ന്യായീകരിച്ചതെന്ന് പ്രഖ്യാപിക്കണം. (22) പൊതുജനത്തിനോ, കൂടെയുള്ള ജീവികൾക്കോ തന്റെ പ്രസംഗത്തിലും പ്രവൃത്തിയിലും സംശയം തോന്നുകയാണെങ്കിൽ അത് പത്രമാധ്യമങ്ങളുടെ വെറും സൃഷ്ടിയും ജൽപനങ്ങളുമാണെന്ന് വളിച്ച ചിരി പ്രകടിപ്പിച്ചുകൊണ്ട് പ്രഖ്യാപിക്കണം. (23) ഭാവിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുന്ന എല്ലാവർത്തമാന സംഭവങ്ങളിലും ശ്രദ്ധയോടെ ഇറങ്ങിചെന്ന് പ്രഖ്യാപനങ്ങൾ നടത്തി പത്രമാധ്യമങ്ങളിൽ ഒരുമൂലയിലെങ്കിലും സ്ഥാനം കണ്ടെത്തണം.



Scanned with CamScanner

(24) ബുദ്ധിജീവികളുടെ സ്ഥാനമാനങ്ങളുള്ള വ്യക്തികളുടെ കൂടെ നടക്കാനും ആരുടെയെങ്കിലും മരണത്തിൽ അനുശോചിക്കാനും പലതിലും പ്രതിഷേധിക്കാനും നിരന്തരം ശ്രമിക്കണം. ചങ്ങല - വളയം - പ്രകടനത്തിന് നാരങ്ങാനീര്, എന്നിവയിലൂടെ സാമൂഹിക പ്രവർത്തനത്തിൽ ഭാഗഭാക്കാകാനും, പ്രഖ്യാപനങ്ങളിൽ ഒപ്പുവച്ച് അവരിലൊരുവനാകാനും ശ്രമിച്ചുകൊണ്ടേയിരിക്കണം. (25) ഇപ്രകാരം പല പ്രാവശ്യം ചെയ്താലേ ബുദ്ധിജീവികളുടെ ലിസ്റ്റിൽ പെടുകയുള്ളൂ എന്നോർക്കുകയും, ആ ലിസ്റ്റിൽ നിന്ന് താഴെപോകാതെ നിരന്തരം ജനശ്രദ്ധയും പത്രമാധ്യമശ്രദ്ധയും പിടിച്ചു പറ്റി(ച്ചു)കൊണ്ടേയിരിക്കണം. (26) പത്രമാധ്യമങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ നിറഞ്ഞുനിൽക്കാൻ സാധിക്കുന്നതൊക്കെ ചെയ്യാം. യുദ്ധത്തിലും, പ്രേമത്തിലും, ബുദ്ധിജീവിയായി തുടരാനുള്ള പ്രവർത്തനങ്ങളിലും നിയമങ്ങളില്ലെന്ന് ബുദ്ധിമാൻമാർ പറഞ്ഞിട്ടില്ലെങ്കിലും ഓർമ്മിക്കണം. (27) വലിയ വലിയ സ്ഥാനമാനങ്ങൾ ലഭിക്കാനുള്ള ബുദ്ധി വൈഭവവും അടിസ്ഥാന യോഗ്യതകളും കുറവാണെങ്കിലും യൂണിവേഴ്സിറ്റികളിലെ സെനറ്റംഗമായും സിന്റിക്കേറ്റംഗമായും, ദേവസ്വം ബോർഡ് പ്രസിഡന്റായും സ്ഥാനം ലഭിക്കാനുള്ള ശ്രമം തുടങ്ങി പിന്നെ ഉയരാൻ ശ്രമിക്കണം. (28) ഉയരങ്ങളിലേക്കുപോകുമ്പോൾ പലതരം സംശയങ്ങൾ പൊതുജനമോ പത്രക്കാരോ ചോദിച്ചെങ്കിൽ "നിങ്ങൾക്കെന്നെക്കാൾ കൂടുതൽ അതിനെക്കുറിച്ചറിയാമെന്നെനിക്കറിയാം എന്നു തട്ടിവിട്ടേക്കണം." വീണ്ടുമവർ ചുഴിഞ്ഞു ചോദിച്ചാൽ "ഇന്ന് മറ്റൊരു പ്രോഗ്രാമുള്ളതിനാൽ പിന്നൊരിക്കൽ വിസ്തരിച്ചു പറയാമെന്ന്" പ്രഖ്യാപിക്കണം. (29) എന്നിട്ടും ചോദ്യകർത്താക്കൾ വിട്ടില്ലെങ്കിൽ ആര്യനാക്രമണം, സവർണമേധാവിത്വം, സ്ത്രീപീഢനം എന്നീ വിഷയങ്ങളിലേക്ക് കൗശലപൂർവ്വം കടക്കാൻ പഠിക്കണം. (30) ഇതൊന്നും വിലപ്പോയില്ലെങ്കിൽ അമേരിക്കനധിനിവേശമോ ന്യൂനപക്ഷമർദ്ദമോ ഏതെങ്കിലും വികാരതീവ്രതയോടെ പറയണം. ഈ അവസരത്തിലാണ് ചിലരെ കുത്താനുള്ള പദപ്രയോഗങ്ങൾ തെരഞ്ഞെടുത്ത് പ്രയോഗിക്കാവുന്നത് എന്നുമോർക്കണം. (31) മേൽവിവരിച്ചതൊന്നും കിട്ടിയില്ലെങ്കിൽ സുനാമി കടൽത്തിരയുണ്ടായി സർവ്വനാശം വിതച്ചതുവരെ പരിവാർസംഘടനകളാണെന്ന് പ്രഖ്യാപിച്ച് കസേരയിൽ നിന്നെഴുന്നേറ്റ് യാത്ര പറയണം. അൽപദിവസത്തെ പരിചയം കൊണ്ട് ലഭിക്കാവുന്നതാണീ കഴി



Scanned with CamScanner

വുകൾ. (32) മേൽ വിവരിച്ചതിലൊന്നും രക്ഷകിട്ടാത്ത അവസ്ഥ ചില പ്പോൾ വന്നുചേർന്നുഎന്നിരിക്കും. അങ്ങിനെയായാൽ ദൈവവിശ്വാ സമില്ലെങ്കിലും ദൈവത്തിൽ എല്ലാം അർപ്പിച്ച് "ആൾ ദൈവങ്ങളെ" ക്രൂശിക്കണം. ഇത് സംഭാഷണത്തിലെ അവസാനത്തെ അടവാണെന്ന് മറക്കരുത്. അളമുട്ടുമ്പോൾ ഉപയോഗിക്കാനുള്ളതായതിനാൽ മുങ്ങു മെന്നുറപ്പായാലെ ഈ ആൾദൈവത്തെ ക്രൂശിക്കാവൂ. പിന്നീട് അവിടെ ശരണം പ്രാപിക്കേണ്ടിവരും എന്നുള്ളത് ഉറപ്പപ്പായതനാണിപ്രകാരം ഓർമ്മിപ്പിക്കുന്നത്. (33) ദേശവും, കാലവും, മുമ്പിലിരിക്കുന്ന വ്യക്തി കളുടെ അബോധാവസ്ഥയും കണക്കിലെടുത്ത് അതാതു കാലങ്ങളിൽ നിലവിലുള്ള ഏത് പ്രശ്നവും - മണ്ഡരി മുതൽ സുനാമി വരെ - കൈകാര്യം ചെയ്യുമ്പോൾ അജ്ഞനാണെന്ന തോന്നലുണ്ടാക്കാതെ വാക്കുകൾ ഉപയോഗിച്ച് മുമ്പോട്ടുപോകണം. (34) ദേശ-വിദേശങ്ങ ളിലെ പ്രസംഗങ്ങളിലും പരിപാടികളിലും പങ്കെടുക്കുമ്പോൾ സമയം പാലിക്കാതിരിക്കുമ്പോഴും, വെള്ളമടിച്ച് പ്രസംഗവിഷയമോ, വാക്കു കളോ മാറുമ്പോഴും നിരന്തരമുള്ള കഠിമായ ജോലിത്തിരക്കുകൊണ്ടാ ണീപിഴവുകൾ വന്നതെന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്താൻ കഴി യണം. നാക്കു കുഴയുന്ന ലെവലിലാണെങ്കിൽ സുഹൃത്തിനെകൊണ്ട് പറയിപ്പിക്കാനുള്ള വാക്കുകൾ നേരത്തെ എഴുതിക്കൊടുത്തിരിക്കണം. (35) ശരീരസുഖമില്ല എന്ന് ബോധ്യപ്പെടുത്താൻ ശ്രമിക്കാവുന്നതുമാ ണ്. പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ പോകാൻ യോഗം ലഭിക്കുന്ന ബുദ്ധിജീവിക്കാണിപ്രകാരം കാലുറയ്ക്കാതെ നാക്കു കുഴയുന്നതെ ങ്കിൽ, ശരീരഅസുഖപ്രയോഗം യോജിക്കും. (36) പരിധിക്കപ്പുറം ലഹരി പാനീയങ്ങൾ കഴിപ്പിക്കുന്ന വിദേശി ഇന്ത്യക്കാരാണ് ക്ഷണിച്ചതെങ്കിൽ ഓരോ സ്റ്റേജിലും പറയാനുള്ളത് എഴുതിക്കൊണ്ടുപോയിരിക്കണം. (37) ഉത്ഘാടന പ്രസംഗമോ, മറ്റോ ആണെങ്കിൽ എഴുതിക്കൊണ്ടു പോയത് വായിക്കാൻ ഒരാളെയെങ്കിലും പരിശീലിപ്പിച്ചിരിക്കണം. (38) തന്റെ പ്രസംഗം ആദ്യമായി നടക്കുന്ന സദസുകളിലാണെങ്കിൽ പ്രസം ഗിക്കുമ്പോൾ ഹസ്തചലനത്തിന് തന്റേതായ ഒരു ശൈലിയുണ്ടാക്കി യെടുക്കണം. മരിച്ചുപോയ മറ്റൊരു ജീവിയുടെ ശൈലി പിന്തുടരാവു ന്നതാണ്. ജീവിച്ചിരിക്കുന്നവരുടെ ശൈലി കഴിവതും ഒഴിവാക്കണം. ഇല്ലെങ്കിൽ അപഖ്യാതിയുണ്ടാകും, കോപ്പിയടിക്കുകയാണെന്ന് പറയും. (39) വാക്കുകളുടെ പ്രയോഗത്തിലും സ്വന്തമായ ഒരു ബുദ്ധിജീവി



Scanned with CamScanner

ശൈലി വാർത്തെടുക്കാൻ സിനിമ ടിവി കണ്ട് കോപ്പിയടിക്കുന്നത് വളരെ സഹായകമായിരിക്കും. (40) ഗഹനമല്ലെങ്കിലും ഗഹനമായ കാര്യങ്ങളാണ് ലാഘവത്തോടെ പറയുന്നത് എന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്തിയാൽ കുറേ ആരാധകവൃന്ദത്തെ ഉണ്ടാക്കിയെടുക്കാൻ സാധിക്കും. (41) ആരാധക വൃന്ദത്തെയും ഫാനുകളേയും ഉണ്ടാക്കിയെടുത്താൽ പിന്ന് ബുദ്ധിജീവി പഥത്തിൽ ക്ളേശം വളരെക്കുറവായിരിക്കും. (42) പ്രസംവേളയിൽ ഉയർത്തേണ്ടവനെ ഉയർത്താനും (പ്രതികരിക്കില്ലെന്നുറപ്പുണ്ടെങ്കിൽ) തറയാക്കേണ്ടവനെ തറയിലേക്കെറിയാനും ബുദ്ധിജീവിക്കു കഴിയണം. (43) പ്രസംഗവേളയിലും രചനാവേളയിലും വിഷയവുമായി ബന്ധപ്പെട്ട് ഒന്നോ രണ്ടോ വ്യക്തികളുടെ - അവർ ഇന്ത്യാക്കാരാണെങ്കിലും വിദേശിയാണെങ്കിലും - നന്മതിന്മകളുടെ മൂന്നുനാലും കാര്യങ്ങൾ അറിഞ്ഞിരിക്കണം. സദസുനോക്കി നന്മകളെ / തിന്മകളെ അസന്നിദ്ധമായി, ആ വ്യക്തിയെക്കുറിച്ച് പൂർണവിവരമറിയാവുന്നവനാണ് ഞാൻ എന്ന രീതിയിൽ പ്രസംഗിക്കാം. (43) ഇന്ത്യാക്കാരനാണ് വിഷയത്തിൽ വരുന്നതെങ്കിൽ അവനെക്കുറിച്ച് എത്ര തറയായിട്ടും പ്രസംഗിക്കാം. വിദേശിയാണെങ്കിൽ അൽപം മാന്യത പുലർത്തുന്നുണ്ടെന്ന് സദസിനും വായനക്കാർക്കും തോന്നണം. (44) പ്രതികരണശേഷിയുള്ള ജനങ്ങൾക്ക് ഓർമ്മശക്തി വളരെക്കുറവാണെന്നോർക്കണം. ഓർമ്മശക്തിയുള്ളവർ കാര്യമായി പ്രതികരിക്കുകയുമില്ലെന്നറിയണം. (45) പരസ്പര വിരുദ്ധമായി ഒരേ സ്ഥലത്തോ, വിവിധ സ്ഥലങ്ങളിലോ പറയേണ്ടിവന്നാൽ, അത് ശാശ്വതസത്യത്തിന്റെ രണ്ടു വശങ്ങളാണെന്ന്, മുഖത്ത് വികാരം വരുത്തികൊണ്ട് പ്രഖ്യാപിക്കണം (നിങ്ങൾ, ഞാൻ പ്രതീക്ഷിക്കുന്ന അത്രക്ക് ഉയരാത്തതിനാലാണ് എന്റെ വരികൾ പരസ്പരം വിരുദ്ധമായി തോന്നുന്നത് എന്ന വികാരമാണ് മുഖത്തുണ്ടായിരിക്കേണ്ടത്). (46) പ്രസംഗത്തിലും സംസാരത്തിലും "....... 1936 ൽ ജനുവരി 27-ാം തീയതിയാണെന്നാണെന്റെ ഓർമ്മ..... ഇന്ന വ്യക്തി ബോംബെയിൽ വച്ച് പ്രസംഗിച്ച വരികൾ ഞാനിപ്പോഴും ഓർക്കുന്നു...... ! "എന്നതുപോലെയുള്ള സമാനവരികൾ പ്രയോഗിക്കണം. ബുദ്ധിജീവിയുടെ ഓർമ്മശക്തിക്ക് തെളിവായി സദസത് അംഗീകരിക്കും. (47) തനിക്ക് സാധിക്കാത്തതോ യോജിക്കാത്തതോ ആയ സ്ഥാനമാനങ്ങൾ ജീവിതത്തിൽ ഏതെങ്കിലും കാരണം കൊണ്ട് ത്യജിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ...... ഞാനത് പുല്ലുപോലെ വലിച്ചെറിഞ്ഞു

എന്ന് നിർവികാരനായി ശാന്തഭാഷയിൽ പറയണം. അംഗീകാരം നേടണം - (ത്യാഗവും ചെയ്യാനറിയാവുന്നയാളാണെന്ന അംഗീകാരമാണ് ഇത്തരുണത്തിലാവശ്യമെങ്കിൽ) (48) പത്രമാധ്യമങ്ങളിലൂടെയുള്ള വിവരം ലഭിച്ചതനുസരിച്ച് ചില വ്യക്തിയേയോ സ്ഥാപനത്തേയോ ജനങ്ങളിൽ ചിലർ/ശ്രോതാക്കൾ വെറുക്കാൻ സാധ്യതയുണ്ടെന്ന് അറിവു ലഭിച്ചാൽ, അയാൾക്കിട്ട് പ്രസംഗമധ്യേ രണ്ടുമൂന്നു കുത്തുകൂടി കൊടുക്കാൻ ഓർമ്മിക്കണം.... ഇപ്രകാരം ചെയ്യുമ്പോൾ അയാൾ എന്റെ സുഹൃത്താണെങ്കിൽ പോലും എന്ന മുഖവുര കൊടുത്തുവേണം കുത്താൻ (സ്ഥലവും കാലവും വ്യക്തിയുടെ ആരാധകരില്ലാത്ത അവസ്ഥയും നോക്കിവേണം ഇപ്രകാരമുള്ള സാഹസത്തിനൊരുമ്പെടാൻ. (49) ലോകസംഭവങ്ങൾ ബുദ്ധിജീവിയായ ഞാൻ വിലയിരുത്തുന്നുണ്ടെന്ന് ശ്രോതാക്കളെ ബോധ്യപ്പെടുത്താൻ അമേരിക്കയിലെ ചിക്കാഗോവിൽ നടന്നത്, ഇറാക്കിൽ നടന്നത്, കുവൈറ്റ് അധിനിവേശം, എത്യോപ്യൻ പ്രശ്നം ഇതെല്ലാം ഇടക്ക് ദുഃഖഭാരത്തോടെയും പ്രതിഷേധസ്വരത്തിലൂടെയും വിവരിക്കണം. കാശ്മീരിലെ കൂട്ടക്കൊലയോ, പൂർവ്വോത്തരഭാരതത്തിലെ നഗ്നമായ ദേശവിരുദ്ധപ്രവർത്തനമോ സൂചിപ്പിക്കുകപോലുമരുത്. (50) രണ്ടാമതു വിവരിച്ചതുപോലുള്ള വിഷയങ്ങൾ ആരെങ്കിലും എടുത്തിട്ടാൽ ....... തനിക്കെന്തറിയാം ..... എന്റെ സുഹൃത്ത് 127 ദിവസം കാശ്മീരിലും/നാഗാലാന്റിലുമുണ്ടായിരുന്നു. കേരളത്തേക്കാൾ ശാന്തമാണീ സ്ഥലം എന്ന് സംശയം ജനിപ്പിക്കാത്തവിധം വ്യക്തമാക്കണം. (51) ഭാരതത്തിൽ എന്തു പ്രശ്നമുണ്ടായാലും അത് ഭൂരിപക്ഷ വർഗീയതകൊണ്ടാണ് എന്ന് അക്കമിട്ടു നിരത്തുമ്പോൾ, ഭാരതത്തിലെ പല ഗ്രാമങ്ങളുടേയും പേരു പറഞ്ഞ് (അവിടെ ഒരു പ്രശ്നമുണ്ടായിട്ടില്ലെങ്കിലും) വിരൽകൊണ്ടെണ്ണുന്നതുപോലെ അഭിനയിച്ച് പ്രശ്നങ്ങളെക്കുറിച്ച് സമർത്ഥിക്കുന്നതാണ് ബുദ്ധി ജീവിയുടെ പ്രധാനലക്ഷണങ്ങളിലൊന്ന്. (52) ന്യൂനപക്ഷവർഗീയതയെക്കുറിച്ചു പറയേണ്ടിവന്നാൽ ഒരു ശാസ്ത്രജ്ഞന്റെ മുഖഭാവത്തോടെ പ്രഖ്യാപിക്കണം. "ഭൂരിപക്ഷ വർഗീയതയാണിതിനും കാരണമെന്ന്". (53) സത്യത്തിന്റേയും ധർമ്മത്തിന്റേയും നീതിയുടേയും ന്യായത്തിന്റേയും കൂടെയാണ് താനെന്നും, സ്വാതന്ത്ര്യസമരക്കാലം മുതൽക്ക് തന്റെ മാതാപിതാക്കളിൽ നിന്ന് തനിക്കുകിട്ടിയ ഏറ്റവും വലിയ അനുഗ്രഹവുമതാണെന്നും വികാരതീവ്രതയോടെ ശാന്തഗംഭീരമായി പറയാൻ പഠിക്കണം. (54) കായംകുളം



Scanned with CamScanner

കൊച്ചുണ്ണിയോ, വീരപ്പനോ ആണ് ഗുരുസ്ഥാനത്തിനുതകുന്നതെങ്കിലും ഗുരുവിന് മറ്റൊരു നല്ലപേര് കൊടുത്ത് ആ ഗുരുവിൽ നിന്ന് പഠിച്ചത് തന്റെ രക്തത്തിലുണ്ടെന്നും കണ്ണടമാറ്റി കണ്ണുതുടച്ചുകൊണ്ടു പ്രസംഗ വേദിയിൽ അഭിനയിക്കാൻ പരിശീലിക്കണം. (55) പത്രങ്ങളും മാധ്യമ ങ്ങളുമാണ് ഓരോരുത്തനേയും "......... മാളികമുകളിലേറിയ ............."
അതുകൊണ്ട് പത്രസമ്മേളനം, പത്രപ്രവർത്തകരുമായുള്ള പ്രത്യക്ഷ-പരോക്ഷ ബന്ധം, ഇടയ്ക്കൊരു ആഹ്ളാദം പങ്കിടാനുള്ള ബോട്ടിൽ പ്രയോഗം. ഇതെല്ലാം മാസത്തിലൊരിക്കലെങ്കിലും വേണം. (56) പത്ര ക്കാർ ശ്രമിച്ചാൽ, ഒരു സുപ്രഭാതത്തിൽ നാം എല്ലാമെല്ലാമായിത്തീരാ നും, ഒന്നുമല്ലാതാകാനും സാധിക്കും. ബുദ്ധിജീവികളുടെയും പുരു ഷാർത്ഥങ്ങളായ ധർമ്മം-അർത്ഥം-കാമം-മോക്ഷം ഇവ നാലും സാധി ക്കുന്നതിന് ബുദ്ധിയുടെ ആവശ്യമേയില്ല. നാക്കിന്റെയാവശ്യവും പത്ര മാധ്യമങ്ങളെന്ന ആംബ്ലിഫെയറും മാത്രം (അതു മാത്രം) മതിയെന്നുമ റിയണം. (57) ഞാൻ എളിയവനാണെന്നും, സാധാരണക്കാരിൽ സാധാ രണക്കാരനാണെന്നും, തന്നെ ഈ നിലയിലേക്കുയർത്തിയത് കേരള ത്തിലെ/ഭാരതത്തിലെ ജനങ്ങളാണെന്നുമുള്ള കടപ്പാട് സദസ്സുകളി ലെല്ലാം വാരി വിതറണം. താൻ ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നു ബോധ്യപ്പെടുത്തണം. (58) പണ്ട് ബുദ്ധിജീവി ചെയ്ത തെറ്റു കൾ മനുഷ്യരുടെ സ്മൃതി മണ്ഡപത്തിൽ ഇന്നും അവശേഷിക്കുന്നു എന്നു തോന്നുന്നുണ്ടെങ്കിൽ, ഈ സമയത്താണ് ആ തെറ്റുകളേറ്റു പറഞ്ഞ് മാപ്പുചോദിക്കേണ്ടത്. പരിധിക്കപ്പുറം വിനയാന്വിതനാകാതി രിക്കാനും ശ്രദ്ധിക്കണം. നല്ലതും കാലത്തിനൊത്തമാറ്റവും സ്വീകരി ക്കാൻ സാധിച്ചതുകൊണ്ടും ഈശ്വരാനുഗ്രഹംകൊണ്ടുമാണ് ഇപ്പോൾ തെറ്റുകൾ, (ഒരു ബുദ്ധിജീവിയെന്ന നിലയിൽ) തിരുത്താൻ സാധിച്ച തെന്നും പറയണം. (59) നഖശിഖാന്തം എതിർത്തിരുന്ന ഭഗവദ്ഗീത, ഉപനിഷദ് എന്നിവയിൽ നിന്ന് ഒന്നോ രണ്ടോ വരി ഉദ്ധരിണികളായി ഉപയോഗിക്കാൻ പറ്റിയ സമയം ഈ കുറ്റസമ്മതവേളയാണ്. പ്രഗത്ഭ രായ വ്യക്തികൾ പറഞ്ഞതോ പറയാത്തതോ ആയ കാര്യങ്ങൾ, അവ രിങ്ങിനെ പറഞ്ഞിട്ടുള്ളത് ഞാനോർക്കുന്നു എന്നും ഈ സമയത്ത് പറയാം. (60) മേൽവിവരിച്ചതെല്ലാം പരാജയപ്പെട്ടാൽ, ചങ്കൂറ്റത്തോടെ രണ്ടും കൽപിച്ച് പ്രഖ്യാപിക്കണം. "എന്റെ തെറ്റുകൾ ഞാൻ തിരുത്തു ന്നു. എതിർ ചേരിയിലുള്ളവരും അവരുടെ വീക്ഷണങ്ങളും ഗ്രന്ഥങ്ങളും



Scanned with CamScanner

ശരിയാണെന്നും, അതു സ്വീകരിക്കുകയാണെന്നും കേരളജനത എന്നെ അനുഗ്രഹിക്കുമെന്നെനിക്കുറപ്പുണ്ടെന്നും, കാലഘട്ടത്തിന്റെ ആവശ്യമിതാണെന്നും, ഇന്ന ഗുരുവിന്റെ നിർദ്ദേശ പ്രകാരമാണ് ഞാൻ മാറുന്നതെന്നും പ്രഖ്യാപിക്കണം! ഇത് ചുവടുമാറ്റമല്ല, മറിച്ച് ഹൃദയമാറ്റവും മാനസാന്തരവുമാണെന്നും പറയണം. എല്ലാം സമയവും തരവും നോക്കി പറയാൻവേണ്ടി അത്യാവശ്യമായ മേൽവരികൾ മനപ്പാഠമാക്കിയേ മതിയാകൂ. (61) പത്രമാധ്യമങ്ങളിൽ നിറയാൻ മറ്റൊരു മാർഗവുമുണ്ട്. പെട്ടെന്ന് മതവിശ്വാസിയാകുക, ചന്ദനപ്പൊട്ട് - ഭസ്മം - ഇവ നെറ്റിയിൽ തൊടുക, മന്ത്രങ്ങളുച്ചരിക്കുക. ഈശ്വരവിശ്വാസം പ്രസംഗത്തിൽ ചേർക്കുക, 'ആൾദൈവങ്ങളുടെ' അടുത്തു ചെല്ലുക. (ഭാര്യക്കുവേണ്ടിയാണെന്ന് ഈ സമയത്ത് പറയരുത്), സന്യാസിമാരുടെ അടുത്ത് തലകുനിഞ്ഞിരിക്കുന്നതുപോലെ അഭിനയിക്കുക. ഗുരുഭൂതന്മാരുടെ വരികളുദ്ധരിക്കുക........ (യഥാർത്ഥ വിശ്വാസത്തോടെ ക്ഷേത്രങ്ങളിലും ആശ്രമങ്ങളിലും ബുദ്ധിജീവികൾ പോകുമ്പോൾ, പത്രക്കാർ ചോദിക്കുന്ന വേളയിലാണ് ഭാര്യക്കുണ്ടി മകൾക്കുവേണ്ടി എന്നെല്ലാം പറഞ്ഞ് തടിയൂരേണ്ടത്) (62) ഹിന്ദുക്കളുടെയിടയിൽ സ്ഥാനമില്ലാതെ മറ്റൊരുഗതിയുമില്ലാത്ത അവസ്ഥ വരുമെന്ന സംശയം തോന്നിയാൽ ക്രിസ്ത്യാനികളും, മുസ്ലീമുകളും മതസൗഹാർദറാലി നടത്താനും സുവിശേഷ-മത പ്രസംഗം ഉത്ഘാടനം ചെയ്യിക്കാനും ഹിന്ദുപേരും ജാതിയുടെ വാലുമുള്ളവനെ അന്വേഷിച്ചു നടക്കുന്ന കാലഘട്ടമായതിനാൽ അത്തരത്തിലുള്ള മേച്ചിൽ സ്ഥലങ്ങൾ സകൗര്യപ്രദമായിനേരത്തേ തെരഞ്ഞുവയ്ക്കണം. അവിടെ പ്രസംഗത്തിനും ആശംസകളർപ്പിക്കുന്നതിനും അറിവു വേണമെന്ന് തീരെ നിർബന്ധമില്ല. ചോദ്യം ചെയ്യാതെ വിശ്വസിക്കാൻ പഠിച്ചവരും പഠിപ്പിച്ചവരും നിറഞ്ഞിരിക്കുന്ന സദസ്സായിരിക്കുമത്. ബൈബിളിലെയും ഖുറാനിലേയും രണ്ടോ മൂന്നോ വരികളുദ്ധരിക്കാൻ പഠിക്കണമെന്നേയുള്ളൂ. എന്നിട്ട് മദർ തെരേസയെ ഉയർത്തുക, പരുമല തിരുമേനിയേയോ ഗോവയിലെ സെന്റ് സേവ്യറേയോ (ഗോവയിലെ 485 ഹിന്ദുക്ഷേത്രങ്ങൾ ഒറ്റദിവസംകൊണ്ട് തകർത്ത് വിഗ്രഹത്തിൽ തുപ്പാനും .......... നിർബന്ധിച്ച അതേ പുണ്യവാളൻ) ഉയർത്തുക. ഉയർത്തുമ്പോൾ മാതാ അമൃതാനന്ദമയിയേയും, ശ്രീ സത്യസായി ബാബയേയും, ശ്രീ രവിശങ്കർജിയേയും പുച്ഛിച്ച് സംസാരിക്കുക, കുത്തുവാക്കുകളുപയോഗിച്ച് പരിഹസിക്കുക. ഇന്നത്തെ

കേരളാ മോഡൽ ബുദ്ധിജീവികൾ പലരും പയറ്റി തെളിഞ്ഞ ഒരു മാർഗ മാണിതെന്ന് ഓർക്കുമല്ലോ. അവരുടെ ജീവരക്തമാണിതെന്നും അറിഞ്ഞ് അവർക്ക് ഗുരുദക്ഷിണവച്ച് പ്രയോഗിക്കുകയാണുത്തമം. (63)
62 വിദ്യകളും പരാജയപ്പെട്ടാൽ ഒരു പുസ്തകമെഴുതി ബുദ്ധിജീവിയാ കാം. പണ്ടുപറഞ്ഞതിനെ എതിർത്തുകൊണ്ടും പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചുകൊണ്ടും എഴുതുക. അല്ലെങ്കിൽ പണ്ട് എഴുതിയതിനെ ഏതെങ്കിലും പത്രപ്രവർത്തകന്റെ സഹായത്താൽ ചർച്ചാവിഷയമാക്കു ക. 50-60 പേജുകളുള്ള ഒരു പുസ്തകമെഴുതാൻ ഒരു വിഷമവുമുണ്ടാ കില്ല. ഏതെങ്കിലും ഒരു പാശ്ചാത്യൻ പണ്ടെങ്ങാണ്ടോ എഴുതിയ പുസ്ത കത്തിലെ ടൈറ്റിൽ മാറ്റി സംക്ഷിപ്തമെഴുതാം, അതിലെ ഓരോ അദ്ധ്യായവും അതേ പേരുകൊടുത്ത് പുതിയ പുസ്തകമാക്കിയെഴു താം. അർത്ഥമൊന്നു മറഞ്ഞുകൂടെങ്കിലും പല സുവിശേഷകരും ചെയ്യു ന്നതുപോലെ നാലോ അഞ്ചോ സംസ്കൃതവരികളും കൂട്ടിച്ചേർത്ത് ഒറിജിനൽ ആക്കാം. ജില്ലകൾ തോറും അൽപം കാശുമുടക്കിയാലും ഈ പുസ്തകത്തെക്കുറിച്ച് ചർച്ചാ സമ്മേളനങ്ങൾ വയ്പ്പിക്കുക. മറ്റു ജീവികളുടെ സഹായത്തോടെ പുസ്തകം ജനമധ്യത്തിലെത്തിക്കുക..... ഇതെല്ലാം ഒരു പ്രോജക്ട് എന്നപോലെ കൈകാര്യം ചെയ്യണം. മൊബൈൽ ഫോണും, ഈ മെയിലും ഉപയോഗിച്ച് ഗ്രാമ ഗ്രാമാന്തര ത്തിൽ ഈ പുസ്തകത്തെക്കുറിച്ചോ അത് എഴുതിയ ബുദ്ധിജീവിയുടെ പുതിയ വെളിപാടിനെക്കുറിച്ചോ അതിലുള്ള വീക്ഷണത്തേക്കുറിച്ചോ ചർച്ച ചെയ്യിപ്പിക്കുക. ഇതിനാവശ്യമായ ചിലവ് സ്പോൺസർഷിപ്പ് ആയി ലഭിക്കാനും, ബാനർ ഡിസ്പ്ലേക്കായി ആവശ്യപ്പെടാനും സുഹൃ ത്തുകളുടെ സഹായം തേടുക. ചെറിയ കമ്മിറ്റിയുണ്ടാക്കിയാൽ 60:40 റേഷ്യോയിൽ വരവ് പങ്കിട്ടെടുക്കാനും തയ്യാറായാൽ വരും തലമുറ ക്കുകൂടിയുള്ളതുണ്ടാക്കാം.
ദ ടാവോ ഓഫ് ഫിസിക്സ്, സെൽഫ് അവേയർ യൂണിവേഴ്സ്, ബിയോണ്ട് ദി വേൾഡ് ഓഫ് ഓപ്പോസിറ്റ് എന്ന പുസ്തകങ്ങളുടെ അധ്യായം മാത്രം അതേപടി പുസ്തകമാക്കിയോ, ആ പുസ്തകത്തെ കേന്ദ്രീകരിച്ചെഴുതിച്ചോ, ഈശ്വരൻ നൽകിയ മനുഷ്യജന്മം പല ചവി ട്ടുനാടകങ്ങളും കളിച്ച് ബുദ്ധിജീവിയായി തുടങ്ങാനും വളരാനും അവ സാനം ചത്തുപോകുംവരെ ജനഹൃദയങ്ങളിൽ "ശ്രേഷ്ടന്മാരുടെ സ്ഥാന ത്തിരിക്കാനുമുള്ള യോഗ്യതയും തൊലിക്കട്ടിയുമുണ്ടെന്ന്തെളിയി

ക്കാനും സാധിച്ചാൽ അതൊരു നേട്ടമാണ്. ഭാര്യക്കും മക്കൾക്കും സ്വാതന്ത്ര്യസമരപെൻഷനെങ്കിലും ഇക്കാലത്ത് ഒപ്പിക്കണം. വിധവാ പെൻഷൻ അനുവദിപ്പിക്കാൻ സാധിച്ചില്ലെങ്കിലും!

(64) സിന്റിക്കേറ്റംഗങ്ങൾ, സെനറ്റംഗങ്ങൾ, വിദ്യാർത്ഥി-അധ്യാപക-തൊഴിലാളി-തൊഴിൽ രഹിത -വനിത-ന്യൂനപക്ഷ-സംഘടനകളുടെ ഭാരവാഹികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കണം. (65) സമകാലിക പ്രസക്തിയുള്ളതെന്നു തോന്നുന്ന സംഭവങ്ങൾ മുതലെടുക്കാൻ പറ്റുന്നത് പത്രമാധ്യമങ്ങളിലൂടെ വരുത്തുന്നതിന് പ്രതികരിച്ചുകൊണ്ടേയിരിക്കണം. പത്രക്കുറിപ്പുകളെഴുതിയയക്കണം. (67) യാത്ര ചെയ്യുന്ന വേളയിൽ അതാതു ജില്ലയിലെത്തുമ്പോൾ പരിചയമുള്ള ജില്ലയിലെ പത്രപ്രവർത്തകരുമായി ബന്ധപ്പെട്ടുകൊണ്ടേയിരിക്കണം. (68) ഇടക്ക്, അനാഥാലയം, പള്ളികൾ, മദ്രസ, ബിഷപ്ഹൗസ്, പത്രമാപ്പീസ് എന്നിവയിലേയ്ക്ക് സുഹൃത്തുക്കളുമായി കടന്നു ചെല്ലണം. ക്ഷേമാന്വേഷണം നടത്തണം. സാധിക്കുമെങ്കിൽ ചെറിയ സംഭാവന നൽകി വാർത്തയാക്കണം. (69) അവാർഡു കമ്മിറ്റിയിലംഗമാകാനും, അവാർഡു ലഭിച്ചാൽ അതൊരു സുഖമാണെന്നും, വ്യംഗ്യാർത്ഥത്തിൽ അറിയിക്കേണ്ടവരെ അറിയിക്കേണ്ട വിധത്തിൽ അറിയിക്കണം. അവാർഡു നൽകുന്നവരുടെ തീരുമാനങ്ങൾ തെറ്റാണെങ്കിലും അടുത്ത കമ്മിറ്റിയിൽ അല്ലെങ്കിൽ മറ്റേതെങ്കിലും കമ്മിറ്റിയിൽ അവർ വരാൻ സാധ്യതയുണ്ടെങ്കിൽ, അവരെ ശക്തുയുക്തം ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ന്യായീകരിക്കണം. (70) വയസുകാലത്ത് ഇതൊക്കെ എന്തിനാണെന്ന് ചോദിക്കണം. അവാർഡിനുവേണ്ടിയല്ല എന്റെ പ്രിയജനങ്ങൾക്കുവേണ്ടിയാണ്, എന്റെ സംസ്കാരത്തെ പോഷിപ്പിക്കാനാണ് / ഇതെന്റെ ധർമ്മം മാത്രമാണ്/ എന്നെക്കാൾ കൂടുതൽ അവാർഡിനർഹരായവരുണ്ട്/ ഞാൻ വെറുമൊരു സാധാരണക്കാരൻ/... എന്നീ പദങ്ങൾ അവാർഡു ലഭിക്കാൻ സഹായകമായിരിക്കുമെന്നതിനാൽ ഇടക്കിടക്ക് പ്രയോഗിക്കാൻ പഠിക്കണം.

അനന്തമായ വികസന സാധ്യതയുള്ള പ്രകടനപത്രികയാണ് ബുദ്ധിജീവികൾക്കുള്ളത് എന്നതിനാൽ ചില പ്രായോഗിക സൂചനകൾ കൂടി നൽകി ഈ ലേഖനം അവസാനിക്കാം.

**പ്രായോഗിക സൂചനകൾ :** (71) ദേശീയ പതാക താഴ്ത്തി മുസ്ലീം



Scanned with CamScanner

ലീഗ് പതാക കേരളത്തിലുയർത്തിയപ്പോൾ പ്രതികരിക്കേണ്ടതില്ല എന്ന അനുഭവം സ്മരണയിലുണ്ടാകണം. (72) മപ്പുറത്തും സമീപപ്രദേശങ്ങളിലും നടക്കുന്ന ദേശദ്രോഹ പ്രവർത്തനങ്ങൾ ന്യൂനപക്ഷങ്ങൾ നടത്തിയാൽ അതവരുടെ ജന്മാവകാശമാണ് എന്ന രീതിയിൽ സംസാരിക്കണം. (73) മരിച്ചത് ഹിന്ദുക്കളായാൽ പച്ചക്ക് വെട്ടിക്കൊന്നവനെ ന്യായീകരിക്കാനും കൊന്നവന്റെ കുടുംബങ്ങൾക്ക് പോലീസ് സംരക്ഷണം ആവശ്യപ്പെടാനും ആയുധം സൂക്ഷിച്ച ആരാധനാലയം. ഉടനെ വിട്ടുകൊടുക്കണമെന്നു പറയാനും പഠിക്കണം. രണ്ടുമൂന്നു മാസത്തേക്ക് സൗജന്യ റേഷൻ  കൊന്നവന്റെ വീട്ടുകാർക്ക് ലഭ്യമാക്കണം. (74) 180 കോടി രൂപയുടെ ഹവാല പണത്തെക്കുറിച്ച് യാതൊരക്ഷരവും മിണ്ടാതിരിക്കാനും പഠിക്കേണ്ടതുണ്ട്. (75) തീവ്രവാദിയെ (ന്യൂനപക്ഷക്കാരനാണെങ്കിൽ) ജയിലിൽ നിന്ന് മോചിപ്പിക്കണോ എന്ന് നിയമം കൈകാര്യം ചെയ്യുന്നവർ ചോദിച്ചാൽ, ഞങ്ങൾ ബുദ്ധിജീവികൾക്ക് പ്രത്യേകം അഭിപ്രായമില്ല എന്നും നിയമം അതിന്റെ വഴിയിലൂടെ പോകട്ടെയെന്നും (ഇലക്ഷൻ അടുത്തിട്ടുണ്ടെങ്കിൽ) പറയണം. ഹിന്ദു തീവ്രവാദിയാണെങ്കിൽ നേരെ മറിച്ചും പറയണം. (76) നെറ്റിയിൽ ഒരു വലിയ കുങ്കുമം, ചന്ദനം, ശാന്തമെന്നഭിനയിക്കുന്ന മുഖഭാവം, കൈയ്യിൽ കെട്ടിയ ചുവന്ന ചരട്, ഭാരതീയ പൈതൃകം അ മുതൽ ക്ഷ വരെ സംരക്ഷിക്കുന്നത് ഞാനാഎന്ന മുഖഗാംഭീര്യം, നിനെക്കൊക്കെ എന്തറിയാമെന്ന നോട്ടം, ഇതാണ് പക്കാ ഹിന്ദുബുദ്ധിജീവിയുടെ ലക്ഷണം. ഹിന്ദുധർമ്മത്തെക്കുറിച്ച് എന്തെങ്കിലും വായിക്കണമെന്നോ അറിയണമെന്നോ പഠിക്കണമെന്നോ ഒരു നിർബന്ധവും ഇല്ലാത്ത ടൈപ്പ് ബുദ്ധിജീവികളാണീ വർഗത്തിൽപെടുന്നവർ. ഹിന്ദുധർമ്മസംരക്ഷണം ഹോൾസെയിലായും റീട്ടെയിലായും ഇവരുടെ കുത്തുകയാണ്. (77) ക്ഷേത്രങ്ങളിൽ കള്ളു നിവേദിക്കുകയും  മൃഗബലി നടത്തുകയും ചെയ്യുന്ന ദുരാചാരത്തെ പരോക്ഷമായി പിന്താങ്ങേണ്ടത്, ഹിന്ദുവിനെ ഈ സംഭവങ്ങളുപയോഗിച്ച് ആവശ്യമുള്ളപ്പോൾ പ്രഹരിക്കാൻ സഹായിക്കണെന്നറിയണം. (78) കൽക്കട്ട കാളിക്ഷേത്രത്തിലെ നികൃഷ്ടമായ മൃഗബലി ഹിന്ദുവിന്റെ വികാരമായതിനാലാണ് തടയാത്തത് എന്ന് പറഞ്ഞ്, ആവശ്യം വരുമ്പോഴെല്ലാം ഇതിനെതിരെ അട്ടഹസിച്ച് ഹിന്ദു ആചാരങ്ങളെ അവഹേളിക്കണം. (79) നിരക്ഷരരാണെങ്കിലും അറബി ഉർദു അധ്യാപകർക്കും മുല്ലാക്കക്കും, മുക്രിക്കുമെല്ലാം പെൻഷൻ വിത



Scanned with CamScanner

രണവേളയിൽ ആശംസകളർപ്പിക്കാൻ അവസരമുണ്ടാക്കണം. (80) അടുത്ത ജന്മമുണ്ടെങ്കിൽ ഒരു മുസൽമാനായി ജനിക്കണമെന്ന് മുസ്ലീം സദസിലും, ക്രിസ്ത്യാനിയായി ജനിക്കണമെന്നാണാഗ്രഹമെന്ന് ക്രിസ്ത്യൻ സദസിലും വികാരതീവ്രതയോടെ പറയണം. (81) ഹിന്ദുവിനെ, ഏതു ക്രിസ്ത്യാനി അവഹേളിച്ചാലും, മതം മാറ്റിയാലും അതു ന്യായീകരിക്കണം, മറിച്ചായാൽ ശ്കതിയായി പ്രതികരിക്കണം. (82) പള്ളിയിലെ അച്ചനേയോ, മൗലവിയേയോ അവരുടെ മതക്കാരുതന്നെ കൊന്നാൽ ഒരക്ഷരം മിണ്ടരുത്. ഹിന്ദുവിന്റെ കാര്യത്തിലാണെങ്കിൽ എന്താണ് ചെയ്യേണ്ടതെന്നറിയാമല്ലോ. (83) കന്യാസ്ത്രീയുടെ ശരീരത്തിൽ ഒരു ഇല വീണാൽ അതിശക്തിമായി സിംഹത്തെപോലെ ഹിന്ദു വർഗീയതയ്ക്കെതിരെ പ്രതികരിക്കണം. (84) ഹിന്ദുക്കൾ യോജിക്കുന്നു എന്നറിഞ്ഞാൽ ഏതു രീതിയിലും എതിർക്കാമെന്നറിയണം. പ്രതികാരം തീർക്കുന്നതുപോലെ പ്രസംഗിച്ച് ആ യോജിപ്പില്ലാതാക്കിയില്ലെങ്കിൽ തകർന്നുപോകുമെന്നോർമ്മവേണം. (85) വർക്കല ആശ്രമം പോലെ ഹിന്ദുക്കളുടെയേതെങ്കിലും സ്ഥാപനം സർക്കാരെടുത്താൽ ഒന്നുകിൽ ന്യായീകരിക്കണം. അല്ലെങ്കിൽ മൗനമാണുത്തമം. ന്യൂനപക്ഷത്തിന്റെ സ്ഥാപനമെടുക്കുമെന്ന് കിംവദന്തിവരുത്തുകയോ അവരുടെ സ്ഥാപനങ്ങളുടെ എണ്ണമെടുക്കുകയോ ചെയ്താൽ അതിനെതിരെ ആത്മഹത്യാ സ്ക്വാർഡുകളുണ്ടാക്കുന്നതായി അഭിനയിക്കണം. (86) പത്രക്കാരെ മുസ്ലീം ലീഗുകാർ തല്ലിയതിന് ഹിന്ദു പോലീസുകാരെ സസ്പെന്റ് ചെയ്ത് ന്യായീകരിക്കാൻ തൊലിക്കട്ടിയുണ്ടാക്കണം. (87) സ്കൂളിൽ പൈതൃകം പഠിപ്പിക്കാൻ തീരുമാനിച്ച് 1: 1: 1 എന്ന് ഹിന്ദു ക്രിസ്ത്യൻ മുസ്രീമിന് വീതിച്ച് ഭാരതത്തിലേക്കു നടന്ന മുസ്ലീം ക്രിസ്ത്യൻ ആക്രമം ദൈവാനുഗ്രഹമാണെന്ന് പറയണം, അതിന്റെ നന്മകൾമാത്രം ചേർക്കണം. (88) മതം നോക്കി സ്ഥാനാർത്ഥിയെ നിർത്തുമ്പോൾ സ്ഥാനാർത്ഥി ഹിന്ദുവല്ലെങ്കിൽ / ഹിന്ദുവിനെ പുച്ഛിക്കുന്ന ഹിന്ദുവാണെങ്കിലും അവിടെ ചെന്ന് അനുഗ്രഹിക്കുന്ന ഫോട്ടോ പത്രത്തിൽ വരുത്തണം. (89) തന്റെ ആരാധകർ പൊതുസ്വത്തു നശിപ്പിച്ചാൽ, സ്വാതന്ത്ര്യ സമരക്കാലത്തും നശിപ്പിച്ചിട്ടുണ്ടെന്നു പറയണം. (90) തന്റെ അനുയായികൾ പോലീസിനെ തല്ലിയാൽ അനുമോദിക്കാൻ മടിക്കരുത്. ഞങ്ങൾ ജനങ്ങൽക്കുവേണ്ടി പ്രതികരിച്ചതാണിത് എന്നു പറയണം. (91) തന്റെ പിൻഗാമികൾ നടത്തുന്ന ഉപരോധം, ഹർത്താൽ



Scanned with CamScanner

ഇതൊക്കെ ജനനന്മയ്ക്കാണെന്നു പ്രഖ്യാപിക്കണം. മറ്റുള്ളവർ നട ത്തിയാൽ മറിച്ചും പറയണം, എതിർക്കണം. (92) ഇത്രയും മാർഗനിർദ്ദേ ശങ്ങൾ ആവശ്യമായത്, ആവശ്യമായ തിരുത്തലുകൾ വരുത്തി, ആവ ശ്യമുള്ളപ്പോൾ പ്രയോഗിക്കാൻ സാധിക്കേണമെന്ന് ദൈവത്തോടും നേതാവിനോടും പ്രാർത്ഥിക്കാൻ മറക്കരുത്. (93) നിരീശ്വരവാദികളും, രാഷ്ട്രീയക്കാരും, ബുദ്ധിജീവികളും ഭരിക്കുന്ന ക്ഷേത്രങ്ങളിലെ മത പ്രസംഗത്തിന് ഇടക്കൊരു പ്രാവശ്യം പങ്കെടുത്ത് താൻ ഹിന്ദുവിരുദ്ധ നല്ല എന്ന തോന്നിപ്പിക്കണം. അതു ജീവിതത്തിന്റെ അന്ത്യഘട്ടത്തിലെ ആവശ്യത്തിനുപകരിക്കും. (94) ബുദ്ധിജീവിയാകാൻ പൂർവജന്മപുണ്യ മോ, വലിയവരുടെയും ഗുരുക്കന്മാരുടേയും അനുഗ്രഹങ്ങളോ, ജാത കഫലമോ അല്ല വേണ്ടത്. കണ്ണ് - ചെവി - നാക്ക് എന്നിവ സ്ഥാനത്തും അസ്ഥാനത്തും പ്രയോഗിക്കാനുള്ള കഴിവ്, തൊലിക്കട്ടി, പറ്റിയ കൂട്ടു കെട്ട്, ജനങ്ങളുടെ പരിഹാസം-ശാപം-കേൾക്കാനുള്ള നല്ലമനസ്സ്. ഇത്ര യുമുണ്ടെങ്കിൽ, ദൈവം അനുഗ്രഹിച്ചു നൽകിയ ഒരു മനുഷ്യജന്മം അവ നവനൊഴിച്ച് മറ്റാർക്കും പ്രയോജനമില്ലാത്ത ഒരു ബുദ്ധിജീവിയായി വിലസാം. •

**സനാതന ശാസ്ത്രം – 1 : വൈവസ്വതമന്വന്തരം,**
**28–ാം മഹായുഗം, കലിയുഗം 5107 പാർത്ഥിവ**
**സംവത്സരം, ചൈത്രമാസം 1**

## ജ്യോതിഷം – അന്ധവിശ്വാസം – ദുരാചാരം – ശാസ്ത്രം – പാഠ്യപദ്ധതി.....?

ഭാരതീയ പൈതൃക സമ്പത്തുക്കളെ പാശ്ചാത്യ ലോകം പഠിച്ച് ഗവേഷണം നടത്തി പേറ്റന്റുകളാക്കി മാറ്റുന്ന 21–ാം നൂറ്റാണ്ട് ! സ്വന്തം പൈതൃകത്തെ പുച്ഛിച്ചും, അവഹേളിച്ചും അപകർഷതാബോധം വളർത്താൻ അഹോരാത്രം പ്രവർത്തിക്കുന്ന ചില ഭാരതീയർ! ഈ രണ്ടു പ്രതിഭാസങ്ങളും പഠിച്ച് ഭാരതീയപൈതൃക സമ്പത്തുക്കളുടേയും വിജ്ഞാനധാരകളുടേയും വിശകലനം, സയൻസിന്റെവീക്ഷണത്തോ ടെയും യുക്തിചിന്തയുടെ മാർഗത്തിലൂടെയും, ചെയ്ത് ജനങ്ങളിലെ ത്തിക്കുവാനുള്ള ഒരു പ്രസിദ്ധീകരണം **സനാതനശാസ്ത്രം** എന്ന



Scanned with CamScanner

പേരിൽ ഈ ലക്കം മുതൽ പ്രചരിപ്പിക്കുകയാണ്. അതിൽ ഒന്നാം ലക്കം, ജ്യോതിഷത്തെക്കുറിച്ചാകട്ടെ എന്നത് ഈശ്വരനിശ്ചയവും സമകാലീന പ്രസക്തവുമാണെന്നു തോന്നുന്നു!

വിഷയത്തിലേക്ക് കടക്കുന്നത് പലഭാഗങ്ങളിൽ നിന്നും വരുന്ന ചോദ്യങ്ങളുടെ രൂപത്തിലാണ്. ഈ ചോദ്യങ്ങൾക്കുള്ള മറുപടി രൂപത്തിലാണ് വീക്ഷണാവതരണം ചെയ്തിരിക്കുന്നത്. ജ്യോതിഷത്തെക്കുറിച്ചുള്ള ചോദ്യങ്ങളും, വിമർശനങ്ങളും സംക്ഷിപ്തരൂപത്തിൽ എഴുതി അവയ്ക്ക് മറുപടി നൽകിയിരിക്കുകയാണിവിടെ.

⊙ **ജ്യോതിഷം ശാസ്ത്രീയമാണോ? ജ്യോതിഷം ശാസ്ത്രമാണോ? മനുഷ്യനെ വഴിതെറ്റിക്കുന്ന അന്ധവിശ്വാസമല്ലേ ജ്യോതിഷം ? കലാലയങ്ങളിൽ ജ്യോതിഷം പഠിപ്പിക്കണമോ? ഗ്രഹങ്ങൾ മനുഷ്യനെ സ്വാധീനിക്കുന്നതെങ്ങിനെയാണ് ? ഗ്രഹങ്ങൾക്ക് ഇങ്ങനെയുള്ള ഫലം തരാൻ സാധിക്കുമോ ? ഹിന്ദുക്കൾക്ക് മാത്രമല്ലേ ഈ ജ്യോതിഷാന്ധവിശ്വാസമുള്ളത് മറ്റു രാജ്യക്കാരും, മതക്കാരും ജ്യോതിഷം നോക്കാറില്ലല്ലോ ? ജാതകം നോക്കാതെ വിവാഹം കഴിച്ചാൽ എന്താ കുഴപ്പം ? കുറേ ജാതകങ്ങൾ നോക്കി, സ്ത്രീ ഏത് പുരുഷൻമാർ ഏത് ജീവിച്ചിരിക്കുന്നവർ എത്ര മരിച്ചവർ എത്ര എന്നു പറഞ്ഞാൽ ഞാൻ ജ്യോതിഷം വിശ്വസിക്കാം അല്ലെങ്കിൽ സാധ്യമല്ല!.......**

ജ്യോതിഷത്തെ എതിർക്കാനും, ചിലപ്പോൾ അറിഞ്ഞുൾക്കൊള്ളാനും വേണ്ടി ചോദിക്കുന്നവയാണ്, മേൽവിവരിച്ച പല ചോദ്യങ്ങളും. എല്ലാ ചോദ്യകർത്താക്കളോടും, യുക്തിവാദികളോടും, പുരോഗമനവാദികളോടും, ആദ്യമായി പറയാൻ ആഗ്രഹിക്കുന്നത് ഈ സന്ദേശം മാത്രമാണ്. ജ്യോതിഷം പഠിക്കാനും പഠിപ്പിക്കാനും, അതുപോലെ അതിനെ എതിർക്കാനും അതിലുള്ളതനുശാസിച്ച് ജീവിക്കാനും, അതിലെ അറിവ് ഉപയോഗിക്കാനും, ആവശ്യക്കാർക്ക് ഉപയോഗിക്കാനായി നൽകാനുമുള്ള സ്വാതന്ത്ര്യം ഭാരതത്തിൽ എല്ലാവർക്കുമുള്ളതുകൊണ്ട്, അത് സ്വീകരിക്കാനാഗ്രഹിക്കുന്നവരും എതിർക്കാനാഗ്രഹിക്കുന്നവരും **യുക്തിസഹജമായ രീതിയിൽ സയൻസിന്റെ വെളിച്ചത്തിൽ നല്ലവണ്ണം പഠിച്ച് മനസ്സിലാക്കിയതിനുശേഷം** മാത്രം രണ്ടിലേതുവേണമെങ്കിലും ചെയ്യുക!

⊙ **ജ്യോതിഷം ശാസ്ത്രമാണോ?** ശാസ്ത്രം എന്ന സംസ്കൃത പദത്തിന്റെ അർത്ഥം:

മാർഗദർശകമാകുന്നത് / നിർദ്ദേശിക്കുന്നത് ഏതാണോ അത് എന്നാണ്. സയൻസ് എന്നത് ശാസ്ത്രവിഷയത്തിന്റെ ഒരു അംശം മാത്രമാണ്. അർത്ഥശാസ്ത്രം, കൽപശാസ്ത്രം, ധർമ്മശാസ്ത്രം, ഛന്ദശാസ്ത്രം........ ഇവയെല്ലാം ശാസ്ത്രമാണ്. പക്ഷെ സയൻസല്ല. അതുകൊണ്ട് ജ്യോതിഷം ശാസ്ത്രമാണ്. ജ്യോതിഷത്തിന്റെ എല്ലാ ഭാഗങ്ങളും സയൻസല്ല. ഗണിതം, ജ്യോതിശാസ്ത്രം ഇവ ശുദ്ധ സയൻസുമാണ്.

⊙ **സയൻസല്ലാത്തത് എന്തിനാണ് കലാലയങ്ങളിൽ പഠിപ്പിക്കുന്നത്?** ചരിത്ര വിഷയങ്ങൾ, സംഗീതം, നൃത്തം, ഭാഷകൾ, ചിത്ര രചന, നീതിന്യായം ഇതൊന്നും സയൻസല്ല. അതും വേണമെങ്കിൽ കലാലയങ്ങളിൽ നിന്നും സയൻസല്ലാത്തതിനാൽ ഒഴിവാക്കാം.

⊙ **സയൻസും ശാസ്ത്രവും ശാശ്വതസത്യങ്ങളാണോ?** രണ്ടും ശാശ്വത സത്യങ്ങളല്ല. അനന്തമാം വിദൂരതയിൽ കിടക്കുന്ന ശാശ്വത സത്യത്തെകണ്ടെത്താനുള്ള മാർഗങ്ങളിൽ ഒന്നുമാത്രമാണ് സയൻസ്. അതുപോലെയൊന്നാണ് ശാസ്ത്രം.

⊙ **സയൻസ് ശാശ്വതസത്യമാണല്ലോ?** സത്യം നിരന്തരം മാറിക്കൊണ്ടിരിക്കില്ല. സയൻസ് നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഒരു പതിറ്റാണ്ടു മുമ്പത്തെ സയൻസല്ല ഇന്നത്തേത്. ഇന്നത്തെ സയൻസായിരിക്കില്ല പത്തുവർഷം കഴിഞ്ഞാലത്തെ സയൻസ്. അതിനാൽ സയൻസ് ശാശ്വതസത്യമാണെന്ന ധാരണ നല്ല ശാസ്ത്രജ്ഞൻമാരാരും വെച്ചുപുലർത്താറില്ല.

⊙ **ജ്യോതിഷത്തിലെവിടെയെങ്കിലും സയൻസുണ്ടോ ?** ആറാം വേദാംഗമായ ജ്യോതിഷത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങൾ എന്നു പറയുന്നത് ശുദ്ധസയൻസായ **ഗണിതം**, ശുദ്ധസയൻസുതന്നെയായ **ജ്യോതിശാസ്ത്രം**, സയൻസാണെന്ന് അംഗീകരിക്കാത്ത എന്നാൽ ശാസ്ത്രമായ **പ്രവചനഭാഗം**. സയൻസിന്റെ എല്ലാ നിർവചനങ്ങളും പ്രയോഗിക്കാമെങ്കിലും, ജ്യോതിഷത്തെ എതിർക്കുന്നവർ വിരൽ ചൂണ്ടുന്നത് മൂന്നാം ഭാഗമായ പ്രവചനത്തിനെതിരെയാണ്. (മറ്റു രണ്ടു ഭാഗങ്ങളും, എതിർക്കുന്ന പലർക്കും അജ്ഞാതവുമാണ്.)

⊙ **ഒരു സയൻസ് വിഷയത്തിലും ഇല്ലാത്തതായ പ്രവചനം അന്ധവിശ്വാസമാണ് എന്നുറപ്പല്ലേ?** എല്ലാ സയൻസ്വിഷയങ്ങളിലും പ്രവചനം ഉണ്ട്. പ്രവചനമില്ലാത്ത സയൻസ്കൊണ്ട് എന്തു പ്രയോജനമെന്നു

നോക്കുക; എല്ലാ പരിശോധനാഫലങ്ങളും വെച്ചിട്ടല്ലേ ഡോക്ടർമാർ രോഗം പ്രവചിക്കുന്നത്, കാലാവസ്ഥാനിരീക്ഷകർ കാലാവസ്ഥ പ്രവചിക്കുന്നത്! കാർഷിക ശാസ്ത്രജ്ഞൻമാർ വള/കീടനാശിനീപ്രയോഗം പ്രവചിക്കുന്നത്! ഇലക്ഷന്റെ റിസൾട്ട്, ലോകപരിസ്ഥിതി ഇവയെല്ലാം ! വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫ്യൂച്ചറോളജിയും ! ടെക്നോളജി പ്രെഡിക്ഷനും എല്ലാം പ്രവചനമാണ് ....... ഇന്ന് പ്രവചനമില്ലാത്ത ഒരു സയൻസുമില്ല. തെറ്റാണെന്ന് പൂർണമായി തെളിയിച്ചിരിക്കുന്ന മാൽതൂസൻ തിയറിയും, ആപേക്ഷിക സിദ്ധാന്തവും, മെക്കാനിസ്റ്റിക് ന്യൂട്ടോണിയൻ മോഡലും പ്രവചനങ്ങളുമായവ എവിടെ നിൽക്കുന്നു?.

**⊙ സയൻസല്ല ജ്യോതിഷം എന്ന് തെളിയിച്ചാലോ ?** യോഗയും, ആത്മീയതയും, പ്രാർത്ഥനയും, മന്ത്രധ്വനിയുടെ സ്വാധീനവും, മനഃശരീര സ്വാധീനവുമൊന്നും സയൻസല്ലഎന്ന് പണ്ട് തെളിയിച്ചവരെല്ലാം ഇപ്പോൾ തിരുത്തിയതുപോലെ, ഇപ്പോൾ തെളിയിച്ചാൽ പിന്നീട് തിരുത്തേണ്ടിവരും എന്നുറപ്പാണ്.

**⊙ സയൻസിന്റെ പ്രവചനം ഏതാണ്ടെല്ലാം ശരിയാണ്, എന്നാൽ ജ്യോതിഷത്തിന്റേതു നേർവിപരീതമാണല്ലോ? അതുകൊണ്ടാണ് ജ്യോതിഷത്തെ ഞങ്ങൾ എതിർക്കുന്നത് !** ജ്യോതിഷത്തെ പഠിച്ചോ പഠിക്കാതേയോ എതിർക്കാനുള്ള സ്വാതന്ത്ര്യമുള്ളതുപോലെ ശാസ്ത്രത്തിലും അന്ധവിശ്വാസമുണ്ടെന്നു, പഠിച്ച് പറഞ്ഞാൽ അതും അംഗീകരിക്കാനുള്ള മാന്യത നമുക്കുണ്ടാകണം. ഇതാ ഏതാനും തെളിവുകൾ: ശാസ്ത്രത്തിന്റെ അത്യുന്നത ശ്രേണിയിലെത്തിനിൽക്കുന്ന കാർഡിയാക്സർജന്മാർ, ഭാരതത്തിൽ നടത്തുന്ന ഹൃദയശസ്ത്രക്രിയകളിൽ 65% അനാവശ്യവും പറ്റിക്കലുമാണെന്ന് തെളിയിച്ചിരിക്കുന്നു! കാലാവസ്ഥാ പ്രവചനം പലപ്പോഴും 100 ശതമാനവും തെറ്റാണ്! ആധുനിക വൈദ്യശാസ്ത്ര ഉപകരണങ്ങളുടെ ഡാറ്റ നിരന്തരം പിഴയ്ക്കുന്നു! അതും ഇന്നൊരു ബിസിനസ്സാണ്. ഹൃദ്രോഗത്തിന്റെയും, കാൻസറിന്റേയും, സൈക്കോസൊമാറ്റിക് രോഗങ്ങളുടേയും കാരണങ്ങൾ, കാലം ചെല്ലുന്തോറും (സയൻസ് വളരുംതോറും) കൂടുതൽ കൂടുതൽ അവ്യക്തമായി വരുന്നു. ഇന്ന് ഹോളിസ്റ്റിക് മെഡിസിനിലേയ്ക്ക് തിരിച്ചുപോകുന്ന ഡോക്ടർമാർ ധാരാളമുണ്ടായി വരുന്നു ? പാർശ്വഫലങ്ങളില്ലെന്ന് അസന്ദിഗ്ദമായി പ്രഖ്യാപിച്ച ഏതാണ്ടെല്ലാ ആധുനിക ഔഷധങ്ങൾക്കും വിവരണാതീതമായ പാർശ്വഫലങ്ങളുണ്ടെന്നവാർത്ത



Scanned with CamScanner

പുറത്തു വന്നതിപ്പോൾ മാത്രമാണ് ....... എയ്ഡ്സ് രോഗം സയൻസിന്റെ സന്തതിയാണ്! സയൻസിന്റെ മണ്ഡലത്തിൽമാത്രമല്ല പ്രവചനങ്ങൾ പിഴച്ചിരിക്കുന്നത്, രാജനൈതികമണ്ഡലത്തിലും അതു സംഭവിച്ചിട്ടുണ്ട്. കമ്മ്യൂണിസം, സോഷ്യലിസം, ക്യാപ്പിറ്റലിസം ഇവയൊക്കെ ചത്തൊടുങ്ങിയില്ലേ? എന്തുകൊണ്ടിതൊന്നും നിലനിന്നില്ല. പ്രവചനം പാളിയതാണ് കാരണം.

⊙ **ജ്യോതിഷം പിന്തിരിപ്പനാണ്. ജ്യോതിഷം മാനവരാശിയുടെ വളർച്ചയെ നൂറ്റാണ്ടുകൾ പുറകോട്ടു വലിക്കുന്നതിലാണെതിർക്കുന്നത്?** പഴയതെല്ലാം തിന്മകളും പുതിയതെല്ലാം നന്മകളും, സയൻസെല്ലാം നന്മകളും സയൻസല്ലാത്തതു തിന്മകളും എന്നു സമർത്ഥിക്കാൻ ശ്രമിക്കുന്നതാണ് ഏറ്റവും നീചമായ അന്ധവിശ്വാസം. നൂറ്റാണ്ടുകളോ ആയിരത്താണ്ടുകളോ മുമ്പോട്ടോ, പുറകോട്ടോ, മനുഷ്യനെ നയിക്കുന്നതല്ല പ്രശ്നം. മാനവരാശിയുടെ മാനസിക-ശാരീരിക-കുടുംബപര-സാമൂഹികമായ ശാശ്വത നന്മയ്ക്ക് ഉതകുന്ന എന്തും, ഏതും ലോകത്തിലെവിടെ നിന്നായാലും അത് ഏതുകാലഘട്ടത്തിലേതായാലും സ്വീകരിക്കാനുള്ള മാനസീകാവസ്ഥയുണ്ടാകാനുള്ള വിശാല വീക്ഷണമാണ് ഉണ്ടാകേണ്ടത്. അപ്രകാരമല്ലാത്ത വീക്ഷണം ഇടുങ്ങിയതും പുരോഗമനത്തിനെതിരുമാണ്.

⊙ **പഴഞ്ചനായ പലതിനേയും തിരിച്ചുകൊണ്ടു വരാനുള്ള ഗൂഢോദ്ദേശം എങ്ങിനെ ന്യായീകരിക്കാനാകും?** തിരസ്കരിക്കാനുള്ള സ്വാതന്ത്ര്യവും ഭാരത ഭരണഘടന നമുക്ക് നൽകുന്നതുപോലെ സ്വീകരിക്കാനും സ്വാതന്ത്ര്യം തരുന്നുണ്ട്. അതുകൊണ്ടാണ് ശാസ്ത്രമണ്ഡലത്തിൽ വെന്നിക്കൊടിപാറിച്ച പാശ്ചാത്യജനത ഭാരതീയമായ യോഗ-ആയുർവേദം-സൂര്യനമസ്ക്കാരം-മ്യൂസിക് തെറാപ്പി-മന്ത്രതെറാപ്പി-വേദഗണിതം- ഭാരതീയ ആത്മീയത-ഭക്ഷ്യവിഭവങ്ങൾ- സംഗീതം...... ഇവയെല്ലാം സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ടായിട്ടും സ്വീകരിക്കുന്നത്. അറുപഴഞ്ചനും, ആയിരത്താണ്ടുകൾ പഴക്കമേറിയതുമായ ഇവയും ലോഹശാസ്ത്രം, തച്ചുശാസ്ത്രം പോലുള്ളതും അവർ പേറ്റന്റു ചെയ്യുമ്പോൾ നമുക്ക് പേപ്പട്ടിയെപോലെ കുരയ്ക്കാം, കരയാം, അവസാനം ചത്തുവീഴാം. മറ്റുള്ളവർക്ക് നമ്മുടെ പേയുടെ അംശം കടിച്ചു ഉമിനീരിലൂടെ ചോരയിലേയ്ക്ക് പകർത്തിക്കൊടുത്തുകൊണ്ട് അവരേയും ഭ്രാന്തന്മാരാക്കാം! അതാണല്ലോ നമ്മിൽ ചിലർ ഇപ്പോൾ ചെയ്യുന്നത്.



Scanned with CamScanner

◈ **ഹിന്ദുക്കളുടെ മാത്രം അന്ധവിശ്വാസമാണോ ജ്യോതിഷം ?** എല്ലാ ദിവസത്തേയും പത്രങ്ങളിൽ, ജ്യോതിഷത്തിനുവേണ്ടി കുറഞ്ഞത് അര പേജെങ്കിലും മാറ്റിവച്ചിരിക്കുന്നത് ഏതു കൃസ്ത്യൻ-മുസ്ലീം രാജ്യങ്ങളിൽ പോയാലും കാണാൻ സാധിക്കും. 90% ജനങ്ങളും അതു വായിക്കുന്നു എന്നതാണ് അവിടത്തെസർവ്വേ റിപ്പോർട്ട്.

◈ **ജാതകം നോക്കി സ്ത്രീ/പുരുഷൻ, ജീവിച്ചിരിക്കുന്നവർ/ മരിച്ചവർ എന്നിവരെ വ്യക്തമായി പറയാമെങ്കിൽ ജ്യോതിഷം വിശ്വസിക്കാം. ഈ വെല്ലുവിളി ഏറ്റെടുക്കാമോ?** നിങ്ങളിലാരെങ്കിലും ജ്യോതിഷം വിശ്വസിക്കണമെന്നോ പഠിക്കണമെന്നോ ഒരാഗ്രഹവും എനിക്കില്ല. വിശ്വസിക്കുകയോ, വെല്ലുവിളിക്കുകയോ, പുച്ഛിക്കുകയോ, എന്തു വേണമെങ്കിലും ചെയ്യാം. സ്ത്രീയേയും പുരുഷനേയും ജീവിച്ചിരിക്കുന്നവനെക്കുറിച്ചുമൊക്കെ നേരിട്ട് ചെന്നന്വേഷിക്കുന്നതല്ലേ യുക്തി. ഡോക്ടർമാരുടെ മുമ്പിൽ നിന്ന്, എന്നോട് ഒന്നും ചോദിക്കാതെ എന്റെ രോഗം എന്താണെന്നു പറഞ്ഞാൽ ഞാൻ വൈദ്യശാസ്ത്രത്തെ അംഗീകരിക്കാമെന്നു പറയുന്നവന്റെ "മഹത്വം" വിലയിരുത്തുക. ജ്യോതിഷം പഠിച്ച്, വിശ്വസിക്കുകയോ എതിർക്കുകയോ ചെയ്യുന്നതല്ലേ യുക്തി. നിങ്ങളെക്കൊണ്ട് ജ്യോതിഷമോ മറ്റേതെങ്കിലും വിഷയമോ വിശ്വസിപ്പിക്കലും അംഗീകരിപ്പിക്കലും ലക്ഷ്യമേയല്ല. വെറും waste of time ആണത്.

◈ **ഒരു ഡോക്ടർ, രോഗം അസന്ദിഗ്ദമായി നിർവ്വചിക്കുന്നതുപോലെ ഒരുജ്യോത്സ്യന് ഫലപ്രവചനം സാധ്യമാണോ?** ഒരു നല്ല ഡോക്ടറും അസന്ദിഗ്ദമായി രോഗം നിർണയിച്ചു പ്രഖ്യാപിക്കാറില്ല. പല പല സാധ്യതകളും വിലയിരുത്തി നിരന്തരമായി ദിവസങ്ങളോളം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന വേളയിൽ തന്നെ ചികിത്സയുടെ വിവിധ വശങ്ങളും പരീക്ഷിക്കുകയാണ് പതിവ്. സയൻസിന്റെ അത്യുന്നത ശൃംഗത്തിലിരിക്കുന്ന ഡോക്ടർമാർപോലും പരസ്പരം വിരുദ്ധാഭിപ്രായം പറയുന്നത് സർവ്വസാധാരണയാണുതാനും. അതുകാരണമായി ആരും മെഡിക്കൽ സയൻസിനെതിരെ യുദ്ധകാഹളമൊന്നും മുഴക്കിക്കാണാറുമില്ല.

◈ **ആധുനിക വൈദ്യശാസ്ത്രത്തേയും ജ്യോതിഷത്തേയും അപ്രകാരം താരതമ്യം ചെയ്യുന്നതു ശരിയാണോ?** ഡോക്ടർമാർക്ക് തെറ്റു പറ്റിയാൽ പഴിചാരുന്നത് വൈദ്യശാസ്ത്രത്തെയല്ല ഡോക്ടറെയായിരിക്കും. എന്നാൽ ജ്യോതിഷിക്കു തെറ്റുപറ്റിയാൽ നമ്മളെല്ലാവരും പഴിചാ



Scanned with CamScanner

രുന്നത് ജ്യോതിഷിയെയല്ല, ജ്യോതിഷമെന്ന പൈതൃകജ്ഞാനത്തെയാണെന്നാണ് കണ്ടുവരുന്നത്. ഈ വൈരുധ്യാധിഷ്ഠിത വിരോധാഭാസത്തിന്റെ ഗുരുക്കന്മാർ ഇവിടത്തെ യുക്തിവാദികളും പുരോഗമനവാദികളുമല്ലേ എന്നു ചിന്തിച്ചുപോകുന്നു.

⊙ **ജ്യോതിഷപ്രവചനംകൊണ്ട് എന്താണ് പ്രയോജനം?** നമ്മുടെ ജീവിതത്തിലെ നന്മതിന്മകളെക്കുറിച്ച് ഒരവലോകനം, വ്യക്തിത്വത്തെക്കുറിച്ചൊരു വിശകലനം, സ്വഭാവ-പെരുമാറ്റ ജീവിതരീതികളെക്കുറിച്ച് ഒരന്വേഷണം, നടക്കാൻ സാധ്യതയുള്ളതിനുവേണ്ടി പരിശ്രമിക്കാനൊരവസരം, ലഭിക്കാത്തതിനെക്കുറിച്ചറിയുമ്പോൾ ലഭ്യമാക്കാനായി കൂടുതൽ ശക്തമായി പ്രവർത്തിക്കാനൊരവസരം, ഇതൊക്കെ വേണമെങ്കിൽ ജ്യോതിഷത്തിൽ നിന്ന് എടുക്കാം. വേണ്ടെങ്കിൽ നേരെ മുമ്പോട്ടുപോകാം. ജ്യോതിഷത്തിന്റെ പന്ഥാവിലൂടെ ജീവിക്കണമെന്ന നിർബന്ധപൂർവ്വം ഒരു നിർദ്ദേശവും ഒരാചാര്യനും ഭാരതത്തിൽ നൽകിയിട്ടില്ല.

⊙ **ജ്യോതിഷനന്മകൾ എപ്രകാരമാണ് ജീവിതത്തിൽ പകർത്തേണ്ടത്?** നന്മകളെന്നു തോന്നുന്നത് ആധുനീക ജീവിതത്തിലെ നന്മകളുമായി ചേർത്ത് സമഗ്രവികസനത്തിനുള്ള ഒരു മാർഗമായി വേണം ഉപയോഗിക്കാൻ. ജ്യോതിഷമോ, ആധുനിക ശാസ്ത്രമോ മറ്റേതൊരു ചിന്താധാരയോ പോലും അന്ധമായി വിശ്വസിക്കുകയോ കണ്ണുമടച്ച് ജീവിതത്തിൽ പകർത്തുകയോ അരുത്.

⊙ **ഗ്രഹങ്ങൾ ലക്ഷക്കണക്കിന് കിലോമീറ്റർ ദൂരെ നിന്ന് ഈ ഫലങ്ങളെല്ലാം നൽകുന്നു എന്നുപറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസമല്ലേ?** 360 ഡിഗ്രിയുള്ള പ്രപഞ്ചചക്രത്തെ 12 രാശികളാക്കി ഗ്രഹങ്ങളുടെ സ്ഥാനം സയൻസുപരമായി ഗണിച്ച്, അവയ്ക്ക് ഓരോ ഗുണദോഷങ്ങളുടെ ഉത്തരവാദിത്വം നൽകി, ജ്യോതിഷ ഗ്രന്ഥങ്ങളെങ്ങിനെ എഴുതി എന്ന ചോദ്യത്തിനുത്തരം നൽകാൻ ആർക്കും സാധിക്കുമെന്നു തോന്നുന്നില്ല. എങ്കിലും പതഞ്ജലിയുടെ യോഗശാസ്ത്രത്തിന് ഒരു വിവർത്തനം എഴുതിയപ്പോൾ അതിൽ കാണുവാൻ സാധിച്ച ഏതാനും വരികൾ അത്ഭുതമുളവാക്കി. എന്തിനെക്കുറിച്ചാണോ അറിയാനാഗ്രഹിക്കുന്നത് അതിനെക്കുറിച്ച് **മനസ്സാകുന്ന ഗവേഷണശാലയിൽ** ഒരു ധാരണയുണ്ടാക്കി അതിൽ നിരന്തരം ധ്യാനിച്ച് (ധീ + യാനം = ധ്യാനം = ബുദ്ധിയുപയോഗിച്ച് മുമ്പോട്ടു വിശകലനം ചെയ്തുപോയാൽ എന്നർത്ഥം) സമാ ധീ (സമാ + ധീ = അവസാനം എത്തി



Scanned with CamScanner

നിൽക്കുന്ന ബുദ്ധിയുടെ അവസ്ഥാസ്ഥാനം) എന്നവസ്ഥയിലെത്തുമ്പോൾ അത്ഭുതകരമായ ജ്ഞാനലബ്ധിയുണ്ടാകുന്നു. നിരന്തര സാധനയിലെത്തിയവർക്ക് ലഭിച്ചതാകാം ഈ ഗ്രഹങ്ങളുടെ പേര് ചേർത്ത് നൽകിയ ഗുണവിശേഷങ്ങൾ (ഗ്രഹങ്ങൾ നൽകുന്നു എന്നു പറയുന്നതിനേക്കാൾ, ഗ്രഹങ്ങളുടെ പേരിൽ അറിയപ്പെടുന്നു എന്നു ചിന്തിച്ചു നോക്കുക)

⊙ **സൂര്യ-ചന്ദ്ര-രാഹു-കേതുക്കളെ ഗ്രഹങ്ങളായി വിവരിച്ചതു തന്നെ അടിസ്ഥാനപരമായ തെറ്റല്ലേ?** സംസ്കൃതപദങ്ങൾക്ക് തുല്യമായ ഇംഗ്ലീഷ് പദങ്ങൾ ഇല്ലാതെ വരുമ്പോൾ ലഭ്യമായ ഇംഗ്ലീഷ് പദങ്ങളുപയോഗിക്കുന്നതുകൊണ്ടാണ് പ്രശ്നങ്ങളുണ്ടാകുന്നത്. ഗ്രഹം എന്ന പദത്തിന്റെ അർത്ഥം സ്വാധീനിക്കുന്നത് അല്ലെങ്കിൽ ഗ്രഹിക്കുന്നത് എന്നാണ്. ആ അർത്ഥത്തിലാണ് നവഗ്രഹങ്ങളുണ്ടായത്. നവഗ്രഹങ്ങളിൽ കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി ഇവ മാത്രമാണ് താരാഗ്രഹങ്ങൾ. അതായത് പ്ലാനറ്റുകൾ. എല്ലാ ജ്യോതിഷ ഗ്രന്ഥങ്ങളിലും ഇത് വ്യക്തമായി വിവരിച്ചിട്ടുമുണ്ട്. മറ്റുള്ളവയെ നമ്മുടെ പൂർവികർ പ്ലാനറ്റുകളായിട്ടെടുത്തിട്ടില്ല.

⊙ **കൃസ്ത്യാനികളും മുസ്ലീമുകളും ജാതകം നോക്കാറില്ലല്ലോ? അവരുടെ ജീവിതത്തിൽ ഒരു പ്രശ്നവുമില്ലല്ലോ?** ഹിന്ദുക്കളുടെ വിവാഹത്തിലും ജാതകം നോക്കണമെന്ന് ഒരു നിർബന്ധവുമില്ല. എട്ടുതരം വിവാഹങ്ങൾ ഹിന്ദുധർമ്മത്തിലുണ്ട്. അതിൽ ഒന്നോ രണ്ടോ രീതിയിലുള്ളതിൽ മാത്രമാണ് ജാതകം നോക്കുന്നത്. അതും വേണമെന്ന് ആരും ശഠിക്കാറില്ല. ജാതകം നോക്കാതെ വിവാഹം കഴിച്ചാൽ ഒരു പ്രശ്നവും വരില്ല എന്ന ഉറച്ച വിശ്വാസമുണ്ടെങ്കിൽ ധൈര്യമായി മുമ്പോട്ടുപോകുക, മറ്റുള്ളവരേയും അതിനു പ്രേരിപ്പിക്കുക. തീരുമാനം ഉറച്ചതായിരിക്കണം. പിന്നീട് തിരിച്ച് ചിന്തിക്കാതിരിക്കാനുള്ള മനക്കരുത്തുണ്ടാകണമെന്നുമാത്രം.

⊙ **ജാതകം നോക്കി വിവാഹം കഴിക്കുന്നതിന്റെ പ്രയോജനമെന്താണ്?** വിവാഹജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും ജാതകം നോക്കിയാൽ പരിഹാരമുണ്ടാകുമെന്ന് ധരിക്കരുത്. നല്ലരീതിയിൽ ജാതകം വിശകലനം ചെയ്യാൻ സാധിക്കുന്ന വ്യക്തിയുടെ കയ്യിൽ ജാതകം ലഭിച്ചാൽ, വിവാഹിതരാകുവാൻ പോകുന്നവരുടെ വ്യക്തിത്വം, സ്വഭാവഗുണദോഷങ്ങൾ, കഴിവുകൾ പരിമിതികൾ വിവാഹത്തിനു



Scanned with CamScanner

മുമ്പുതന്നെ ഒരു പരിധിവരെ മനസ്സിലാക്കാനവസരം ലഭിക്കുന്നു. വിവാഹശേഷം അതനുസരിച്ച് അഡ്ജസ്റ്റ് ചെയ്തു ജീവിക്കാൻ സാധിക്കും.

◎ **ജാതകം നോക്കാതെ വിവാഹം കഴിച്ച എനിക്ക് ഒരു പ്രശ്നവുമുണ്ടായിട്ടില്ല, പിന്നെ എന്തിന് ജാതകം നോക്കണം?** ദുഷ്യന്തൻ ശകുന്തളയെ വിവാഹം കഴിച്ചത് ജാതകം നോക്കാതെയാണ്. ശ്രീരാമൻ സീതയെ വിവാഹം കഴിച്ചത് ജാതകം പരിശോധിച്ചതിനു ശേഷമാണ്. ജീവിതത്തിൽ സുഖദുഃഖങ്ങളുണ്ടാകും. ജാതകം നോക്കിയാലും ഇല്ലെങ്കിലും. അതുകൊണ്ട് ജീവിതത്തിൽ ഒരു പ്രശ്നവുമുണ്ടാകാത്ത താങ്കളുടെ ജീവിതത്തിൽ ഇനിയും പ്രശ്നങ്ങളുണ്ടാകാതിരിക്കട്ടെ. അതുപോല മറ്റുള്ളവരുടെ ജീവിതത്തിലും. പ്രശ്നങ്ങൾ ഉണ്ടായാൽ, അത് ജാതകം നോക്കാത്തതുകൊണ്ടാണെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങളെ അത് സ്വാധീനിക്കാതിരിക്കുകയും വേണം.

◎ **മൃഗങ്ങൾക്ക് ജ്യോതിഷമുണ്ടോ?** മനുഷ്യരേക്കാൾ ആത്മാർത്ഥത കൂടുതലും ബുദ്ധിശക്തിയും പാരവെപ്പും കുറവുമുള്ള മൃഗങ്ങൾക്കും ഇതെല്ലാമുണ്ട്. ശ്രദ്ധയോടെ പഠിക്കാൻ ബുദ്ധിയുള്ള, ബുദ്ധിജിവിയല്ലാത്ത മനുഷ്യൻ മുമ്പോട്ടു വന്നാൽ ചില നന്മകളെങ്കിലും കണ്ടെത്താം.

◎ **ജ്യോതിഷികൾ അന്ധവിശ്വാസം പരത്തുന്നില്ലേ?** ഉണ്ട്. ദേവപ്രശ്നം, സ്വർണപ്രശ്നം താമ്പൂല പ്രശ്നം എന്നീ പേരുകളിൽ ക്ഷേത്രങ്ങളിലും ഗൃഹകാര്യങ്ങളിലും നടത്തുന്ന പ്രശ്നം വയ്പ്പിൽ ഭൂരിഭാഗവും തട്ടിപ്പാണ്. അന്ധമാണ് മനുഷ്യരെ വഴിതെറ്റിക്കുന്നതും പരസ്പരം കലഹത്തിന് കാരണമായിത്തീരുന്നതുമാണ്. അതിനെതിരെ ശക്തമായ പ്രതിഷേധം ഉയരണം. അതു നിർത്തലാക്കുകയും വേണം. ധനാകർഷണ ഭൈരവയന്ത്രംപോലെ പലതും അന്ധവിശ്വാസമാണ്.

◎ **ഒരു ക്ഷേത്രം പുനർനിർമ്മിക്കാൻ ദേവപ്രശ്നം വേണോ?** ഒരു ദേവാലയവും പുനർനിർമ്മിക്കുമ്പോഴും ദേവന് ഇഷ്ടക്കേടുണ്ടാകേണ്ട കാര്യമില്ല. ദേവന് ഇഷ്ടക്കേട് എന്നത് അന്വേഷിച്ചുപോകേണ്ടതായ ആവശ്യവുമില്ല. നല്ല മനസ്സോടെ നന്മനിറഞ്ഞ പ്രവൃത്തിയോടെ ഒരു ദേവപ്രശ്നവും വെക്കാതെ, ഒരു പ്രശ്നവും സൃഷ്ടിക്കാതെ, ദേവാലയം നവീകരിക്കണം. നന്മനിറഞ്ഞ വ്യക്തികളെകൊണ്ട് നവീകരണവും പ്രതിഷ്ഠയും നടത്തിച്ചാൽ മതി. ഒരു കുറവും വരില്ല. ബ്രാഹ്മണർ വേണമെന്ന് ഒരു നിർബന്ധവുമില്ല.

◎ **ജ്യോതിഷം വ്യക്തിപരമായി പഠിച്ചാൽ പോരേ?** ജ്യോതിഷം ഏതെ

ങ്കിലും ഗുരുവിന്റെ ശിഷ്യത്വത്തിൽ വ്യക്തിപരമായി ശ്രദ്ധയോടെ, ദീർഘ കാലം പഠിക്കേണ്ടതായ വിഷയമാണ്. അതുകൊണ്ടുതന്നെ പഠിപ്പിക്കാൻ യോഗ്യതയുള്ളവരും ആധുനിക ശാസ്ത്രം കൈകാര്യം ചെയ്യുന്നവരുമായ ജ്യോതിഷികൾ ധാരാളമുള്ള കേരളത്തിൽ അപ്രകാരം പഠിക്കുകയും, പഠിപ്പിക്കുകയുമാണുത്തമം.

**ജ്യോതിഷം കലാലയങ്ങളിൽ പഠിപ്പിക്കണമോ?** കേരളത്തിൽ ജ്യോതിഷം കലാലയങ്ങളിൽ പഠിപ്പിക്കാതിരിക്കുന്നതാണ് ഉത്തമം. കാരണങ്ങൾ പലതാണ്. അതിൽ ചിലത്. (1) കേരള യൂണിവേഴ്സിറ്റിയിലെ സംസ്കൃത ഡിപ്പാർട്ടുമെന്റിലെ യുക്തിവാദിയായ പ്രധാനാധ്യാപകൻ പ്രസംഗിക്കുന്നതുകേട്ടു "ഭാരതത്തിലെ യജ്ഞസംസ്കാരത്തെ തകർക്കുക" എന്ന്. പഠിപ്പിക്കുന്ന വിഷയം തകർക്കാനാവശ്യപ്പെടുന്നവയാണ് കേരളത്തിലെ സർവ്വകലാശാലകൾ. ഇതൊരു ഒറ്റപ്പെട്ട ആഹ്വാന ശബ്ദമല്ല. സംസ്കൃതത്തെ വേരോടെ പറിച്ചുകളയുവാൻ സംസ്കൃതാധ്യാപകരും ശ്രമിക്കുന്ന വൈപരീത്യം ഇവിടത്തെ പ്രത്യേകതയാണ്. (2) യുക്തിയില്ലാത്ത യുക്തിവാദികൾ പെരുകുന്ന നാട്ടിൽ അവരുടെ കൊടിക്കീഴിൽ ജ്യോതി ഷാധ്യാപകരും വരാൻ സാധ്യതയുള്ളതിനാൽ ഈ വിഷയം കലാലയങ്ങളിൽ പഠിപ്പിക്കാതിരിക്കുക. (3) സംസ്കൃതത്തെയും ഭാരതീയ സംസ്കാരത്തേയും പുച്ഛിക്കുന്നവരും അവഹേളിക്കുന്നവരും നിറഞ്ഞു നിൽക്കുന്ന കേരള വിദ്യാലയങ്ങളിൽ പഠിക്കേണ്ടതോ പഠിപ്പിക്കേണ്ടതോ ആയ വിഷയമല്ല ജ്യോതിഷം. (4) ലഹരി സംസ്കാരം അനുദിനം വ്യാപിക്കുന്ന കലാലയാന്തരീക്ഷത്തിൽ ജ്യോതിഷം ചൈതന്യവത്തായി വളരില്ല. (5) പുരോഗമനവാദികളെന്നഭിനയിക്കുന്ന രോഗികളുടെ ഈറ്റില്ലമായിരിക്കുന്ന യൂണിവേഴ്സിറ്റികളിൽ "ഒടുക്കം പറയുന്നവനും ഒറക്കെ പറയുന്നവനും ഒന്നുമറിയാത്തവനുമായ" രാഷ്ട്രീയക്കാരന്റെ ശബ്ദത്തിനെയാണ് വളരുന്ന തലമുറ അനുകരിക്കുന്നതായി കാണുന്നത്, എന്നതിനാൽ ജ്യോതിഷം അവിടെ പഠിപ്പിക്കരുത്. യൂണിവേഴ്സിറ്റികളിൽ ജയിക്കാനും തോൽക്കാനും എന്ന രീതിയിൽ മറ്റു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയമല്ല ജ്യോതിഷം. (6) ഒരു വൈദ്യവിദ്യാർത്ഥിക്ക് അബദ്ധം പറ്റിയാൽ ചികിത്സക്കു വിധേയമാകുന്ന രോഗിക്ക് മാത്രമേ തിക്തഫലമുണ്ടാകൂ. ജ്യോതിഷിക്ക് തെറ്റുപറ്റിയാൽ അയാളെ **വിശ്വസിക്കുന്ന** ഒരു വൻ സമൂഹം ദുരന്തത്തി



Scanned with CamScanner

ലേയ്ക്കും അന്ധവിശ്വാസത്തിലേക്കും വലിച്ചിഴക്കപ്പെടും. (7) മുൻവിധിയോടെയും നിഷേധാത്മകവീര്യത്തോടെയും മാത്രം കാര്യങ്ങൾ വിലയിരുത്തുന്ന കേരളത്തിൽ പൈതൃകമായ സർവതിനോടും പുച്ഛമുണ്ടാകുന്ന നിരവധി വാചകക്കസർത്തുകൾ നടത്തുന്ന മാധ്യമങ്ങളും, അധ്യാപകരും, ഭരണാധികാരികളും ജ്യോതിഷത്തെ മലിനീകരിച്ചാൽ പിന്നീട് അത് ശുദ്ധീകരിക്കാൻ അസാദ്ധ്യമാകും. (8) ജ്യോതിഷമോ ഭാരതീയ പൈതൃകമോ ഇഷ്ടപ്പെടാത്തവർ, അവ പഠിച്ചതിനുശേഷമാണ് എതിർക്കുന്നത് എന്ന സഭ്യമായ പന്ഥാവിലൂടെ നടന്നു ശീലിച്ചവരല്ല ഇവിടത്തെ മാധ്യമങ്ങളും, ബുദ്ധിജീവികളും, യുക്തിവാദികളും, കലാലയാധ്യാപകരും, സിൻഡിക്കേറ്റ് സെനറ്റംഗങ്ങളും. അവരുടെയിടയിൽ ജ്യോതിഷം കഴുതപുലിയുടെ മുമ്പിൽപെട്ട ആട്ടിൻകുഞ്ഞായിത്തീരും. **അതുകൊണ്ട് കേരളത്തിലെ ഒരു ഗവൺമെന്റ് സ്ഥാപനത്തിലും, ജ്യോതിഷം പഠിപ്പിക്കരുത്.** (9) ഭാവിയിൽ ജ്യോതിഷികൾക്ക് അംഗീകൃത സർട്ടിഫിക്കറ്റുകൾ വേണമെന്ന് നിർബന്ധം വരുകയാണെങ്കിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ നിന്നു ലഭിക്കുന്ന ബി.എ., എം.എ., ജ്യോതിഷ ബിരുദധാരികൾ സമൂഹത്തിൽ വിതക്കുന്ന ദുരന്തത്തിന്റെ വിത്തുകളിൽ നിന്നുണ്ടാകുന്ന തിന്മകൾ വിവരണാതീതമായിരിക്കും. വൃക്കക്കച്ചവടം നടത്തുന്ന ഡോക്ടർമാർ പോലും നാണിച്ചുപോകുന്ന അവസ്ഥയുണ്ടാകും.

◎ **ജ്യോതിഷം എവിടെ പഠിപ്പിക്കണം?** കേരളത്തിൽ പലയിടത്തും പ്രത്യേകിച്ച് തിരുവനന്തപുരത്ത് അതിപ്രഗത്ഭരായ ആധുനിക ശാസ്ത്രജ്ഞന്മാർ തന്നെ നല്ല വിദ്യാഭ്യാസമുള്ളവരെ യുക്തിസഹജമായി പഠിപ്പിക്കുന്നുണ്ട്. അതുപോലെ മറ്റു ജില്ലകളിലും പഠിപ്പക്കുന്നതായി കേട്ടിട്ടുണ്ട്. അവിടേയും തിരുപതിയിലെ ദേശീയ സംസ്കൃത വിദ്യാപീഠം പോലെയുള്ള ഡീംഡ് യൂണിവേഴ്സിറ്റികളിലും ജ്യോതിഷത്തിന്റെ ചൈതന്യം നിലനിർത്തിക്കൊണ്ട് തന്നെ പഠിപ്പക്കണം. അപ്രകാരമാണ് ജ്യോതിഷ പഠനം വേണ്ടത്. കുറേക്കൂടി ആത്മാർത്ഥതയുള്ളവരും വിശ്വാസമുള്ളവരും പോകുന്ന കൃസ്ത്യൻ മുസ്ലീം സ്ഥാപനങ്ങളിലും ജ്യോതിഷം പഠിപ്പിക്കാവുന്നതാണ്.

◎ **യൂണിവേഴ്സിറ്റിയിൽ ജ്യോതിഷം പഠിപ്പിക്കേണമോ?** ഭാരതീയ പൈതൃകത്തോട് ബഹുമാനമില്ലാത്ത രാഷ്ട്രീയക്കാരുടെ കുത്തരങ്ങാണതെന്നു കേട്ടിട്ടുണ്ട്. ലോകത്തിൽ ഒരു ഭാഷായൂണിവേഴ്സിറ്റിയിലും



Scanned with CamScanner

ആ ഭാഷയറിയാത്ത വ്യക്തികൾ വൈസ്ചാൻസലർസ്ഥാനമലങ്കരിക്കുന്ന പതിവില്ല. അത്തരമൊരു മഹാത്ഭുതം നിരന്തരം നടന്നുകൊണ്ടിരിക്കുന്ന സ്ഥലമാണീ സർവ്വകലാശാല. രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഭരണസമിതിയെ തെരഞ്ഞെടുക്കുന്നു എന്ന അസാധാരണ പ്രത്യേകതയുമതിനുണ്ടെന്ന് കേട്ടിട്ടുണ്ട്. പത്രങ്ങളിൽ വായിച്ചതും കൂടി ചേർത്തു പറഞ്ഞാൽ അവിടെ ജ്യോതിഷമോ, ഭാരതീയ പൈതൃകത്തിലെ ഏതെങ്കിലും വിഷയമോ, സംസ്കൃതമോ പോലും പഠിപ്പിക്കാതിരിക്കുന്നതാണുത്തമം. ചൈതന്യവത്തായ പൈതൃകവിഷയങ്ങളെ ദയാവധത്തിനു വിധേയമാക്കുന്നതിനേക്കാൾ ഉത്തമം ഈ വിഷയങ്ങൾ എവിടെയെങ്കിലും എങ്ങിനെയെങ്കിലും വളർന്നു നിലനിൽക്കട്ടെ എന്നു വിചാരിച്ച് ദയാഹർജി അംഗീകരിച്ച് വെറുതെ വിടുകയാണ്.

**⊙ ജ്യോതിഷത്തെക്കുറിച്ച് ഇത്രയും പറയുവാൻ എന്താണ് താങ്കൾക്ക് യോഗ്യത?** അറിവിന്റെ മഹാസാഗരമായ ജ്യോതിഷത്തിന്റെ ഒരംശം യുക്തി അടിയറവെയ്ക്കാതെ പഠിക്കാൻ പ്രൊഫ: മുത്തുസ്വാമി എന്ന മൂന്നു പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയുള്ള യൂണിവേഴ്സിറ്റി അധ്യാപകൻ എനിക്ക് മാർഗദർശിയായി അനുഗ്രഹിച്ചിട്ടുണ്ട് എന്നതുതന്നെ.

**ജ്യോതിഷത്തെ നന്മനിറഞ്ഞ രീതിയിൽ ഉപയോഗിക്കാൻ, IISH എന്തെങ്കിലും ചെയ്യുന്നുണ്ടോ ? IISH ഇതുവരെ ആ വഴിക്ക് ചിന്തിച്ചിരുന്നില്ല. എന്നാൽ ഈ അടുത്ത കാലത്ത്, ക്ഷേത്രങ്ങളിൽ നടക്കുന്ന സ്വർണപ്രശ്നം, താംബൂലപ്രശ്നം, അഷ്ടമംഗലപ്രശ്നം ഇവയിലൂടെ പ്രചരിക്കുന്ന ദുരാചാരങ്ങൾ ഇല്ലാതാക്കാൻ ക്ഷേത്രഭാരവാഹികൾക്ക് നന്മ നിറഞ്ഞ ശാസ്ത്രീയവീക്ഷണം നൽകാൻ വേദജ്യോതിഷ പണ്ഡിതർ കേരള യൂണിവേഴ്സിറ്റി (കെമിസ്ട്രി) ഡീൻ ആയിരുന്ന ഡോ. ധർമ്മരാജയ്യർ M.Sc. Ph.D, 0471-2477547/ 9447694436 ഗണിത പ്രൊഫസറായ ഡോ. മാധവൻ M.Sc. Ph.D, 0471-2472308 ന്യൂറോസർജനായ ഡോ. സാംബശിവൻ M.S, F. R. C. S., FAMS, 0471-2442054, എൻജിനീയറായ ശ്രീനിവാസൻ, 0484-2778620, ശാസ്ത്രമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഡോ. ഗോപാലകൃഷ്ണൻ M.Sc. Ph.D. D.Litt. 0471-2490149/ 9447090149, എന്നിവരെ ബന്ധപ്പെടാനുള്ള നിർദേശം മുന്നോട്ട് വയ്ക്കുന്നു.**



Scanned with CamScanner

## യുക്തി ചിന്തയും യുക്തിവാദിയും യുക്തിരാഹിത്യവും

ഇങ്ങിനെയൊരു ലേഖനം എഴുതാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഈ വിഷയം സമകാലീന പ്രസക്തമാണ്, സമൂഹത്തിന് പ്രയോജനപ്രദമാണ്. തെറ്റിദ്ധാരണകളും, അനാചാരങ്ങളും, ദുരാചാരങ്ങളും വിലയിരുത്താനും കുറേയൊക്കെ തിരുത്തുവാനും, സാധിക്കുമെന്നു തോന്നുന്നു. ചിന്തകരും, പണ്ഡിതരും, ശാസ്ത്രജ്ഞന്മാരും ആയിട്ടുള്ള പല ഭാരതീയരും നിരീശ്വരവാദം, യുക്തിവാദം, പുരോഗമനവാദം, ശാസ്ത്രവീക്ഷണം എന്നീ പ്രകാരമുള്ള കുറേ പദങ്ങൾ വികലമായി പ്രയോഗിക്കാറുണ്ട്. വികലമായ അർത്ഥത്തിലൂടെ ചെന്നെത്തുന്ന സ്ഥലത്തു നിന്നു തന്നെ വാദിക്കാനും ജയിക്കാനും ചിലരെങ്കിലും ശ്രമിക്കാറുമുണ്ട്. അറിയാനും അറിയിക്കാനും ശ്രമിക്കാറുമില്ല. ഇതേ ഒരവസ്ഥയാണ് ശാസ്ത്രം, സയൻസ്, വിജ്ഞാനം, ജ്ഞാനം എന്നീ പദങ്ങളുടെ പ്രയോഗത്തിലും നമുക്കു കാണുവാൻ സാധിക്കുന്നത്. ഇതിന്റെ യഥാർത്ഥ അർത്ഥവും സന്ദേശവും, എന്റെ അറിവിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട്, ഈ ലേഖനത്തിലൂടെ മുന്നോട്ടു പോകുമ്പോൾ വായനക്കാർക്ക് ഉൾക്കൊള്ളുവാൻ സാധിക്കുന്ന വിധത്തിൽ വിവരിക്കാൻ ശ്രമിക്കാം.

ഭാരതീയ ചിന്താധാരകളിലെ യുക്തിചിന്തയും ശാസ്ത്രവീക്ഷണവും ഒന്നു പരിശോധിക്കാം. ശാസ്ത്രം എന്ന സംസ്കൃതപദത്തിന് തുല്യമായ പദമല്ല സയൻസ്. സമസ്ത ചരാചരങ്ങൾക്കും ശാശ്വതമായ നന്മ വരുത്തുന്ന 'നിർദ്ദേശങ്ങള്'ാണ് ശാസ്ത്രം. അത് അർത്ഥശാസ്ത്രമാകാം, ഛന്ദഃശാസ്ത്രമാകാം, കൽപശാസ്ത്രമാകാം. സയൻസ് ശാസ്ത്രത്തിനകത്തെ, ഒരു ചെറിയ വിഷയമായ വിജ്ഞാനം മാത്രമാണ്.

ഈ ലേഖനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്നായി ഭാരതീയ ചിന്താധാരകളെ വിശ്വാസം, ആചാരം, അനുഷ്ഠാനം, സങ്കൽപം, വിചാരം, ഗ്രന്ഥം എന്നിപ്രകാരം വിശകലനം ചെയ്യാം. എന്താണ് സത്യം (സത്യം = truth + fact + essence) എന്താണ് ധർമ്മം (ധർമ്മം = Responsibility + Previllege + duty) എന്നിവയുടെ അടിസ്ഥാനത്തിലും യുക്തി ചിന്തയുടെ വിശകലനം പരിശോധിച്ചാലേ ഭാരതീയ യുക്തി, ശാസ്ത്രവീക്ഷണം ഇവയുടെ പ്രയോഗം വ്യക്തമാകൂ.

1. ഭാരതീയ ചിന്താധാരകളിൽ വ്യക്തമായി വിവരിക്കുന്ന ഒരു സന്ദേശം വേദഭാഗമായ ഈശാവാസ്യ ഉപനിഷത്തിൽ പ്രത്യക്ഷ



Scanned with CamScanner

മായി കാണുന്നു. **വിദ്യാം ച അവിദ്യാം ച യസ്തദ് വേദ ഉഭയം സഹ അവിദ്യയാ മൃത്യും തീർത്ഥ്വാ വിദ്യയാ/മൃത മശ്നുതേ:-** രണ്ടുതരത്തിലുള്ള അറിവുകളാണുള്ളത്. ഒന്നാമത്തേത് വിദ്യാ (eternal, experienceable, spiritual knowledge) രണ്ടാമത്തേത് അവിദ്യാ (external, experimentable, scientific knowledge), ഇതിൽ അവിദ്യകൊണ്ട് ജീവിത ദുഃഖത്തെ അതിജീവിച്ച്, വിദ്യകൊണ്ട് അമരത്വത്തെ (ശാശ്വത സമാധാനത്തെ) പ്രാപിക്കുക എന്ന് ഈ ഉപനിഷദ് നിർദേശിക്കുന്നു. ഭാരതീയ ചിന്താധാരകളിലുള്ളതു പോലെ ആധുനിക സയൻസിലും ഇത് വളരെ വ്യക്തമാണ്. സന്തോഷം, സംതൃപ്തി, സ്നേഹം, ബഹുമാനം, ദുഃഖം, വേദന, ഭയം, കരുണ ഇവയൊന്നും സയൻസിന് വിവരിക്കാൻ സാധ്യമല്ലാത്ത എന്നാൽ വസ്തുതാപരമായ അനുഭവവേദ്യമായ ജ്ഞാനഭാഗമാണ്. അതേ സമയം ശരീരത്തിന്റെ താപം, ഹൃദയപ്രവർത്തനം, തലച്ചോറിന്റെ പ്രവർത്തനം.... ഇവയെല്ലാം ഉപകരണങ്ങളുപയോഗിച്ചളക്കാവുന്ന വിജ്ഞാനത്തിന്റെ ഭാഗമായിത്തീർന്നിട്ടുള്ളതുമാണ്.

2. ഭാരതീയ ചിന്താധാരകളുടെ അടിസ്ഥാന ശിലകളിൽ രണ്ടാമത്തേത് യജൂർവേദമന്ത്രത്തിന്റെ തന്നെ ഭാഗമായ ഈ ഉപനിഷത്തിൽ തന്നെയുള്ളതാണ്. ഇന്ന് ഈ സന്ദേശം ഓർമ്മിപ്പിക്കാൻ പലരും മടിക്കുന്നു. **അന്ധം തമഃ പ്രവിശന്തി യേ അവിദ്യാമുപാസതേ തതോ ഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതാഃ**

സയൻസ് കൊണ്ട് മാനവരാശിയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നവൻ (സോഷ്യലിസം, കമ്മ്യൂണിസം, കാപ്പിറ്റലിസം പോലെ സയൻസ് ആണ് അവസാനത്തെ പ്രശ്നപരിഹാരമാർഗം എന്നു വിശ്വസിച്ചു ജീവിക്കുന്ന രീതിയാണത്രെ 'സയിന്റിസം' Scientism) കണ്ണു കാണാൻ പറ്റാത്ത അന്ധകാരത്തിലേക്ക് പ്രവേശിക്കുന്നു. അതുപോലെ തന്നെയുള്ള ഇരുട്ടിലേക്കാണ്, ആത്മീയതകൊണ്ടു മാത്രം മാനവരാശിയുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നവരും പ്രവേശിക്കുന്നത്- ഇവിടത്തെ സന്ദേശം സ്പടിക സമാനം വ്യക്തമാണ്. ഇത് യുക്ത്യധിഷ്ഠിതമാണ്, ശാസ്ത്രീയമാണ്. കൂടാതെ ആധുനിക സയൻസിന്റെ വീക്ഷണത്തിന് പൂർണമായി യോജിക്കുന്നതുമാണ്. ഭാരതീയ യുക്തിചിന്തയുടെ ആണി



Scanned with CamScanner

കല്ലുകളായ സയൻസും ആത്മീയതയും സമഞ്ജസപ്പെടണം എന്ന നിർദേശമായ വേദസന്ദേശം പലരും കാണാതെ പോയി. പരസ്പരം പൂരകമായി നിലനിൽക്കണം സയൻസ് + സ്പിരിച്ച്വാലിറ്റി.

3. അതുകൊണ്ടു തന്നെ ഭാരതത്തിൽ, സയൻസിൽ പ്രവർത്തിച്ചിരുന്ന ചരകനും, സുശ്രുതനും, ഭരദ്വാജനുമെല്ലാം വിശ്വാമിത്രനേയും, വ്യാസനേയും പോലെ മഹർഷിമാരായിത്തന്നെ എല്ലാ ഗ്രന്ഥങ്ങളിലും വിവരിക്കുന്നു.

4. വേദങ്ങളുടെ ഉപവേദ സ്ഥാനം ഗാന്ധർവവേദവും, ആയുർവേദവും, സ്ഥാപത്യവേദവും അലങ്കരിച്ചതും ഈ ജ്ഞാന വിജ്ഞാന സമന്വയമാണ്.

5. ഭൂമിയെക്കുറിച്ചും ജ്യോതിർ ഗോളങ്ങളെക്കുറിച്ചും നൂറു ശതമാനവും ശാസ്ത്രീയമായ വിവരണം നൽകിയവർ ആചാര്യന്മാരായിത്തന്നെ ഭാരതത്തിൽ വിരാജിച്ചു. അവരിലൊരുവനെപോലും ഭാരതത്തിലെ ആത്മീയ - മത-നേതാക്കൾ ചുട്ടുകൊന്നില്ല. അവരുടെ ഗ്രന്ഥങ്ങൾ നിരോധിക്കുകയോ കത്തിക്കുകയോ ചെയ്തില്ല. ആര്യഭട്ടാചാര്യൻ, ഭാസ്കരാചാര്യൻ, ആചാര്യ പി. സി. റേ.....ഇങ്ങനെപോകുന്നു അവരുടെ പേരുകൾ.

6. **സാക്ഷാത് അനുഭവൈർ ദൃഷ്ടോ... നശ്രുതോ.... ന ഗുരുദർശിതാ! ലോകാനാം ഉപകാരായ ഏതത് സർവം പ്രദർശിതം-** ഗുരു പറഞ്ഞതുകൊണ്ടോ എവിടെനിന്നോ കേട്ടു എന്ന കാരണത്താലോ അറിവുകൾ സ്വീകരിക്കേണ്ടതില്ല. അനുഭവം കൊണ്ടു കണ്ടതു, ലോക നന്മക്കുപകരിക്കുന്നതു മാത്രം ഇവിടെ എഴുതിച്ചേർത്തിരിക്കുന്നു എന്ന ആയുർവേദ വരിയിൽ നിന്ന് വലിയൊരു യുക്ത്യധിഷ്ഠിത സന്ദേശം കേൾക്കാം. യുക്തിസഹജമോ, സയിന്റിഫിക്കോ, ശാസ്ത്രീയമോ... എന്നിവക്കുള്ളതിനേക്കാൾ പ്രാധാന്യം നൽകേണ്ടതാണ്, ഈ സന്ദേശത്തിന്റെ അവസാന ഭാഗം മാനവരാശിക്കു പ്രയോജനപ്പെടുന്നുണ്ടോ എന്നതാണ് നോക്കേണ്ടത്. യുക്തിചിന്തയെത്തന്നെ ചിലപ്പോൾ പുനർവ്യാഖ്യാനം ചെയ്യേണ്ടി വരുമെങ്കിൽ ചെയ്യണം.

7. ധർമ്മശാസ്ത്രത്തിലെ വരിയിലും ഇതു പോലെയുള്ള അനവധി സന്ദേശങ്ങളുണ്ട്. **താതസ്യ കൂപോഽയം ഇതി ബ്രുവാണ കാപുരുഷഃ ക്ഷാരജലം പിബതി:** അച്ഛൻ കുഴിച്ച കിണറാണെന്നു



Scanned with CamScanner

പറഞ്ഞ് (അച്ഛനോട് ബഹുമാനം കാണിക്കാനായി) ഏതു മനുഷ്യനാണ് ആ കിണറ്റിൽ ഉപ്പുവെള്ളമാണെങ്കിൽ അതു കുടിക്കുക? അർത്ഥവും സന്ദേശവും വ്യക്തമാണല്ലോ. പൂർവീകരനുഷ്ഠിച്ചിരുന്നു എന്ന ഒറ്റക്കാരണത്താൽ ഇന്നത്തെക്കാലത്ത് അനുയോജ്യമല്ലാത്തത് സ്വീകരിക്കേണ്ടതില്ലതന്നെ. മുഷ്ടി ചുരുട്ടി ആകാശത്തേക്കെറിഞ്ഞ് മുദ്രാവാക്യം വിളിക്കാനല്ല ഉൽഘോഷിച്ചത്. ആവശ്യമില്ലാത്തത് തിരസ്കരിക്കാനാണ് ആഹ്വാനം ചെയ്തത്.

8. **'.......... വിമൃശ്യൈദതശേഷേണ യഥാ ഇച്ഛസി തഥാ കുരു :** വിമർശന ബുദ്ധ്യാ വിശകലനം ചെയ്തു ഏതു ശരിയെന്നു (ഹേ അർജ്ജുനാ നിനക്കു) തോന്നുന്നുവോ അതു ചെയ്യുക എന്ന ഗീതാ നിർദ്ദേശത്തിലെ യുക്തി വ്യക്തമാണല്ലോ. വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാനുള്ള (അവതാരമായ) ശ്രീകൃഷ്ണന്റെ സന്ദേശം ഒരു പക്ഷേ 'യുക്തിവിചാരം' എന്ന പദത്തിന്റെ അവസാനത്തെ ബിന്ദുവിലെ പ്രായോഗികാർത്ഥമല്ലേ നൽകുന്നത്.

9. **ശാസ്ത്രം പ്രമാണം, ആപ്തവാക്യം പ്രമാണം, പ്രത്യക്ഷം പ്രമാണം, അനുമാനം പ്രമാണം :** ശാസ്ത്രം, ശ്രേഷ്ഠന്മാരുടെ അഭിപ്രായം, നേരിട്ടു കണ്ടത്, ലഭ്യമായ വിവരങ്ങളിൽ നിന്നൂഹിച്ചെടുക്കുന്നത് ഇപ്രകാരം നാലു പ്രമാണങ്ങളാണുള്ളത്. ആധുനീക സയൻസിനും, യുക്തിക്കും, ഈ നാലു പ്രമാണങ്ങളല്ലാതെ അഞ്ചാമതൊരു പ്രമാണം നൽകാനില്ല. ഭഗവദ്ഗീത, ധർമ്മശാസ്ത്രം, ദർശനം, ഉപവേദം ഇവയാണ് ഈ നാലു പ്രമാണങ്ങളുടെ സ്രോതസ്. ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പെഴുതിയതെന്നർത്ഥം.

10. എന്റെ ഈശ്വരൻ മാത്രം ശരി! എന്റെ വിശ്വാസത്തിലൂടെ ചരിക്കണം! എന്റെ ഗ്രന്ഥം മാത്രം ശരി! എന്റെ ആചാര്യൻ മാത്രം ശരി! എന്നു പറയാത്ത ഒരു വീക്ഷണമുണ്ടെങ്കിൽ അതാണ് യുക്തിയുടെ വീക്ഷണം. അതുകൊണ്ടു് ഈ നാട്ടിൽ അനേകായിരം ഗ്രന്ഥങ്ങളും അവയ്ക്ക് അനേകായിരം വ്യാഖ്യാനങ്ങളുമുണ്ടായി. ദേശത്തിനും, കാലത്തിനും, വർഗ-വർണ-ഭാഷ - വ്യത്യാസങ്ങൾക്കുമതീതമായി ചിന്തിക്കാനും ജീവിക്കാനും പ്രേരിപ്പിക്കുന്നവയാണ് ഈ ഗ്രന്ഥങ്ങൾ. അതിലൊരിടത്തും ആരും പറഞ്ഞിട്ടില്ല ഇതല്ലാതെ മറ്റൊന്നുവായിക്കരുതെന്ന്.

11. **ആ നോ ഭദ്രാ: ക്രതവോ യന്തു വിശ്വതഃ** നന്മകളെല്ലായിടത്തു നിന്നും എന്നിലേക്കു വന്നു ചേരട്ടെ എന്നു പ്രാർത്ഥിച്ച



Scanned with CamScanner

ധർമ്മമാണിത്. അത് ബൈബിളിൽ നിന്നോ, കൊറാനിൽ നിന്നോ, കമ്മ്യൂണിസത്തിൽ നിന്നോ, ഷേക്സ്പിയറിൽ നിന്നോ, റഷ്യയിൽ നിന്നോ ആകാം. നന്മ നിറഞ്ഞതെവിടെ നിന്നുമാകട്ടെ അത് എന്നിലേക്കു വരട്ടെയെന്ന ചിന്ത യുക്ത്യധിഷ്ഠിതമാണ്. **ലോകാ സമസ്താ സുഖിനോ ഭവന്തു** എന്നതിനു പകരം **ഭാരതീയാഃ സമസ്താ**........... എന്നോ **ഹൈന്ദവാഃ സമസ്താ** എന്നോ പറഞ്ഞില്ലല്ലോ...! യുക്തിയും സയൻസും സർവചരാചരങ്ങൾക്കും സർവമാനവരാശിക്കും ഒരുപോലെ ബാധകമെങ്കിൽ ഇങ്ങിനെയൊരു **ലോകാ സമസ്ഥാ**...... പ്രാർത്ഥന ഭാരതത്തിൽ മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇതും **സർവേ ഭവന്തു സുഖിനഃ**....... **അസതോ മാ സത്ഗമയ**...... **സഹനാ വവതു**.... എല്ലാം യുക്ത്യധിഷ്ഠിതമാണ് മതമൗലികവാദമല്ല.

12. **ആകാശാത് പതിതം തോയം**..... എന്ന വരിയിലൂടെ ഏത് ഈശ്വരാരാധന നടത്തിയാലും...... എന്നു വ്യക്തമാക്കുന്നുണ്ട്. ഇവിടെ മാത്രമല്ലേ ഇങ്ങിനെയൊരു കർമ്മമന്ത്രം ആലപിച്ചിട്ടുള്ളൂ.

13. **ആ ശിക്ഷായൈ പ്രശ്നിനം**.... **ഉപശിക്ഷായൈ ഉപപ്രശ്നിനം**.... ചോദ്യം ചോദിക്കാനായി വരുക. ചോദ്യം ചെയ്യാതെ മുന്നോട്ടു പോകരുത് എന്ന നിർദ്ദേശം ഇവിടെ വ്യക്തം. ഇവിടെയുള്ള ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും ചോദ്യോത്തരങ്ങളാണുതാനും.

14. നിലവിലുള്ള എല്ലാ ആചാര വിചാര വിശ്വാസ പ്രമാണങ്ങളേയും പൊതുനിരത്തിൽ വിളിച്ചുകൂവിയ ചാർവാകൻമാർ മഹർഷിമാരായിരുന്നു. ആ വിഭാഗത്തിൽപെടുന്നവരുടെ വരികൾ രാമായണത്തിലും, ദർശനങ്ങളിൽ നിന്നും നീക്കം ചെയ്യാൻ അതിന്റെ രചയിതാക്കളോ, വ്യാഖ്യാതാക്കളോ വിളിച്ചു പറഞ്ഞതുമില്ല. ചാർകവാകന്മാരുടെ തലക്കു വില പറഞ്ഞതുമില്ല. അവരുടെ ഗ്രന്ഥങ്ങൾ ഈ നാട്ടിൽ നിരോധിച്ചതുമില്ല. സമൂഹം ചാർവാകന്മാരെ ഒറ്റപ്പെടുത്തിയിട്ടുമില്ല. അതിനു കാരണം ആ വീക്ഷണത്തിനും ആരാധകരുണ്ടായിരുന്നു എന്നതു തന്നെ.

15. ഭാരതത്തിൽ നിന്നുടലെടുത്ത ഒരു മതത്തിനും മാതൃധർമ്മത്തിനോടു യുദ്ധം ചെയ്യേണ്ടി വന്നിട്ടില്ല. നിലനിൽപ്പിന് ചോരയൊലിപ്പിക്കേണ്ടി വന്നിട്ടില്ല. ബുദ്ധ, സിഖ്, ജൈന, ചാർവാക, മതങ്ങൾക്കൊന്നും ഭാരതത്തിൽ വാളെടുക്കേണ്ടി വന്നിട്ടില്ല. ഇവടെ വന്ന ജൂതന്മാർക്കും, പാർസികൾക്കും, ക്രിസ്ത്യാനി



Scanned with CamScanner

കൾക്കും ഇവിടെയുള്ളവരുടെ വാളിനിരയാകേണ്ടി വന്നതുമില്ല. സ്വീകരണം മാത്രമാണ് ലഭിച്ചത്. അവർ പരസ്പരം കലഹിച്ചപ്പോഴും ഭാരതീയ രാജാക്കന്മാരായിരുന്നു രണ്ടു പക്ഷത്തേയും സംരക്ഷിച്ചത്.

16. ആക്രമിച്ചു കയറിയവർക്കു പോലും സ്വീകരണം നൽകുകയും, സ്വന്തം പുത്രിമാരെ പോലും വിവാഹം കഴിച്ചുകൊടുക്കുകയും ചെയ്ത ഒരു വീക്ഷണമിവിടെയുണ്ടായിരുന്നു എന്ന് വിസ്മരിക്കരുത്.

ഇത്രയും വിവരിച്ചത് ഭാരതീയ യുക്തിചിന്തയുടെ വസ്തുതകളുടെ പ്രായോഗികതയെക്കുറിച്ച് ചൂണ്ടികാണിക്കാനാണ്. കൂടുതൽ ഗഹനമായി ഇറങ്ങിച്ചെല്ലുകയായെണെങ്കിൽ നമുക്കു ഇനിയും യുക്തിചിന്തകൾ കാണുവാൻ സാധിക്കും.

17. **യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ :** ഈശ്വര ചൈതന്യത്തെ' (പരമാത്മ ചൈതന്യത്തെ) വിവരിക്കാനാകാതെ വാക്കുകൾ, മനസ്സോടു കൂടി തിരിച്ചു വരുന്നു. ഈശ്വരനെക്കുറിച്ചൊരു വിവരണം യുക്തിവാദിക്കുപോലും ഇവിടെ അവസാനിക്കുന്നു.

18. **ഈശാവാസ്യമിദം സർവം** - സർവചരാചരങ്ങളിലും ഈശ്വരനുണ്ട്. **സർവം ഖല്വിദം ബ്രഹ്മ** - ഇതെല്ലാം ആ പ്രപഞ്ചചൈതന്യത്തിന്റെ ഭാഗമാണ്.

**നതത്ര ചക്ഷുർഗച്ഛതി ന വാഗ് ഗച്ഛതി നോ മനഃ ന വിദ്മോ ന വിജാനീമോ യഥൈദനു ശിഷ്യാത്**

(പരമമയാ ചൈതന്യത്തെക്കുറിച്ച് വിവരിക്കാൻ) അവിടെ കണ്ണുകളെത്തുന്നില്ല, വാക്കുകളെത്തുന്നില്ല, മനസ്സിനെത്താൻ സാധിക്കുന്നില്ല. അറിയാവുന്നവരില്ല. അറിയിക്കാൻ കഴിവുള്ളവരില്ല. പിന്നെയെപ്രകാരം നിന്നെ ഞാൻ ഈശ്വരനെക്കുറിച്ച് പഠിപ്പിക്കും. ഈശ്വരനെക്കുറിച്ച് പഠിക്കുന്നവർ അവസാനം ചെന്നെത്തുന്ന ബിന്ദുവിൽ ഉപനിഷദ് രചനാ കാലഘട്ടത്തിൽ തന്നെ ഭാരതീയരെത്തിയിരുന്നു.

19. ഇതാണ് പ്രപഞ്ചചൈതന്യ വിവരണം. ആധുനീക സയൻസ്, ഇതിനെ Awareness and Consciousness എന്നു പറഞ്ഞു തുടങ്ങിയിട്ടുണ്ട്. ഭാരതീയർ ഉപനിഷത്തിലൂടെ പറഞ്ഞതും **പ്രജ്ഞാനം ബ്രഹ്മ** എന്നു തന്നെയല്ലേ.



Scanned with CamScanner

20. Creation of the matter from consciousness എന്ന പ്രയോഗം സയൻസിൽ വന്നു തുടങ്ങിയിട്ടുണ്ട്. അതു സെമിറ്റിക് മതത്തിൻ God Created the world ആക്കിയാൽ ദൈവം വേറെ, ലോകം വേറെ യാവും. എന്നാൽ ഭാരതീയർ പറഞ്ഞത് God Manifested as the world - ഈ പ്രപഞ്ചചൈതന്യം വിശ്വരൂപം/ പ്രപഞ്ച പുരുഷൻ/ പ്രകൃതി ദേവിയെല്ലാം തന്നെയാണ് ഈശ്വരൻ. created - manifested എന്നിവയുടെ വ്യത്യാസം അറിയുമ്പോൾ 'യുക്തി വാദിക്കും' 'നിരീശ്വരവാദിക്കും' ഒരു പക്ഷേ വ്യക്തമായ യുക്തി ഇവിടെയുണ്ടായിരുന്നതാണെന്നു ബോധ്യപ്പെടും.

21. **ജാത്യന്തര പരിണാമ പ്രകൃത്യാപൂരാത്** - ജീവജാലങ്ങളുടെ പരിണാമം പ്രകൃതി നിയമമാണെന്നത് ഭാരതീയ ചിന്തയുടെ ഭാഗമാണ്. അതിന്റെ പ്രദർശനമാണ് മത്സ്യത്തിൽ നിന്ന് കൽക്കി വരെയുള്ള അവതാരം പരിണാമം ഇതെഴുതിയ പതഞ്ജലിയെ മത നേതാക്കൾ തൂക്കിക്കൊല്ലാനൊന്നും വിധിച്ചതുമില്ല.

ഇനി മറ്റൊരു വിഷയത്തിലേക്കു കടക്കാം.

22. ഈ പ്രപഞ്ച ചൈതന്യത്തെ ശിലയിലും വിഗ്രഹങ്ങളിലും ദർശിക്കാൻ സാധിച്ചപ്പോൾ, ഭാരതീയർ ആ ശിലയെ ദേവനായി പ്രതിഷ്ഠിച്ച് ആലയമാക്കി - ദേവാലയമാക്കി - അവിടെ ക്ഷേത്ര കലകളും, ക്ഷേത്രവാദ്യങ്ങളും, ക്ഷേത്ര സാഹിത്യവും, ഉത്സവക്കാലത്ത് വ്യവസായിക-കാർഷിക-ഉൽപന്നങ്ങളുടെ ക്രയവിക്രയങ്ങളും സാമൂഹ്യബന്ധത്തിനുള്ള ഒത്തുചേരലുമാക്കി. ഇത് ചെയ്തത് ഈശ്വരനെ സുഖിപ്പിക്കാനല്ല, ദൈവഭയം കൊണ്ടുമല്ല. സവർണർ മാത്രമല്ല പൂജാരിമാരായത്. ശ്രീകൃഷ്ണൻ OBC യും, ശ്രീരാമൻ ക്ഷത്രിയനും, വ്യാസൻ മുക്കുവ വംശജാതനും, മഹീദാസ ഐതരേയൻ ചണ്ഡാലനുമായിരുന്നു. ഇവിടെ വരേണ്യവർഗമെന്നു വിളിച്ചു കൂവുന്നവരോട് പറയട്ടെ. നിങ്ങളുടെ യുക്തി വീക്ഷണവും യുക്ത്യധിഷ്ഠിതമാക്കാൻ ശ്രമിക്കുക.

23. ഗ്രാമദേവതയും കുലദേവതയും വന്നപ്പോൾ - വാശിയും വിദ്വേഷവും, സ്വജനപക്ഷപാതവുമില്ലാത്ത ഒരു ദേവൻ രാജാവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട് അതിലൂടെ സത്യം ധർമ്മം നീതി ന്യായം നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ കൈക്കൂലി വാങ്ങിക്കുന്ന ഭരണാധികാരികളേക്കാളും, ജഡ്ജിമാരേക്കാളും, നിയമം വളച്ചൊടിക്കുന്ന നിയമജ്ഞരേക്കാളും ചൈതന്യവത്തായി 'ശിലാദൈവങ്ങൾ':



Scanned with CamScanner

ലക്ഷ്മിയും, സരസ്വതിയും, പാർവതിയും, മഹാമായയും, ഭൂമിദേവിയും, പ്രകൃതി ദേവിയും പുരുഷവർഗമേധാവിത്വത്തിന്റെ പ്രതീകങ്ങളല്ലതാനും.

24. ദൈവഭയമില്ലാതെ, ഈശ്വരഭക്തി സംഗീതത്തിന്റെയും, കീർത്തനങ്ങളുടേയും അസാധാരണ (ദാസ്യഭാവ - ശാന്തഭാവ - മാധുര്യഭാവ - വാത്സല്യഭാവ - സഖ്യഭാവ - വിദ്വേഷഭാവ) ഭക്തിമാർഗങ്ങൾക്കാധാരമായി അവയെല്ലാം ക്ഷേത്ര കലാരൂപങ്ങൾക്കാധാരമായ കഥകളായി ഭവിച്ചു. കൃഷ്ണനാട്ടം, കഥകളി, ഓട്ടൻതുള്ളൽ, തോൽപാവക്കളി, യക്ഷഗാനം, മോഹിനിയാട്ടം, കുച്ചിപുടി, എല്ലാം ഈ ഭക്തി കലാരൂപത്തിൽ പരിണമിച്ചതാണ്. ഇവിടെയൊന്നും ക്ഷേത്രാചാരങ്ങളും വിശ്വാസങ്ങളും സ്വർഗത്തിലേക്കുള്ള പന്ഥാവായി മാത്രം ചിത്രീകരിക്കപ്പെട്ടില്ല.

25. ഇവിടെ ക്ഷേത്രാചാരങ്ങൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമാക്കിയപ്പോൾ മനസ്-ശരീരം - കുടുംബം-സമൂഹം-രാഷ്ട്രം- മാനവരാശി ഇവയുടെ ശാശ്വത നന്മക്കുപാധിയാക്കാൻ സാധിച്ചു. ഭാരതത്തിൽ ക്ഷേത്രങ്ങൾ കൂട്ട പ്രാർത്ഥനാലയങ്ങളായിരുന്നില്ല. പാപപ്രായശ്ചിത്തിനുള്ള വിധി പ്രഖ്യാപന കേന്ദ്രങ്ങളുമായിരുന്നില്ല. പൂജാരി സ്വർഗത്തിലേക്ക് വാതിൽ തുറന്നുകൊടുക്കുന്നവനുമായിരുന്നില്ല. പുണ്യാത്മാക്കൾ ദൈവത്തിനോട് പ്രാർത്ഥിക്കാനുള്ള ഇടനിലക്കാരുമായിരുന്നില്ല. പഞ്ചമഹായജ്ഞത്തിൽ പങ്കെടുക്കുന്ന വഴിപാടുകൾ, പാപമോചനത്തിനുള്ള ഫീസുമായിരുന്നില്ല. ക്ഷേത്രങ്ങളിൽ തെമ്മാടിക്കുഴികളുമുണ്ടായിരുന്നില്ല.

26. ഇവിടത്തെ ആശ്രമങ്ങളിൽ, വിദേശത്തു നിന്നു വന്ന ക്രിസ്തുദേവനുമുണ്ട്, ക-അബയുമുണ്ട്. കൊറാനുമുണ്ട്, ബൈബിളുമുണ്ട്. ഇവിടെ ക്രിസ്തുമസും മിലാഡിഷെറീഫും ഭക്ത്യാദരവോടെ ആചരിക്കാറുമുണ്ട്.

ഇവിടത്തെ ആചാര്യന്മാർ സ്വന്തം മതത്തിലേക്ക് ആളെക്കൂട്ടിയിട്ടുമില്ല. അവരുടെ സേവനങ്ങൾ ഒരു വിഭാഗത്തിനു മാത്രമായി വീതിച്ചു നൽകിയിട്ടുമില്ല. ഇവരെ ആൾ ദൈവങ്ങളെന്ന് അധിക്ഷേപിക്കുമ്പോൾ, അവർ ക്ഷോഭിച്ചിട്ടുമില്ല. അവരാരും എന്നെ മാത്രമേ പിന്തുടരാവൂ എന്നാഹ്വാനം ചെയ്തിട്ടുമില്ല. ഇതൊക്കെയല്ലേ യുക്തിയുടെ ഭാഷ.

27. ആത്മീയത മനശ്ശാസ്ത്രത്തിന്റെ നാലാം തൂണായി (spirituality is the fourth Pillar of Psychology) ഭവിച്ചപ്പോൾ ഈശ്വരവിശ്വാസിയെ മനഃശാസ്ത്രജ്ഞന് കുറേക്കൂടി എളുപ്പത്തിൽ ചികിത്സിക്കാൻ സാധിക്കുന്നു. ആത്മീയ കേന്ദ്രങ്ങൾ മനസ്സിന്റെ പിരിമുറുക്കങ്ങൾ ഇറക്കിവെക്കാൻ വേണ്ട ഒരിടമായിത്തീർന്നു. ശരീരത്തിന്റെ ആരോഗ്യത്തിന് നിദാനമായ പലതും അവിടെയുണ്ട്. കുടുംബ ബന്ധം ദൃഢമാക്കാനുള്ള ഒത്തുചേരലുകൾക്കിടമായി, ക്ഷേത്രങ്ങൾ. സമൂഹത്തിന്റെ വിവിധ തട്ടിലുള്ളവർക്ക് ഒത്തുചേരാനും വർഗ വർണ ഭാഷാവ്യത്യാസമില്ലാതെ തീർത്ഥയാത്രക്കുള്ള ഇടമാക്കി രാഷ്ട്ര ഐക്യത്തിനുമുള്ള കേന്ദ്രമായി ക്ഷേത്രം. ആധുനിക കാലഘട്ടത്തിൽ ആചാരങ്ങൾ കാടുകയറാതെയിരിക്കാൻ ശ്രമിക്കേണ്ടത് വിദ്വാന്മാർ. സാധാരണ ജനങ്ങൾക്കു പരിമിതിയുണ്ട്.

**ഇനി നമ്മുടെ ആചാരങ്ങളിലൂടെ കണ്ണോടിക്കാം!**

28. നമ്മുടെ ആചാരങ്ങൾക്ക്, യുക്തിക്കു നിരക്കുന്ന ലക്ഷ്യങ്ങളുണ്ട്. **ആചാരാത് ലഭതേ ഹ്യായുഃ ആചാരാത് ധനമക്ഷയ്യം ആചാരാത് ലഭതേ സുപ്രജാ ആചാരോ/ഹന്ത്യലക്ഷണം :** ആചാരാനുഷ്ഠാനത്തിലൂടെ ആയുരാരോഗ്യസൗഖ്യം, ധനധാന്യസമൃദ്ധി, സാമൂഹികബന്ധം നന്മ നിറഞ്ഞ വ്യക്തിത്വം ഇവയാണ് ലക്ഷ്യമിടുന്നതെന്ന ഉപദേശം യുക്തിക്കു നിരക്കുന്നതാണ്.

29. **ആചാര്യാത് പാദമാദത്തെ പാദം ശിഷ്യ സ്വമേധയാ പാദം സബ്രഹ്മചാരിഭ്യ ശേഷം കാലക്രമേണ ച** ആചാര്യനിൽ നിന്ന്, ശിഷ്യൻ സ്വമേധയാ, മറ്റുള്ളവരുമായി ചർച്ച ചെയ്ത് അറിവിന്റെ കാൽഭാഗം വീതം സ്വീകരിക്കണം. അവസാനത്തെ കാൽഭാഗം കാലക്രമത്തിലുമാണ് നേടേണ്ടതെന്നത് (Addition, deletion, modification and correction) യുക്തിക്കു നിരക്കുന്നതാണ്.

30. ഇനി ആചാരാനുഷ്ഠാനങ്ങളിലേക്കു കടന്നാലും ഇവിടത്തെ വീക്ഷണം യുക്ത്യധിഷ്ഠിതമാണ്. **സ്വഗ്രാമേ പൂർണ്ണമാചാരം അന്യഗ്രാമേ തദർദ്ധകം പട്ടണേ തു തത് പാദം യാത്രേ ബാലാദാചരതേത്** സ്വന്തം ഗ്രാമത്തിൽ ആചാരങ്ങൾ പൂർണമായുമനുഷ്ഠിക്കണം. മറ്റൊരു ഗ്രാമത്തിലാണെങ്കിൽ പകുതിയും പട്ടണത്തിൽ കാൽഭാഗവും, യാത്രാവേളയിൽ ആചാരാനുഷ്ഠാനം വേണ്ടാത്ത അവസ്ഥയിലുമായിരിക്കണമെന്നത് ആചാരം സ്വർഗയാത്രക്കുള്ളതല്ല, മറിച്ച് ഭൂമിയിലെ ജീവിതം സ്വർഗസമാനമാക്കാനാണെന്ന് വ്യക്തമാക്കുന്നു.



Scanned with CamScanner

31. ആചാരത്തെക്കുറിച്ചുള്ള ഉപനിഷദ് വരി സമഗ്രവും സമ്പൂർണവുമാണ്. **സത്യംവദ, ധർമ്മം ചര, സ്വാധ്യായാൻ മാ പ്രമദ സത്യാൻ ന പ്രമദിതവ്യം ധർമ്മാൻ ന പ്രമദിതവ്യം കുശലാൻ ന പ്രമദിതവ്യം ഭൂത്യൈ ന പ്രമദിതവ്യം സ്വാധ്യായ പ്രവചനാഭ്യാം ന പ്രമദിതവ്യം. ദേവ പിതൃകാര്യാഭ്യാം ന പ്രമദിതവ്യം. മാതൃ ദേവോ ഭവ പിതൃദേവോ ഭവ ആചാര്യ ദേവോ ഭവ അതിഥി ദേവോ ഭവ**

സത്യം പറയുക, ധർമ്മത്തിലൂടെ ചരിക്കുക, നിരന്തരം പഠിക്കുക, സത്യ-ധർമ്മങ്ങളിൽ നിന്ന് വ്യതിചലിക്കാതിരിക്കുക. സ്വയം പഠിക്കുന്നതിൽ നിന്നും വ്യതിചലിക്കാതിരിക്കുക. സംതൃപ്തമായ സാമൂഹ്യബന്ധം + സമ്പന്നമായ കുടുംബ ജീവിതം + പഠിച്ച് പഠിപ്പിക്കൽ + ദേവപിതൃകാര്യങ്ങൾ അനുഷ്ഠിക്കൽ എന്നിവയിൽ നിന്ന് വ്യതിചലിക്കാതിരിക്കുക. മാതാവ് + പിതാവ് + ആചാര്യൻ + അതിഥി ഈശ്വരതുല്യരായിത്തീരട്ടെ - ഇതിൽ യുക്തിക്കു നിരക്കാത്തതായിട്ട് എന്തെങ്കിലുമുണ്ടോ എന്നു പരിശോധിക്കുക. സൈക്കോളജി, സോഷ്യോളജി, ഫിസിയോളജി, ഇവയിലൂടെ ഈ ആചാരാനുഷ്ഠാനങ്ങൾ വിലയിരുത്താൻ എന്തെങ്കിലും തടസ്സമുള്ളതായി തോന്നുന്നുണ്ടോ?

32. വടക്കോട്ട് തലവെച്ചുറങ്ങാതിരിക്കൽ, ഉണർന്നയുടനെ കിടക്കയിൽ ഇരുന്നുള്ള പ്രാർത്ഥന, കിഴക്കോട്ട് മുഖം തിരിച്ചുള്ള പഠനം, ഭക്ഷണത്തിനു മുമ്പുള്ള പ്രാർത്ഥന, സൂര്യനമസ്കാരം, സസ്യാഹാരം, മന്ത്രജപം, പ്രാർത്ഥന, ഭക്ഷണ മാറ്റത്തിലൂടെയുള്ള വ്രതം, ഉപവാസം..... എന്നിവ രക്തചംക്രമണം, ഹൃദയപ്രവർത്തനം, മാഗ്നറ്റിക് ഫ്ളക്സ്, ഉമിനീരിന്റെ പ്രയോജനം, അസ്ഥി സന്ധികൾക്ക് വ്യായാമം, സംഗീതചികിത്സ, കുടൽ ശുദ്ധീകരണം....... ഇവക്കു വേണ്ടിയായാൽ ഈ ആചാരങ്ങൾക്കകത്തു നിന്ന് ആത്മീയതയുടെ ആവരണം മാറ്റിയാൽ സയൻസിന്റെ പ്രയോഗം ദർശിക്കാം. ആത്മീയത ചേർന്നു എന്നതുകൊണ്ട് സയൻസ്, സയൻസല്ലാതാകില്ലല്ലോ! അവ യുക്തിക്കു നിരക്കാത്തതാകേണ്ട കാര്യവുമില്ല. ജന്മം നൽകി വളർത്തി വലുതാക്കിയവർക്കു മാത്രമല്ല, സമസ്ത ചരാചരങ്ങൾക്കും വേണ്ടിയാണ് പിതൃതർപ്പണം എന്നറിയുമ്പോളാണ് യുക്ത്യധിഷ്ഠിതമായ (സമൂഹജീവിയുമായ) മനുഷ്യനെ ഈ ആചാരാനുഷ്ഠാനങ്ങൾ എത്രത്തോളം പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിക്കുമെന്നറിയുന്നത്.



Scanned with CamScanner

33. പൂർണ്ണ അന്ധവിശ്വാസമെന്ന് മുദ്ര കുത്തിയ പ്രാണായാമം, യോഗ, ധ്യാനം, സംഗീത ചികിത്സ, വാസ്തു എന്നിവയെല്ലാം ശാസ്ത്ര വെളിച്ചത്തിൽ ബഹിരാകാശത്തുപോലും പരീക്ഷിക്കുന്നത് അടുത്തകാലത്താണ്. ഇത് വിദേശത്തു മാത്രമല്ല സയൻസാകുന്നത്. ബുദ്ധിയും, യുക്തിയും അന്ധമായ രാഷ്ട്രീയവും, ഹിഡൺ അജണ്ടയുമില്ലാത്ത എല്ലാവർക്കും ഇത് ഇന്ന് സയൻസാണ്. പകൽ വെളിച്ചത്തിൽ ഇത് അന്ധവിശ്വാസമെന്നു പറയുന്നവർ കതകടച്ച പൂജാമുറിയിലും, ഇരുട്ടിന്റെ ആവരണത്തിലും ഇത് സയൻസും പ്രയോജനപ്രദവുമാണ് എന്നറിഞ്ഞ് ജീവിതത്തിൽ പ്രയോഗിക്കുന്നുമുണ്ട്.

34. സംഗീതചികിത്സയും, മന്ത്രചികിത്സയും, ആചാരങ്ങളിലേക്കുള്ള തിരിച്ചു വരവിന്റെ ആവശ്യകതയും, ഫെയ്ത്ത് ഹീലിങ്ങും, മന്ത്രവാദത്തിന്റെ (മണിചിത്രതാഴ് സിനിമയെക്കുറിച്ച് മനഃശാസ്ത്രജ്ഞന്മാരുടെ വിലയിരുത്തലും) ഫലവും, ന്യൂ ഏജ് തെറപ്പി (NAT)യുമെല്ലാം അടുത്ത കാലത്തു വരെ യുക്തിയുടെ വേലികെട്ടിനപ്പുറത്തായിരുന്നതിന് സ്ഥാനചലനം സംഭവിച്ചിട്ടുണ്ട്. ഒരു പക്ഷേ സുകൃതം എന്ന സിനിമ ഇതിന്റെ പ്രദർശനമാണ് കാഴ്ചവെക്കുന്നത്. മനുഷ്യത്വത്തിന്റേയും, നന്മയുടേയും പരിധി ലംഘിക്കപ്പെടുമ്പോൾ ഇതെല്ലാം ദുരാചാരമാകും എന്നതു സത്യമാണ്. പരിധിക്കുള്ളിൽ അവയെല്ലാം പ്രയോജനപ്രദമാണ് എന്നറിയണം. കാശിനുവേണ്ടി ഇല്ലാത്ത രോഗത്തിന് ടെസ്റ്റ് എഴുതുന്നതും, വേണ്ടാത്ത ഓപ്പറേഷൻ നടത്തി കാശു വാരുന്നവരും, ആശുപത്രിയിൽ കിടത്തി വൻതുക വസൂലാക്കുന്നവരും ആധുനീക സയൻസാണ് കൈകാര്യം ചെയ്യുന്നത് എന്ന കാരണത്താൽ, ഈ പ്രവൃത്തികൾ ദുരാചാരമാകാതിരിക്കുമോ!

35. നമ്മുടെ വിചാരങ്ങൾക്കും വിശ്വാസങ്ങൾക്കുമുണ്ട് കുറേയൊക്കെ പ്രായോഗികഫലങ്ങളുളവാക്കുന്ന യുക്തി. ഭൂമി-ജലം-വായു-നദികൾ-മലകൾ-കാടുകൾ ഇവ ഈശ്വരചൈതന്യഭാഗമാക്കുമ്പോൾ അവയെ മലിനമാക്കാതിരിക്കാനും നശിപ്പിക്കാതിരിക്കാനും സംരക്ഷിക്കാനുമുള്ള സന്ദേശങ്ങളതിലുണ്ട്.

36. തീർത്ഥയാത്രകൾ തന്നെ ദേശീയ ഐക്യത്തിനുപയോഗിക്കാം. നദികൾ-പർവതങ്ങൾ-ഇതിഹാസ കഥാപാത്രങ്ങൾ-ഇവയൊക്കെ നാടിന്റെ ഐക്യത്തിന് നൽകുന്ന ഗഹനമായ സ്വാധീനം അവാച്യ



Scanned with CamScanner

മാണ്. അതിൽ സയൻസും ശാസ്ത്രവുമില്ല. പക്ഷേ സാമൂഹിക-രാഷ്ട്രീയ ഐക്യത്തിന്റെ യുക്തിയാണുള്ളതെന്ന് തിരിച്ചറിയണം. ജനഗണമനയിൽ ഇതൊക്കയാണല്ലോ!

37. വിവാഹത്തിനും, മരണത്തിനും, സഞ്ജയനത്തിനും ഷഷ്ട്യബ്ദ പൂർത്തിക്കുമുള്ള ഒത്തുചേരലാണ് കുടുംബ-സമൂഹബന്ധം നില നിർത്തിയിരുന്നതെന്ന യുക്തിജ്ഞാനമുണ്ടാകണം.

38. പുരോഗമന ചിന്തയിൽ പഴയതൊന്നും പാടില്ല എന്ന ധാരണയാണ് അന്ധവിശ്വാസം. വികസിത രാഷ്ട്രങ്ങൾ ശാസ്ത്രത്തിന്റേയും യുക്തിയുടേയും അടിസ്ഥാനത്തിൽ ഇവിടത്തെ നന്മകൾ സ്വീകരി ക്കുമ്പോൾ, അത് പിന്തിരിപ്പനാണെന്നു വാദിക്കുന്നത് അടഞ്ഞ മന സ്സുകളുടേയും ക്ളാവു പിടിച്ച മസ്തിഷ്കത്തിന്റേയും അന്ധവിശ്വാ സമാണ്.

39. ഒരക്ഷരം പോലും അറിയകയോ പഠിക്കുകയോ ചെയ്യാത്ത വിഷ യങ്ങളെക്കുറിച്ച് വാദിക്കുന്നതും വിമർശിക്കുകയും ചെയ്യുന്നതാണ് ദുരാചാരം. അറിയാത്തതിനെതിരെ ഘോരഘോരം പ്രസംഗിക്കുക, പ്രതിഷേധിക്കുക, ഇതാണ് യുക്തിരാഹിത്യത്തിന്റെ അവസാന വാക്ക്.

40. മാനവരാശിക്ക് പ്രയോജനപ്പെടുത്താമോ എന്ന് ചിന്തിക്കാൻ പോലും ശ്രമിക്കാതെ ഭാരതത്തിൽ നിന്നുത്ഭവിച്ചതെല്ലാം സവർണ രുടേയും, ഫാസിസത്തിന്റേയും, അനാചാരത്തിന്റേയും മതമൗലീ കവാദത്തിന്റേയും സന്തതികളാണെന്ന് പ്രഖ്യാപിക്കുന്നതാണ് അശാസ്ത്രീയവും യുക്തിരഹിതവും. ലോകത്തിലെ പണ്ഡിത രും, ചിന്തകരും, ശാസ്ത്രജ്ഞന്മാരും ഇതെല്ലാം പ്രയോഗിക്കു ന്നതു കണ്ടിട്ടും മനസ്സിലാക്കാതെ സ്വയം കണ്ണുമടച്ച് ഈ ലോക ത്തിൽ ഭയങ്കരമായ ഇരുട്ടാണെന്ന് വാദിക്കുന്നതിനു മുമ്പ് ഒന്നു കണ്ണുതുറക്കുന്നതാണ് യുക്തി.

41. നിരീശ്വരവാദവും യുക്തിവാദവും പുരോഗമനവാദവും ഒന്നല്ല. ചില കാര്യങ്ങളിൽ അവ തമ്മിൽ പരസ്പര ബന്ധം പോലും ഇല്ല. ഈ മൂന്നു വിഭാഗത്തിൽപെടുന്നവരും ക്ഷേത്ര കാര്യങ്ങൾ നിയന്ത്രി ക്കുന്നതും, ഭാര്യയേയും മക്കളേയും വിശ്വാസാധിഷ്ഠിതമായി ജീവി ക്കാനനുവദിക്കുന്നതുമാണ് യഥാർത്ഥത്തിൽ വൈരുദ്ധ്യാധിഷ്ഠി തമായ യുക്തിരാഹിത്യം. സ്വന്തം വീട്ടുകാരിൽ തന്നെ തന്റെ യുക്തിവാദം ബോധ്യപ്പെടുത്താൻ പറ്റാത്തവർ ലോക യുക്തിവാ



Scanned with CamScanner

ദികളും അവരുടെ പ്രസിഡന്റും സെക്രട്ടറിയുമാകുന്ന കാഴ്ച കേരളത്തിൽ കാണാവുന്നതാണ്. ഇതാണ് ലോകമഹാത്ഭുതങ്ങളിൽപെടുത്തേണ്ടതായ യുക്തിരാഹിത്യം. ഇതിനെവ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ ന്യായീകരിക്കുന്നത് വരട്ടുവാദമാണ്. തടിയൂരാൻ അതാണെളുപ്പവിദ്യ.

**ഇവിടെ ഇപ്പോൾ നടമാടുന്ന യുക്തിവാദവും പുരോഗമനവാദവും ശാസ്ത്രബോധവുമൊന്നു പരിശോധിക്കാം!**

42. നിരീശ്വരവാദിയായ യുക്തിവാദിക്ക് ഹരിശ്രീ ഗണപതയേ നമഃ വർജ്ജ്യമായിരിക്കേണ്ടതല്ലേ? മുകളിലൊരുവനുണ്ടെന്ന പദപ്രയോഗവും ശരിയോണോ? ചിതാഭസ്മം നദിയിലൊഴുക്കുന്നത് വിഡ്ഢിത്തമല്ലേ?. ആൾദൈവങ്ങളെന്നാക്ഷേപിക്കുകയും അവിടെത്തന്നെ ചെന്നെത്തുന്നതും വിരോധാഭാസമല്ലേ? തലക്കുമുണ്ടിട്ട് വെളുക്കുന്നതിനുമുമ്പ് ക്ഷേത്രാങ്കണത്തിലെത്തുന്നതു ശരിയോ? മരിച്ചുപോയവരുമായി സംസാരിക്കുന്നതും, പൂമൂടുന്നതും, പള്ളി രജിസ്റ്ററിൽ കള്ളഒപ്പിട്ട് വിവാഹരേഖയാക്കുന്നതും, ജ്യോത്സ്യനെ ഇരുട്ടിന്റെ മറവിൽ നമസ്കരിക്കുന്നതും, ശങ്കരാചാര്യർ തന്ന മഞ്ഞത്തുണി കഴിത്തിലിട്ടു നടക്കുന്നതും, മക്കളെ നമ്പൂതിരിമാർക്കു തന്നെ ആചാരപ്രകാരം വിവാഹം ചെയ്തുകൊടുക്കുന്നതും, പിതൃകർമ്മം തിരുനെല്ലിയിൽ ചെന്ന് ആരുമറിയാതെ ആചരിക്കുന്നതും, പൂർണകുംഭം സ്വീകരിച്ച് വേദമന്ത്രം ചൊല്ലി പഴനിയിൽ പ്രദക്ഷിണം വെച്ചതിനുശേഷം ഭാര്യക്കുവേണ്ടി പോയതാണെന്നു പറയുന്നതും, നിയമസഭയിൽ ഗണപതിഹോമം നടത്തണമെന്ന് സ്വകാര്യമായി നിർദ്ദേശിച്ച് ചെയ്യിച്ചതും, പുരോഗമന ആശുപത്രിയിൽ രോഗികളെ കിട്ടാൻ (തലശ്ശേരിയിൽ) മന്ത്രവാദം ചെയ്തതും, നല്ല സമയവും നല്ല ദിവസവും നോക്കിത്തന്നെ സത്യപ്രതിജ്ഞ ചെയ്യുന്നതും, മെത്രാന്റെയും ബിഷപ്പിന്റെയും കൈ ചുംബിക്കുന്നതും, മാതാപിതാക്കളെ കാലുതൊട്ടു വന്ദിക്കുന്നതും, പഴവങ്ങാടി ഗണപതിയുടെ മുമ്പിൽ 'തൊഴാതെ' പ്രാർത്ഥിക്കുന്നതും, പുരോഗമന ജാഥ സമയത്ത് മഴ പെയ്യാതിരിക്കാൻ ഗണപതിക്ക് നാളികേരമുടയ്ക്കുന്നതും, ക്ഷേത്രം ഭരിക്കുന്നതും, ക്ഷേത്രഭണ്ഡാരത്തിൽ കൈയ്യിട്ടുവാരുന്നതും, പാർട്ടിക്കാരെ ക്ഷേത്ര ഭരണാധികാരിളാക്കുന്നതും ഒക്കെയൊണോ യുക്തി-സയൻസ്-ശാസ്ത്ര-വീക്ഷണം. മനുഷ്യന്റെ നന്മയ്ക്കായിട്ടാണ് ചെയ്തതെങ്കിൽ ഇതിൽ ചിലത്



Scanned with CamScanner

യുക്തിസഹജമാണ്, ശാസ്ത്രീയവുമാണ് എന്നു വാദിക്കാം. പക്ഷേ അവ സയൻസല്ല. (വികൃതമായ അർത്ഥപ്രയോഗമാണെങ്കിൽ പുരോഗമനവുമല്ല). നല്ല അർത്ഥത്തിലാണെങ്കിൽ ഇതിൽ ചിലത് പുരോഗമനമാണ്. എല്ലാം അപ്രകാരമല്ല തന്നെ!

43. ജ്യോതിഷത്തെ നഖശിഖാന്തം എതിർക്കുന്ന പത്രക്കാരും വാരികക്കാരും യുക്തിക്കും സയൻസിനും ശാസ്ത്രത്തിനും നിരക്കാത്ത വാരഫലം, മാസഫലം, ജ്യോതിഷവാരിക-മാസിക എന്നിവ പ്രസിദ്ധീകരിക്കുന്നത് അന്ധവിശ്വാസത്തിന്റെ ക്ലൈമാക്സായ യുക്തിരാഹിത്യമാണ്.

44. ജാതിയുടെ വാൽക്കഷണം, മക്കൾക്ക് ശുഭമുഹൂർത്തത്തിൽ ശുഭദിനത്തിൽ വിവാഹം, പിന്നെ വിവാഹത്തിന്റെ ആഡംബരം, സ്വർണമഴ, എണ്ണിയാലൊടുങ്ങാത്ത ഭക്ഷണവിഭവങ്ങൾ, സ്ത്രീധനപ്രവാഹം പ്രത്യക്ഷമായും, പരോക്ഷമായും, ഏതിനെതിരെ പ്രവർത്തിച്ചോ അതുതന്നെ സ്വീകരിക്കാൻ വെമ്പൽ കൊള്ളേണ്ട ഗതികേട്, പറഞ്ഞതു തിരിച്ചും മറിച്ചും പറയേണ്ടിവരിക, ആത്മവഞ്ചനയുടെ മൂർത്തിമത് ഭാവമാകുക, ഇവയൊക്കെ എന്തിന്റെ പേരിലായാലും യുക്തിരാഹിത്യമാണ്.

**ഈ നാട്ടിൽ എവിടെ യുക്തി? എവിടെ ശാസ്ത്രം? എവിടെ സയൻസ്? എവിടെ പുരോഗമനം?**

എല്ലാം മെമ്പർഷിപ്പ്! അധികാരം! ഭരണം! വോട്ട് ! സമ്പത്ത് ! അവസരവാദം ! കാശുണ്ടാക്കൽ ! എനിക്കും എന്റെ കുടുംബത്തിനും എന്നെ ആശ്രയിച്ചു എന്റെകൂടെ എനിക്കുവേണ്ടി പണിയെടുക്കുന്നവർക്കും വേണ്ടിയുള്ള ഒരു തരം സർക്കസ്. ഇവിടെ ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും വേണ്ടി വാദിക്കുന്നവരുടെ വംശനാശം സംഭവിക്കാൻ കാരണം ഈ മൂന്നു പദങ്ങളുടേയും അർത്ഥവും വ്യാപ്തിയും പ്രയോഗവുംഅറിയുന്നവരും, അറിഞ്ഞ് പ്രവർത്തിക്കുന്നവരും ഇല്ലാത്തതുകൊണ്ടുമാത്രമാണ്.

വാക്കും, പ്രവൃത്തിയും, ആചാരവും, വിശ്വാസവും, അനുഷ്ഠാനവും, സങ്കൽപവും ഗ്രന്ഥവിവരങ്ങളും ഭാഗികമായും അനവസരത്തിലും ഉദ്ധരിക്കലും, പ്രാചീനകാലഘട്ടത്തിൽ പ്രയോഗിച്ചത് ഭയപ്പെടുത്തി അനുഷ്ഠിപ്പിക്കുന്നതും, ജ്യോതിഷവും, വാസ്തുവും, മന്ത്രതന്ത്രവും ദുരുപയോഗം ചെയ്യുന്നതും അന്ധവിശ്വാസമാണ്, ദുരാചാരമാണ്,



Scanned with CamScanner

യുക്തിരഹിതമാണ്. ഏതൊരു ജ്ഞാനവിജ്ഞാന ശാഖയും ദുരുപയോഗം ചെയ്യുന്നതുപോലെ ഹീനമാണിതും.

എല്ലാ നന്മകളിലും കുറേ തിന്മകളുണ്ടെന്നും, എല്ലാ തിന്മകളിലും കുറെ നന്മകളുണ്ടെന്നും അത് ദേശത്തിനും കാലത്തിനും, പ്രായത്തിനും, വിദ്യാഭ്യാസ യോഗ്യതക്കും, വ്യക്തി-കുടുംബം-സമൂഹ-രാഷ്ട്ര വീക്ഷണ വ്യത്യാസങ്ങൾക്കനുസരിച്ചുവേണം പ്രയോഗിക്കാനെന്നുമുള്ള തിരിച്ചറിവാണ് യുക്തി. ഒരാൾക്ക് യുക്തിയാകുന്നത് മറ്റൊരാൾക്ക് യുക്തിയാകണമെന്നില്ല എന്നറിവില്ലായ്മയാണ് നമ്മുടെ യുക്തിരാഹിത്യത്തിന്റെ കാതൽ. സമൂഹത്തിൽ യുക്തിയുണ്ടാക്കാനായി കെട്ടിയിറങ്ങിയവർക്ക് പത്തി മടക്കി ഒതുങ്ങിക്കൂടേണ്ടിവരുന്നത്, പറഞ്ഞതെല്ലാം വാർധക്യത്തിൽ മറിച്ചും മാറ്റിയും പറയേണ്ടിയും പ്രവർത്തിക്കേണ്ടിയും വരുന്നതുകൊണ്ടാണ്.

ഏതു യുക്തിവാദിയും, പുരോഗമന വാദിയും, ശാസ്ത്രവീക്ഷണവാദിയും, സയിന്റിഫിക് ടെമ്പറിനുവേണ്ടി മുദ്രാവാക്യം വിളിക്കുന്നവരും ഓർമ്മിക്കുക:- ഉജ്ജയിനി മഹാകാളി ക്ഷേത്രത്തിനു മുന്നിൽ നിന്നുകൊണ്ട് ഈ കല്ലിനെ പൂജിക്കുന്നതിനേക്കാൾ നല്ലത് ഉഴുന്നരയ്ക്കുന്ന ആട്ടുകല്ലിലെ കുഴയെ പൂജിക്കുന്നതാണെന്നും, ഗംഗയിൽ മുക്കിയാൽ പാവയ്ക്കയുടെ കയ്പുപോകുമെങ്കിലേ ഗംഗാസ്നാനം ചെയ്താൽ പാപം പോകുകയുള്ളൂവെന്നും, മരിച്ചുപോയ അച്ഛന് പിണ്ഡമിട്ടാൽ അത് അവർക്കു ലഭിക്കുമെങ്കിൽ വിദേശത്തു ജോലി ചെയ്യുന്ന മകന് ഇവിടെ പിണ്ഡമിട്ട് അവരുടെ വിശപ്പില്ലാതാക്കുന്നതാണ് നല്ലതെന്നും, ഭസ്മം പൂശിയാൽ സ്വർഗത്തിൽ പോകുമെങ്കിൽ മരിക്കുന്നതുവരെ എല്ലാ അധർമ്മങ്ങളും ചെയ്ത് നിരന്തരം ഭസ്മം പൂശിയാൽ മതിയല്ലോയെന്നും, എത്രകാലം ജീവിക്കുന്നുവോ അത്രയും കാലം കടം വാങ്ങിയാണെങ്കിലും സുഖമായി ജീവിക്കണമെന്നും, ഒരിക്കൽ ശരീരം ഭസ്മമായാൽ പിന്നെ തിരിച്ചു വരവില്ലെന്നും, ശ്രീരാമൻ വനവാസത്തിനുശേഷം മടങ്ങി വരുന്നതുവരെ സീതാദേവി രാജ്യം ഭരിക്കട്ടേയെന്നും, വേദങ്ങളും - മന്ത്രങ്ങളും ബ്രാഹ്മണാധിപത്യം സ്ഥാപിക്കാനാണെന്നും, നുണപറഞ്ഞും-ശിഖണ്ഡിയെ മുന്നിൽ നിർത്തിയും- രഥചക്രം ചെളിയിൽ പൂണ്ടപ്പോൾ ആസ്ത്രമെയ്തും, കൗരവരെ അധാർമ്മികമായി വധിച്ച യുധിഷ്ഠിരനെങ്ങിനെ ധർമ്മപുത്രരെന്നു പേരിട്ടു എന്നും, പുരാണങ്ങളെല്ലാം ശാസ്ത്രബോധവും വൈരാഗ്യ (detachment) വും ഉണ്ടാക്കാനാണെന്നും, പുരാണം എല്ലാ



Scanned with CamScanner

യിപ്പോഴും സാധുവല്ലെന്നും, ബ്രാഹ്മണർക്ക് സദ്യയും ദാനവും കൊടുക്കുന്നതിനേക്കാൾ പട്ടിക്ക് ഭക്ഷണം കൊടുക്കുന്നതാണുത്തമമെന്നും ഉറക്കെ വിളിച്ചു പറഞ്ഞത് ഈ നാട്ടിൽ മാത്രമായിരുന്നു അതും സഹസ്രാബ്ദങ്ങൾക്കു മുമ്പു മുതൽക്ക്!. അവനവന്റെ കാര്യം നേടാനും, അധികാരത്തിനു വേണ്ടിയും, വഴിപാടും പ്രാർത്ഥനയും നടത്താത്തവർ സഹസ്രാബ്ദങ്ങളായി ജീവിച്ച പാരമ്പര്യമുള്ള ഒരു നാടാണിതെന്ന് ഇന്നത്തെ യുക്തിവാദിയും, പുരോഗമനവാദിയും, ശാസ്ത്രവാദിയും ഒന്ന് പഠിച്ച് ചിന്തിച്ചിരുന്നെങ്കിൽ നന്നായിരുന്നു! ........ ഈശ്വരാ!

ഈ രാഷ്ട്രം ഇന്നത്തെ രീതിയിലുള്ള യുക്തിവാദം സ്വീകരിക്കില്ല. കാരണം അതിൽ യുക്തിയും ശാസ്ത്രവും പുരോഗമനവുമില്ലെന്ന് യുക്തിവാദിക്കു തന്നെ അറിയാമെന്നതുകൊണ്ടു തന്നെയാണിങ്ങനെ എഴുതിയത്. ആചാരവും വിചാരവും വിശ്വാസവും സങ്കൽപവും യുക്തിക്കു നിരക്കുന്ന വിധത്തിൽ വിവരിച്ചു കൊടുക്കണം. യുക്തിക്കു നിരക്കാത്തതാണെങ്കിൽ അതും വിവരിച്ചുകൊടുക്കണം. റോഡു മുഴുവനും രക്തസാക്ഷിയുടെ വിഗ്രഹം വെച്ച് വിഗ്രഹാരാധന പാടില്ലെന്ന് പറയുന്നതും, അമ്പല കമ്മിറ്റിയും, ദേവസ്വം ബോർഡിലും അംഗങ്ങളായും മന്ത്രിയായുമിരുന്നു ഈശ്വരവിശ്വാസം, പാടില്ലെന്നുത്ഘോഷിക്കുന്നതും, അനുയായികളെ കൂടെക്കൊണ്ടു നടക്കാൻ പുരോഗമനം പറയുന്നതും, ജാതിപ്പേരും വെച്ച് ജാതിസംഘടനയിലെ ഡയറക്ടർ ബോർഡിലുമിരുന്നു ജാതിക്കെതിരെ പ്രവർത്തിക്കുന്നതും, നിസ്സഹായരായ ബസ്- ട്രെയിൻ യാത്രക്കാരെ റോഡിൽ തടഞ്ഞ്, അങ്ങ് ഡൽഹിയിലിരിക്കുന്നവരെ പ്രതിഷേധമറിയിക്കുന്നതും, മനുഷ്യനെ പച്ചക്കറുത്തുകൊന്ന് മാനുഷീകമൂല്യം പറയുന്നതും, മറ്റൊരു സംഘടനയേയും വളരാനനുവദിക്കാതെ ജനാധിപത്യം പ്രസംഗിക്കുന്നതും, ഈ രാജ്യത്തിലെ ചോറു തിന്ന് മറ്റൊരു രാജ്യത്തിനുവേണ്ടി വാദിക്കുന്നതും, .................. ചെയ്യുന്നവരുടെ യുക്തിവാദവും, ശാസ്ത്രവീക്ഷണവും, പുരോഗമനവാദവും തന്നെ യുക്തിക്കു നിരക്കാത്ത ' ആടിനെ പട്ടിയാക്കുന്ന ' ദുർമന്ത്രവാദമല്ലേ?



Scanned with CamScanner

## സനാതന ധർമ്മം പഠിച്ച് പഠിപ്പിക്കാനൊരു സിലബസും മാർഗരേഖയും

ഭാരതീയ ആചാരങ്ങളുടെ വിശകലനം : അനാചാരങ്ങൾ, ദുരാചാരങ്ങൾ, സദാചാരങ്ങൾ

**1. ആചാരങ്ങളുടെ സമാഹാരമാണ് സനാതന ധർമ്മം:**

ആചാരങ്ങൾ ഉൾക്കൊള്ളുന്ന പുരാണങ്ങൾ, ധർമ്മ- ഗൃഹ്യശാസ്ത്രങ്ങൾ, ഇതിഹാസങ്ങൾ എന്നിവയും ആശയങ്ങളും എങ്ങനെ വിലയിരുത്തണം, സ്വീകരിക്കണം. ആചാരങ്ങളുടെ (ഭൗതീക- ശാസ്ത്രീയ) പ്രയോജന മെന്തെല്ലാം.

**2. അനാചാരങ്ങൾ :**

അനാവശ്യമായ ആചാരങ്ങൾ, ജനനമരണങ്ങളുമായി ബന്ധപ്പെട്ടവ, ജ്യോതിഷം, വാസ്തു, ജാതകപ്പൊരുത്തം, ജാതകം എന്നിവയുമായി ബന്ധപ്പെട്ടത്, ചരടുകെട്ടുക, വലംപിരിശംഖ്, ധനാകർഷണ യന്ത്രം ഇവയിൽ അന്ധമായി വിശ്വസിക്കുക.

**3. ദുരാചാരങ്ങൾ :**

നമ്മുടെ ജീവിതത്തിൽ കുടുംബത്തിലും, ക്ഷേത്രത്തിലും സമൂഹത്തിലും ഉള്ള ദുരാചാരങ്ങൾ, ദുർവ്യാഖ്യാന ത്തിലൂടെയുണ്ടാകുന്ന ദുരാചാരങ്ങൾ.

**4. സദാചാരങ്ങളുടെ ലക്ഷ്യം :**

മനസ്, ശരീരം, കുടുംബം, സംസ്കാരം, സമൂഹം, രാഷ്ട്രം, ഇവക്കും ഇവയുമായി ബന്ധപ്പെട്ടുമുണ്ടാകുന്ന സ്ഥിരവും ശാശ്വതവുമായ നന്മയാണ് സദാചാര ലക്ഷ്യം.

**5. അനാചാരങ്ങളെയും ദുരാചാരങ്ങളെയും സദാചാരമാക്കുന്നതിന്നു ദാഹരണങ്ങൾ :**

ദേശവും, കാലവും, പ്രായവും, വിദ്യാഭ്യാസയോഗ്യതയും നോക്കി ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും നിരക്കുന്ന വിധത്തിൽ വിവരിച്ചു കൊടുത്തു വേണം ദുരാചാരങ്ങളിൽ / അനാചാരങ്ങളിൽ ചിലതിനെ സദാചാരമാ ക്കേണ്ടത്. എല്ലാ അനാചാരങ്ങൾക്കും ഇതു ബാധകമല്ല.

**6. മനസ്സിന് നന്മ വരുത്തുന്ന ആചാരങ്ങൾ :**

അനുഗ്രഹിക്കുക, അഭിനന്ദിക്കുക, ആശ്വസിപ്പിക്കുക, കഥകൾ, അനുഭവ ങ്ങൾ, ഉപദേശങ്ങൾ -ജീവിതസത്യങ്ങൾ കേൾപ്പിക്കുക. പുരാണങ്ങൾ ഇതിഹാസങ്ങൾ- വേദങ്ങൾ- ഉപനിഷത്തുകൾ- കീർത്തനങ്ങൾ -പ്രാർ ത്ഥനകൾ - പഠിച്ചുപയോഗിക്കുക. മനസ്സിനെ തിന്മയിൽ നിന്ന് നന്മയി

ലേക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും അശാന്തിയിൽ നിന്ന് ശാന്തിയിലേക്കും നയിക്കുന്നതെല്ലാം മനസ്സിന് നന്മ വരുത്തുന്ന സദാചാരങ്ങളാണ്.

**7. ശരീരത്തിന് നന്മ വരുത്തുന്ന ആചാരങ്ങൾ :**

പ്രഭാതത്തിലുണർന്ന് പ്രഭാതകൃത്യങ്ങൾ, പ്രാർത്ഥന, സൂര്യനമസ്കാരം, യോഗാസന, ജലപാനവ്രതം, വ്രതാനുഷ്ഠാനം, ആഹാരക്രമം, ഭക്ഷ്യവിഭവങ്ങളിലെ സൂക്ഷ്മത, പൈതൃകകലകൾ, കളികൾ, കൃഷി, ക്ഷേത്രദർശനം, ക്ഷേത്രത്തിലെ ഊർജ്ജ സ്വീകരണം എന്നിവയെല്ലാം ശരീരത്തിനുതകുന്ന സദാചാരങ്ങളാണ്

**8. കുടുംബബന്ധങ്ങൾ ദൃഢമാക്കുന്ന ആചാരങ്ങൾ :**

ഷോഡശകർമ്മങ്ങൾ, മാതൃ-പിതൃ ധർമ്മം അനുഷ്ഠിക്കുക, മക്കളെ അനുഗ്രഹിക്കുക, അഭിനന്ദിക്കുക, അവർക്കു നന്മവരുത്താനുള്ളതെല്ലാം അനുഷ്ഠിക്കുക. കുടുംബക്ഷേത്രാനുഷ്ഠാനങ്ങൾ കുടുംബ ആഘോഷങ്ങൾ, കഥകൾ, ഉപദേശങ്ങൾ-ജീവിത യാഥാർത്ഥ്യങ്ങൾ പറഞ്ഞു കൊടുക്കുക. കുടുംബാംഗങ്ങൾ ഒരുമിച്ച് സമയം ചിലവഴിക്കുക. പുരാണങ്ങളിലും ഇതിഹാസങ്ങളിലും വിവരിക്കുന്ന കുടുംബബന്ധ വിവരണം.

**9. സാംസ്കാരിക മൂല്യവർദ്ധനയ്ക്കുതകുന്ന ആചാരങ്ങൾ :**

കലോപാസന, പൈതൃക ഗ്രന്ഥ പഠനം, സമൂഹബന്ധം ദൃഢമാക്കുന്നതിലൂടെ നേടുന്ന സദാചാരഫലങ്ങൾ, ഗൃഹകർമ്മങ്ങൾ, അനുഷ്ഠാനങ്ങൾ, പൈതൃക സന്ദേശപഠനം, പൈതൃക മൂല്യങ്ങളുടെ ആവിഷ്കരണം, ഇവയുടെ ആധാരമായി വർത്തിക്കുന്ന ആചാരങ്ങൾ സാംസ്കാരിക സമ്പന്നതക്കുതകുന്നതാണ്. നമ്മുടെ പുരാണങ്ങൾ, ഇതിഹാസങ്ങൾ, വേദങ്ങൾ, ഉപനിഷത്തുക്കൾ, ആയുർവേദ - ഗാന്ധർവ വേദഗ്രന്ഥങ്ങളിൽ ഇതുണ്ട്.

**10. സമൂഹബന്ധം ദൃഢമാക്കാനുള്ള ആചാരങ്ങൾ :**

ക്ഷേത്ര ആചാരങ്ങൾ, ദേശീയ ഉത്സവങ്ങൾ, ഓണം, നവരാത്രി, കൃഷ്ണാഷ്ടമി, തീർത്ഥാടനം, വിവാഹ- ഗൃഹപ്രവേശ-കുടുംബാഘോഷങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട സദാചാരങ്ങൾ. വ്യക്തികൾക്കും കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും ഒത്തുചേരാനവസരം ലഭിക്കുന്ന എല്ലാ ആചാര ങ്ങളും ഇതിൽ ഉൾപ്പെടുന്നു. ആഘോഷങ്ങളും, ക്ഷേത്രകലകളും എല്ലാം ഈ വിഭാഗത്തിൽ പെടുന്നു. ഭാരതത്തിലെ പ്രായോഗിക ആത്മീയതയിലെല്ലാം സമൂഹബന്ധം കൂടിക്കലരുന്നു.



Scanned with CamScanner

**11. രാഷ്ട്രത്തിന്റെ ഐക്യത്തിനായുള്ള ആചാരങ്ങൾ :**

വൈവിധ്യമാർന്ന ഭാരത ജനതയെ കോർത്തിണക്കി ക്കൊണ്ടുപോകുന്ന ആചാരങ്ങൾ, മഹാക്ഷേത്ര ദർശനം, തീർത്ഥാടനം, ആഘോഷങ്ങൾ, പ്രാർത്ഥനകൾ രാമായണ-മഹാഭാരത-പുരാണങ്ങളിലൂടെ സാധ്യമാകുന്ന രാഷ്ട്ര ഉത്ഗ്രഥനം. ഭാരതീയ വീക്ഷണം സൃഷ്ടിക്കുന്ന എല്ലാ ആചാരങ്ങളും ഇതിൽപ്പെടുന്നു.

**12. എല്ലാ ആചാരങ്ങളിലേയും ആത്മീയാംശം :**

പ്രകൃതി ശക്തി, ഈശ്വരൻ, മോക്ഷം, ക്ഷേത്രദർശം, ആത്മാവ്-പരമാത്മാവ്-ആചാര്യ-ഗുരു-മാതൃ- ഋഷി -അവതാര ബന്ധങ്ങൾ. എല്ലാ ആചാരങ്ങളിലും ആത്മീയതയുടെ ഗന്ധം നിറഞ്ഞുനിൽക്കുന്നു. ആത്മീയത ആചാരാനുഷ്ടാനങ്ങളോടുള്ള വീക്ഷണ വും ദൃഢതയും വർദ്ധിപ്പിക്കുന്നു.

13. എല്ലാ ആചാരാനുഷ്ഠാനങ്ങളും ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും ഉതകുന്ന വിധത്തിൽ പഠിച്ച്, പഠിപ്പിച്ച്, പ്രചരിപ്പിച്ച്, അതിനായി പ്രവർത്തിച്ച്, ആവശ്യത്തിന് പ്രതികരിക്കുകയും ചെയ്യുക. നമ്മുടെ ധർമ്മം പ്രചരിപ്പിക്കേണ്ടതായ ഉത്തരവാദിത്വം നമ്മളിൽ നിക്ഷിപ്തമാണെന്നറിയുക.

**14. ക്ഷേത്രആചാരങ്ങളുടെ പരമ ലക്ഷ്യം :**

മനസ്-ശരീരം-കുടുംബം-സംസ്കാരം-സമൂഹം- രാഷ്ട്രം- മാനവരാശിയുടെ ശാസ്ത്രവും ആത്മീയതയും സമന്വയിപ്പിച്ചുകൊണ്ടുള്ള സ്ഥിരവും ശാശ്വതവു മായ സമഗ്രനന്മയിലധിഷ്ഠിതമായ ക്ഷേത്രാചാരങ്ങൾ വിലയിരുത്തി പഠിക്കണം.

(1) ക്ഷേത്രവുമായി ബന്ധപ്പെട്ട നിർവ്വചനങ്ങൾ; ക്ഷേത്രം, വിഗ്രഹം, പ്രതിഷ്ഠ. ചൈതന്യം, മനുഷ്യ ശരീരം, അർച്ചകൻ.

(2) ക്ഷേത്രദർശനത്തിലെ ശരീര-മന -വാക്- ആഹാര -കർമ്മം ചേരുന്ന പഞ്ചശുദ്ധി

(3) ക്ഷേത്രത്തിലെ അഗ്നിഹോമത്തിലൂടെ നടത്തുന്ന വൈദിക- വിഗ്രഹപൂജയിലൂടെ നടക്കുന്ന പൗരാണിക ആരാധനകൾ.

(4) ക്ഷേത്രവഴിപാടുകളുടെ അടിസ്ഥാനമായ ദേവ-പിതൃ-ഭൂത-ഋഷി-മനുഷ്യ പഞ്ച മഹായജ്ഞം

(5) ക്ഷേത്രദർശനരീതിയും ആചാരവും - ദർശനസമയം, വന്ദനരീതി-പ്രദക്ഷിണം - പ്രസാദം...

(6) ക്ഷേത്രവും പഞ്ചജ്ഞാനേന്ദ്രിയ കർമ്മബന്ധം- പ്രകാശ-ശബ്ദ-രാസ



Scanned with CamScanner

- താപ ഊർജ്ജ സ്രോതസ്സുകൾ ചെവി കണ്ണ് മൂക്ക് നാക്ക് ത്വക്ക് ഇവയെ ചൈതന്യവത്താക്കുന്നു.

(7) ക്ഷേത്രത്തിലെ അഷ്ടകർമ്മങ്ങൾ (ശ്രവണം- ദർശനം- കീർത്തനം- സ്മരണം- വന്ദനം- അർച്ചന- സമർപ്പണം- സേവനം)

(8) ക്ഷേത്രത്തിലെ അനാചാരങ്ങളും ദുരാചാരങ്ങളും : വെടിക്കെട്ട്, ആന, വിഭവസമൃദ്ധമായ സദ്യ, സ്വർണ്ണ കൊടിമരം ഇതൊക്കെ വേണോ?

## ക്ഷേത്രാചാരങ്ങളുടെ സന്ദേശം

**1. ക്ഷേത്രം എന്നാൽ :**

ഭഗവത്ഗീതയിൽ വിവരിക്കുന്നു; ജീവാത്മാവ് കുടികൊള്ളുന്ന നമ്മുടെ ശരീരവും പരമാത്മാവ് കുടികൊള്ളുന്ന ആലയവും ക്ഷേത്രമാണെന്ന് പ്രപഞ്ചത്തിന്റെയും യാഗയജ്ഞശാലയുടേയും ഒരു പ്രതീകമാണ് ക്ഷേത്രം.

**2. ക്ഷേത്രദർശനം :**

ചൈതന്യം കുറഞ്ഞ ക്ഷേത്രമായ ശരീരം ചൈതന്യം കൂടിയ ക്ഷേത്രത്തിലേക്കു പോകുന്നതാണ് ക്ഷേത്ര ദർശനം, അത് energisation കഴിവതും കാൽനടയായി ചെന്ന് അടുത്തുള്ള ക്ഷേത്രത്തിൽ ദർശനം നടത്തുന്നത് ഉത്തമം.

**3. ക്ഷേത്രദർശന ലക്ഷ്യം :**

മനസ്സിനേയും, ശരീരത്തേയും, കുടുംബത്തേയും, സംസ്കാരത്തേയും, സമൂഹത്തേയും, രാഷ്ട്രത്തേയും ക്ഷയത്തിൽ (തകർച്ച /തളർച്ച) നിന്ന് ഉയർത്തുന്നതിനാണ് ക്ഷേത്രദർശനം. സമഗ്രവികസനത്തിനും ചൈതന്യത്തിനും ക്ഷേത്രം ഒരു ഗ്രാമതലസ്ഥാനം പോലെ നിലനിൽക്കുന്നു.

**4. പഞ്ചശുദ്ധി :**

ക്ഷേത്രദർശനത്തിന് ഏറ്റവും ശ്രേഷ്ഠമായ ആചാരമാണ്; ശരീരശുദ്ധി, മനശുദ്ധി, ആഹാരശുദ്ധി, വാക്ശുദ്ധി, കർമ്മശുദ്ധി. പഞ്ചശുദ്ധിയനുഷ്ഠിക്കുന്നവർക്കെല്ലാം ക്ഷേത്ര ദർശനം നടത്താം. കഴിവതും ഇളം നിറമുള്ള വസ്ത്രങ്ങളാണുത്തമം. ക്ഷേത്രദർശനത്തിന് ജാതി യോ, മതമോ, കുലമോ ഒന്നും തടസ്സമല്ല.

**5. ക്ഷേത്ര പ്രതിഷ്ഠ :**

കരിങ്കല്ല്, ചെങ്കല്ല്. മാർബിൾ, തടി, ലോഹം, ചിത്രം വിളക്ക്, മനോരൂപം എന്നിവയാണ് പ്രതിഷ്ഠയ്ക്കുപയോഗിക്കുന്നത്. ഇത് പൗരാണിക ആചാര



Scanned with CamScanner

പ്രകാരമുള്ളതാണ്. വൈദിക ആരാധനയാകട്ടെ അഗ്നിയിലർപ്പി ച്ചുള്ളതുമാണ്. പ്രതിഷ്ഠയ്ക്ക് അതിവിപുലമായ രീതിയും വീക്ഷണവും ഉണ്ട്.

**6. ക്ഷേത്ര ദർശനം :**

ഏകദേശം 20 സെക്കന്റ് തൊഴുക, 5 സെക്കന്റ് കണ്ണുതുറന്ന് രൂപം അകത്തെടുക്കാനും 15 സെക്കന്റ് ധ്യാനിക്കാനും. ദർശനം കഴിഞ്ഞ് സാവധാനത്തിൽ കൈവീശാതെ നടന്ന് 3 പ്രദക്ഷിണം വയ്ക്കണം. ശിവ ക്ഷേത്രത്തിൽ സോമരേഖ മുറിച്ചു കടക്കാതെ പ്രദക്ഷിണം വയ്ക്കണം. (ക്ഷേത്രത്തിനു പുറത്തു പോകും മുമ്പ് പ്രസാദം സ്വീകരിച്ചതിന് ശേഷം) ക്ഷേത്രത്തിനു പുറ ത്ത് ഒരു പ്രദക്ഷിണം. പ്രഭാതത്തിൽ ആൽമരത്തിന് 7 പ്രദക്ഷിണം വയ്ക്കുന്നത് ശാസ്ത്രീയമായി നല്ലതാണ്.

**7. ക്ഷേത്രദർശന ചൈതന്യം :**

ക്ഷേത്രവിഗ്രഹം+ പ്രദാമണ്ഡപം+പുഷ്പങ്ങൾ+ അഗ്നിനാളം കണ്ണിന് പകാശ ചൈതന്യം പകരുന്നു. മണി+മന്ത്രം+വാദ്യം+ശംഖ് കാതിന് ശ്രവണഫലം തരുന്നു മ്യൂസിക് തെറാപ്പി പോലെ. അഷ്ടഗന്ധം, പുഷ്പം, പനിനീർ, ചന്ദനത്തിരി, ഗന്ധം മൂക്കിന് അരോമതെറാപ്പിപോലെ നന്മതരുന്നു. മധുരം, പഴം, അപ്പം, പായസം, തീർത്ഥം നാക്കിന് ഊർജ്ജം വേഗത്തിൽ ലഭിക്കുന്നു. കളഭം, ചന്ദനം, കുങ്കുമം, ഭസ്മം ത്വക്കിന് നല്ല ഫലം തരുന്നു. അങ്ങിനെ പഞ്ചജ്ഞാ നേന്ദ്രിയങ്ങൾക്കുള്ള ഉത്തേജനം.

**8. ക്ഷേത്ര വഴിപാടുകൾ :**

ഏതൊരു ക്ഷേത്രവും വളരാനും, സമൂഹത്തിന്റെ ഉന്നതിക്കായി നിരന്തരം ആത്മീയ സാമൂഹിക പദ്ധതികൾ ഏറ്റെടുക്കാനുമുള്ള സമർപ്പണമാണ് വഴിപാടുകൾ. ദ്രവ്യമായും പണമായും നൽകുന്നതാണ് ലക്ഷ്യവും മാർഗം. പഞ്ചമഹായജ്ഞ നിർവഹണത്തിനാണ് വഴിപാടുകൾ അത് ഗൃഹത്തിലനുഷ്ഠി ച്ചിരുന്നതായിരുന്നു. ഇന്നത് ക്ഷേത്രത്തിലേക്കു മാറുന്നു, മാറണം.

**9. പഞ്ചമഹായജ്ഞം :**

അനാദികാലം മുതൽക്ക് ഭാരതീയർ സ്വഗൃഹങ്ങളിൽ നടത്തിയിരുന്നതാണ് പഞ്ച മഹായജ്ഞം. ഈശ്വരാരാധനയായ ദേവയജ്ഞം; പിതൃക്കളുടെ അരാധന യായ പിതൃയജ്ഞം. ജീവജാലങ്ങളുടെ ആരാധനയായ ഭൂതയജ്ഞം; ഋഷിവര്യന്മാരുടെ സ്മരണയും തർപ്പണവുമായ ഋഷിയജ്ഞം; സഹജീവി യായ മുഷ്യരിൽ വേദനിക്കുന്നവനും വിശക്കുന്നവനും അനാഥനും വൃദ്ധനും



Scanned with CamScanner

രോഗികൾക്കും നൽകുന്ന മനുഷ്യയജ്ഞം. ഇത് ഗൃഹങ്ങളിൽ നടത്താനാകാത്തവർക്ക് ക്ഷേത്രത്തിലെ പഞ്ചമഹായ ജ്ഞത്തിൽ പങ്കെടുക്കുന്നതാണ് വഴിപാടുകൾ. മീനൂട്ട്, കോലംഇടൽ, മൃഗങ്ങൾക്കു ഭക്ഷണം, കാക്കയ്ക്ക് ചോറ്, വഴിപോക്കന് ഭക്ഷണം, ജലം, നരസേവ, അന്നദാനം ഇവയെല്ലാം പഞ്ചമഹായജ്ഞത്തന്റെ ഭാഗമാണ്.

**10. മനസ്സിനെ തളർച്ചയിൽ നിന്ന് വളർച്ചയിലേക്ക്:**

മനസ്സിലെ ഭയം, ദുഃഖം, അപകർഷത, നിസ്സഹായാവസ്ഥ എന്നിവയ്ക്കായി ശാസ്ത്രീയമായ ക്ഷേത്രപ്രാർത്ഥന മനസ്സിനെ ശക്തമാക്കുന്നു. കൂടാതെ ക്ഷേത്രത്തിലെ പൂരാണ ഇതിഹാസ, കലാ സാംസ്കാരിക, പരിപാടികളും ഒത്തുചേരലും ഇതിനു സഹായിക്കുന്നു. പരാജയ ബോധത്തെ ഇല്ലാതാക്കാൻ ഏറെ സഹായിക്കുന്നു ക്ഷേത്ര ദർശനം.

**11. അനാരോഗ്യത്തിൽ നിന്ന് ആരോഗ്യത്തിലേക്ക് :**

നടന്നുള്ള യാത്ര, ക്ഷേത്രപ്രദക്ഷിണം, നമസ്കാരം, ആൽമരപ്രദക്ഷിണം, പഞ്ചജ്ഞാനേന്ദ്രിയങ്ങളെ ചൈതന്യ വത്താക്കൽ, മാനസിക വളർച്ച, ഇത് ശരീരത്തെ ഉത്തേജി പ്പിക്കുന്നു. ക്ഷേത്രത്തിലെ പ്രകാശ- ശബ്ദ- രാസ താപ ഊർജ്ജം ശരീരത്തിന് ചെതന്യവും പകരുന്നു.

**12. ഛിദ്രമാകുന്ന കുടുംബബന്ധം ഭദ്രമാക്കൽ :**

കുടുംബക്ഷേത്രസങ്കൽപം, കുടുംബങ്ങളുടെ ഒത്തു ചേരൽ, ഒരുമിച്ചുള്ള ദർശനം, തീർത്ഥയാത്ര, ക്ഷേത്ര കലകൾ, വാദ്യങ്ങൾ, ചടങ്ങുകൾ, അനിഷ്ഠാനങ്ങൾ എന്നിവയ്ക്കായി കുടുംബാംഗങ്ങളുടെ ഒത്തുചേരൽ. കുടുംബ ക്ഷേത്ര സങ്കല്പം അതിമഹത്തായ ഒത്തു ചേരലിന് വഴിയൊരുക്കുന്നു.

**13. സാംസ്കാരിക മൂല്യത്തിനായി ക്ഷേത്രങ്ങൾ :**

ക്ഷേത്ര കലകൾ, വാദ്യങ്ങൾ, ആഘോഷങ്ങൾ, ക്ഷേത്ര കായിക പരിപാടികൾ, പൈതൃക ഗ്രന്ഥ പഠന പാരായണം, തെയ്യം, എന്നിപ്രകാരം ക്ഷേത്രങ്ങൾ തന്നെ ഗ്രാമ ജനതയെ ഒരുമിപ്പിക്കുന്നു. ക്ഷേത്രം മൂല്യാധിഷ്ഠിത ജീവിതത്തിന്റെ ആത്മീയ - ഭൗതീക കേന്ദ്രങ്ങളായി നിലനിൽക്കുന്നു.

**14. സാമൂഹിക ഐക്യകേന്ദ്രമാണ് ക്ഷേത്രം :**

ജാതിയും, മതവും, വർഗ്ഗ - വർണ്ണ - ഭാഷാ - വ്യത്യാസവു മില്ലാതെ സാമൂഹിക ഐക്യത്തിന്, ക്ഷേത്രാഘോഷങ്ങൾ, ചടങ്ങുകൾ, പ്രതിഷ്ഠാ - ഉത്സവദിനങ്ങൾ സഹായിക്കുന്നു.



Scanned with CamScanner

15. രാഷ്ട്രത്തിന്റെ ഐക്യത്തിനുള്ള കേന്ദ്രം :

ശബരിമല, പഴനി, തുരുപ്പതി, വാരണാസി, ഋഷികേശം, ബദ്രീനാഥ്, പത്മനാഭ സ്വാമിക്ഷേത്രം എന്നീ നിലവാര മുള്ള നൂറുകണക്കിന് ക്ഷേത്രങ്ങൾ ഭാരതീയരെ ഒരുമിപ്പി ക്കുന്നു. ജീതി - മത - ജന - ഭാഷാ - വർഗ - വർണ്ണവ്യത്യാസങ്ങളില്ലാതെ ജനങ്ങളെ മാനസികമായും ആത്മീയമായും സമന്വയിപ്പിക്കുന്നു.

16. ക്ഷേത്രത്തിന്റെ സമന്വയം :

ശ്രവണം, ദർശനം, കീർത്തനം, സ്മരണം, വന്ദനം, അർച്ചന, സമർപ്പണം, സേവനം, ഈ എട്ടു കർമ്മങ്ങ ളാണ് ക്ഷേത്രത്തിലെ പ്രധാന കർമ്മമാർഗങ്ങൾ ഇതിലൂടെയാണ് മേൽ വിവരിച്ചതെല്ലാം സാധ്യമാകുന്നത്.

17. ക്ഷേത്രനിർമ്മാണത്തിൽ പങ്കാളിയാകുക :

ക്ഷേത്ര ത്തിൽ പൈതൃക കലകൾ, വാദ്ധ്യങ്ങൾ, ഗ്രന്ഥങ്ങൾ, പഠിപ്പിക്കുക, ഒരുമിച്ച് ചേർന്നുള്ള അർച്ച നകൾ, മെഡിക്കൽ ക്യാമ്പുകൾ, പഠനസഹായ വിതരണങ്ങൾ നടത്തുക. വിദ്യാലയങ്ങൾ അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ, ആശുപത്രികൾ എന്നിവയും ക്ഷേത്രങ്ങളുടെ ഭാഗമായുണ്ടാകണം.

18. ആഡംബരപൂർണ്ണമായവ ഒഴിവാക്കണം സ്വർണ്ണ കൊടിമരം, വിഭവസമൃദ്ധമായ സദ്യ, വെടിക്കെട്ട്, ആനയെഴു ന്നള്ളിപ്പ് എന്നിവയ്ക്ക് അമിത പ്രാധാന്യം കൊടുക്കുന്നത് പൈതൃക സംഭാവനയല്ല ക്ഷേത്രാനുഷ്ഠാന ഭാഗവുമല്ല.

19. ധന്യമായ ജീവിതത്തിന് ക്ഷയത്തിൽ നിന്ന് അക്ഷയത്തിലേക്ക് , തിന്മയിൽ നിന്ന് നന്മയിലേക്ക്, ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, അശാന്തിയിൽ നിന്ന് ശാന്തിയിലേക്കുള്ള ആത്മീയ - ഭൗതിക കേന്ദ്രമാകട്ടെ ക്ഷേത്രങ്ങൾ.

******



Scanned with CamScanner

## IISH Communication Systems, Trivandrum 695 018

- For heritage products portal www.heritageproducts.in
- For IISH information and membership www.iish.org
- For daily uploaded Indian news www.dharmanews.in
- For 24 hrs English speeches www.dharmamessages.in
- For 24 hrs Malayalam speeches www.dharmaradio.in
- For queries / communication iishservice1@gmail.com
- For organising IISH lecture programs Ph. 09388203010
- For general IISH related information Ph. 09446361149
- For speeches in you tube → Dr. N. Gopalakrishnan
- Facebook speeches and news → Dr.N. Gopalakrishnan
- IISH CDs, VCDs, Pen drives & publications 0471-2490149
- Sevanam samarpanam program for poor 0471-2490149
- Astrological guidance Sri. Prabhakaran Nair 9446833600
- Spiritual/ temple Ritual guidance Sri. Murthy 9446361149
- Counselling / guidance Sri Somasundaram 9446670392

**Indian Institute of Scientific Heritage**

==========================================================

## IISH Establishments, Mazhuvanchery, Trissur 680 501

- National Heritage Center (NHC) For heritage acticities
- Bharatheeya Vidya Vihar (ISO 9001) CBSE School (BVV)
- Academy for Heritage Research and Studies (AHRS)
- Aryabhatta Heritage (reference books ) Library
- Aryabhatta Modern (reference books) Library
- Dr. C. V. Raman High Tech (reference books) Library
- Bhaskara Computer Centre for computer training
- Heritage Tailoring and Embroidery Centre for women
- Pre primary Teachers Training Centre for Women
- Heritage guest house (members) and annakshetra
- Heritage Museum (materials ) and displays
- Prasanthi Mandapam for public / family programs
- Heritage Publication Centre for publishing the books
- Heritage Books Centre for knowledge dissemination
- Mazhuvanchery Mahadeva Temple (spiritual centre)

**Contact email nhcmazhuvanchery@gmail.com**

**Contact Ph. 9446361149 /0488 240236**

Scanned with CamScanner

## ഈ പുസ്തകത്തിലുള്ള ലേഖനങ്ങൾ

1. ആര്യനധിനിവേശ സിദ്ധാന്തം
2. ബുദ്ധിജീവികളുടെ ലക്ഷണങ്ങളും സ്വഭാവങ്ങളും
3. ജ്യോതിഷം - അന്ധവിശ്വാസം - ദുരാചാരം...
4. യുക്തിചിന്തയും, യുക്തിവാദിയും, യുക്തിരാഹിത്യവും

**ഇന്നുവരെ നിങ്ങൾ വായിച്ചിരിക്കാനോ ചിന്തിച്ചിരിക്കാനോ പഠിച്ചിരിക്കാനോ സാദ്ധ്യതയില്ലാത്ത നിങ്ങളറിഞ്ഞിരിക്കേണ്ടതായ വിഷയങ്ങൾ. നിങ്ങളുടെ, ഇന്നുവരെയുള്ള ധാരണകളെ മാറ്റിമറിക്കുന്ന വിവരണങ്ങൾ**

Scanned with CamScanner